**ജനപഥം**
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം
ആഗസ്റ്റ് 2014
പുസ്തകം 3 ലക്കം 6
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേഷ്കുമാർ**
അഡീഷണൽ ഡയറക്ടർ

*ഡെപ്യൂട്ടി ചീഫ് എഡിറ്റർ*
**എസ്. സുധീർ**
*ഡെപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്ലേറ്റർ
**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ
**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ
**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്
**കെ. ബിജു**

പ്രതിനിധികൾ:

- **എസ്.ആർ. പ്രവീൺ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ. സുരേഷ്കുമാർ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ.ടി. ശേഖരൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.

**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471- 2517036

## മുഖക്കുറിപ്പ്

# ആരോഗ്യവികസന മാതൃക പുതിയ തലങ്ങളിലേക്ക്

ആഗോളതലത്തിൽത്തന്നെ കേൾവി കേട്ടതാണ് കേരളം കൈവരിച്ച ആരോഗ്യരംഗത്തെ നേട്ടങ്ങൾ. വികസിത രാജ്യങ്ങളോട്, പ്രത്യേകിച്ചും സാമൂഹിക, മാനവിക വികസന സൂചികകളിൽ മുന്നിൽ നിൽക്കുന്ന നോർവെ, സ്വീഡൻ തുടങ്ങിയ രാജ്യങ്ങളോട് കിടപിടിക്കുന്നതാണ് ആരോഗ്യരംഗത്ത് കേരളത്തിന്റെ നിലയെന്ന് കണക്കുകളുടെ അടിസ്ഥാനത്തിൽ അന്തർദേശീയ പ്രശസ്തരായ പല വിദഗ്ധരും നിരീക്ഷിച്ചിട്ടുണ്ട്. ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക്, ആരോഗ്യസുരക്ഷയെക്കുറിച്ചുള്ള മികച്ച അവബോധം, പ്രാഥമിക തലം മുതൽ സർക്കാർ തലത്തിൽത്തന്നെ ലഭിക്കുന്ന സൗജന്യ ചികിത്സ, വിവിധ ചികിത്സാരീതികളുടെ ലഭ്യത എന്നിവയൊക്കെ ഈ മുന്നേറ്റത്തിന് കാരണമാണ്. മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളും ഈ മാതൃകയെ താത്പര്യത്തോടെയാണ് വീക്ഷിക്കുന്നത്. എന്നാൽ ഈ ആരോഗ്യമാതൃകയെ കൂടുതൽ ഫലപ്രദമായി നിലനിർത്തണമെങ്കിൽ സമഗ്രമായ കാഴ്ചപ്പാട് കൂടിയേ കഴിയൂ. കേരള സർക്കാർ 2013-ൽ പുറത്തിറക്കിയ കരട് ആരോഗ്യനയം അത്തരം കാഴ്ചപ്പാടുകൾ മുന്നോട്ടുവെക്കുന്നുണ്ട്. ശുദ്ധജല ലഭ്യത, പോഷകാഹാര ലഭ്യത, ശുചിത്വം, പാരിസ്ഥിതിക തകർച്ച തടയൽ, ലിംഗസമത്വം, പൗരാവകാശം എന്നിവയ്ക്ക് മതിപ്പ് നൽകൽ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്ന ഒരു വികസന പദ്ധതിയുടെ ഭാഗമായി രൂപംകൊള്ളുന്ന പൊതുജനാരോഗ്യത്തെയാണ് അത് വിഭാവനം ചെയ്യുന്നത്. ഒരുവശത്ത് പുതിയ പകർച്ചവ്യാധികളും മറുവശത്ത് ജീവിതശൈലീരോഗങ്ങളും കേരളീയരുടെ ആരോഗ്യത്തിന് വെല്ലുവിളികളുയർത്തിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് നിലവിലുണ്ടായിരുന്ന ആരോഗ്യാസൂത്രണത്തിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന സമഗ്രമായ ആരോഗ്യനയത്തിന്റെയും സമഗ്രാരോഗ്യപദ്ധതിയുടെയും പ്രസക്തി. ആരോഗ്യേതര മേഖലകളിൽക്കൂടി ക്രിയാത്മകമായ ഇടപെടലുകൾ നടത്തി, ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ദീർഘകാല ആസൂത്രണത്തോടെയുള്ള ഈ സമഗ്രാരോഗ്യ പദ്ധതിയിലൂടെ സാധിക്കും.

കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഇന്നു നടന്നുവരുന്ന ദിശാബോധത്തോടെയുള്ള പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധപിടിച്ചുപറ്റിയിട്ടുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽനിന്ന് ഒമ്പതായി വർധിച്ചു. മഞ്ചേരിയിലും പാലക്കാട്ടും ഇടുക്കിയിലുമാണ് പുതിയ കോളേജുകൾ. മഞ്ചേരി മെഡിക്കൽ കോളേജിലൂടെ മുപ്പത് വർഷത്തിനുശേഷം ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്ന സ്വപ്നമാണ് ഈ സർക്കാർ യാഥാർഥ്യമാക്കിയത്. പുറമെ തിരുവനന്തപുരം, കോന്നി, കാസർകോഡ്, വയനാട്, ഹരിപ്പാട് എന്നിവിടങ്ങളിൽക്കൂടി പുതിയ കോളേജുകൾ ആരംഭിക്കുന്നതോടെ സാധാരണക്കാരായ വിദ്യാർഥികൾക്ക് വൈദ്യശാസ്ത്ര പഠനത്തിന് കൂടുതൽ സാധ്യതകൾ ലഭ്യമാകുന്നതാണ്.

**മിനി ആന്റണി**
ചീഫ് എഡിറ്റർ

# ജനപഥം

ആഗസ്റ്റ് 2014

## കവർ സ്റ്റോറി




10
**കാലത്തിനൊത്ത വികസന മുന്നേറ്റം**
വി.എസ്. ശിവകുമാർ
ആരോഗ്യ മന്ത്രി

15
**ആരോഗ്യാസൂത്രണത്തിലെ നവോത്ഥാനകാലം**
ഡോ. ആർ. സജിത് കുമാർ

18
**മെഡിക്കൽ വിദ്യാഭ്യാസ രംഗം ഉയരുന്ന സ്ത്രീശക്തി**
ഡോ. പ്രവീൺലാൽ കുറ്റിച്ചിറ

21
**ഡ്രഗ്സ് കൺട്രോൾ ബോർഡ് മരുന്നുകളുടെ ആശുപത്രി**
ഗോപു എൻ. ചന്ദ്രൻ

23
**കാൻസർ ഗവേഷണവും ആർ.സി.സി.യും**
ഡോ. പി. രമണി

26
**ശാസ്ത്രത്തിന്റെ വികസനഗാഥ**
എ. പ്രഭാകരൻ

36
**പുരുഷ മുദ്രകൾ ബാലാമണിയമ്മയുടെ കവിതകളിൽ**
ഡോ. എം. ഗംഗാദേവി

38
**സ്വാതന്ത്ര്യദിനത്തിലൂടെ ഒരു യാത്ര**

43
**അനുസ്മരണം**

**28**
**ഫോട്ടോ ഫീച്ചർ**




**30**
**സർക്കാർ സേവനങ്ങൾ അവകാശമാക്കിയ നിയമം**
ഡോ. ജയ എസ്. ആനന്ദ്/ചന്ദ്രബോസ് പി.വി.

**33**
**സാങ്കേതികതയുടെ പുതിയ ഭാവങ്ങൾ**
വിനു എ.



**40**
**കലയുടെ ഇതരലോകപൗരത്വം**
അഭയൻ വർഗീസ്



**48**
**കേരളത്തിന്റെ സാംസ്കാരിക ചിഹ്നം**
സയൻസൺ പുന്നശ്ശേരി

6 കേരള വാർത്തകൾ
44 ജാലകം
46 ജില്ലകളിലൂടെ
49 സർക്കാർ ഉത്തരവുകൾ
50 പദപാഠം
52 ഭരണഭാഷ
54 കാലത്തിനൊപ്പം



അഭിനന്ദനപ്പൂക്കൾ: ഇന്ത്യൻ ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സഞ്ജു വി. സാംസണെ തിരുവനന്തപുരം വലിയതുറയിലെ വീട്ടിലെത്തി മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും അഭിനന്ദിച്ചപ്പോൾ

## പൈതൃകസമ്പത്ത് സംരക്ഷിക്കുന്നതിന് സർവെ ആരംഭിക്കും: മന്ത്രി കെ. സി. ജോസഫ്

**പൈ**തൃക സമ്പത്ത് സംരക്ഷിക്കുന്നതിനായി പഞ്ചായത്തുകളിൽ സർവെ ആരംഭിക്കുമെന്ന് സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ആദ്യഘട്ടമെന്ന നിലയ്ക്ക് കേരളത്തിലെ 10 പഞ്ചായത്തുകളിലാണ് സർവെ നടത്തുക. തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ 2013 ലെ ഹെറിറ്റേജ് അവാർഡ് വിതരണം ചെയ്യുകയായിരുന്നു മന്ത്രി. അനു



സംസ്ഥാന ആർക്കൈവ്സ് ഹെറിറ്റേജ് ഉദ്ഘാടനവും അവാർഡ് വിതരണവും മന്ത്രി കെ.സി. ജോസഫ് നിർവഹിക്കുന്നു




മദ്യവിരുദ്ധ പ്രചാരണത്തിന്റെ ലോഗോ പ്രകാശനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു

# ലഹരി വിരുദ്ധ സന്ദേശവുമായി സർക്കാരിന്റെ നവമാധ്യമ പരിപാടി

**ഫെ**യ്സ്ബുക്, ട്വിറ്റർ, യൂട്യൂബ്, വാട്ട്സ്അപ്പ് എന്നീ സോഷ്യൽ മീഡിയകളിലൂടെ ലഹരി വിരുദ്ധ പ്രചരണം നടത്തുന്ന പുതിയ പദ്ധതിയ്ക്ക് എക്സൈസ് വകുപ്പ് രൂപം നൽകി. അഡിക്റ്റഡ് ടു ലൈഫ് (ജീവിതമാണ് ലഹരി) എന്നു പേരിട്ടിരിക്കുന്ന ഈ പരിപാടിയുടെ ലോഗോ പ്രകാശനം നിയമസഭയിലെ സ്പീക്കറുടെ ചേമ്പറിൽ നടന്നു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, സ്പീക്കർ ജി.കാർത്തികേയൻ, മന്ത്രിമാരായ കെ.എം.മാണി, കെ.ബാബു, പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ, എം.എൽ.എമാരായ സി.ദിവാകരൻ, മാത്യു ടി.തോമസ്, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്-ഫിഷറീസ് ഡയറക്ടർ മിനി ആന്റണി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. സംസ്ഥാനത്തെ 70 ശതമാനം സോഷ്യൽ മീഡിയ ഉപഭോക്താക്കളും പതിമൂന്നിനും മുപ്പത്തിനാലിനുമിടയിൽ പ്രായമുള്ളവരാണ്. ഇവർക്കിടയിലേക്ക് ലഹരിവിരുദ്ധ സന്ദേശം എത്തിക്കുകയാണ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

യോജ്യമായ സ്ഥലം കണ്ടെത്തിയാൽ തിരുവനന്തപുരത്ത് സ്വാതന്ത്ര്യസമര മ്യൂസിയം നിർമിക്കും. തലസ്ഥാനനഗരത്തിൽ സ്മാരകമില്ലെന്ന പൊതുവെയുള്ള അഭിപ്രായം കണക്കിലെടുത്താണ് വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസമര സ്മാരകത്തിന്റെ നിർമാണം ആരംഭിച്ചതെന്നും മന്ത്രി അഭിപ്രായപ്പെട്ടു. മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയായി. ഒരു കോടിയിലധികം വരുന്ന താളിയോല രേഖകളുടെ ഡിജിറ്റലൈസേഷൻ ഘട്ടം ഘട്ടമായി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു. ഹെറിറ്റേജ് ക്ലബ്ബുകളിലൂടെ ഓരോ മേഖലയിലെയും ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാനാണ് ശ്രമിക്കുന്നത്. കേരളത്തിലെ പത്മനാഭപുരം കൊട്ടാരവും, ഇടയ്ക്കൽ ഗുഹയും യുനെസ്കോയുടെ ലോകപൈതൃകപട്ടികയിലേക്കുള്ളപ്രാഥമിക വിവര പട്ടികയിൽ സ്ഥാനം നേടിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ കെ. മുരളീധരൻ എം.എൽ.എ. അധ്യക്ഷനായിരുന്നു. നഗരസഭാ കൗൺസിലർ ലീലാമ്മ ഐസക്, ആർക്കൈവ്സ് വകുപ്പ് ഡയറക്ടർ ജെ. രജികുമാർ, ആർക്കിയോളജി വകുപ്പ് ഡയറക്ടർ ജി. പ്രേം കുമാർ, കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. റെയ്മൺ, കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറി എം. പ്രദീപ് കുമാർ, ആർക്കൈവ്സ് ഡയറക്ടറേറ്റ് സൂപ്രണ്ട് ആർ. ജോസഫ് തുടങ്ങിയവർ സംബന്ധിച്ചു.

## യുവസംരംഭകത്വ സമ്മേളനം : പ്രചാരണത്തിന് തുടക്കം

**കൊ**ച്ചിയിൽ സെപ്റ്റംബർ 12-ന് സംഘടിപ്പിക്കുന്ന യുവസംരംഭകത്വ സമ്മേളനത്തിനു മുന്നോടിയായുള്ള പ്രചാരണ വാഹനങ്ങളുടെ ഫ്ളാഗ്ഓഫ് വ്യവസായ-ഐ.ടി. മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി നിർവഹിച്ചു. സമ്മേളനത്തിനു മുന്നോടിയായി പരമാവധി യുവാക്കളിൽ സന്ദേശമെത്തിക്കുന്നതിനും സംരംഭകത്വ സാധ്യതകൾ അവരെ ബോധ്യപ്പെടുത്തുന്നതിനും ഉദ്ദേശിച്ച് സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് പരിപാടി സംഘടിപ്പിച്ചത്. വിവിധ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വ്യവസായ പ്രമുഖരും പങ്കെടുത്തു.



സെപ്റ്റംബർ 12 ന് കൊച്ചിയിൽ നടക്കുന്ന യുവസംരംഭകത്വ സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രചരണാർത്ഥം യെസ് വാനുകൾ വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സെക്രട്ടേറിയറ്റിൽ ഫ്ളാഗ് ഓഫ് ചെയ്യുന്നു

# കുടുംബശ്രീ നടത്തുന്നത് നിശ്ശബ്ദ വിപ്ലവം: മുഖ്യമന്ത്രി



**കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കുള്ള ക്രെഡിറ്റ് ലിങ്ക്ഡ് ഇൻഷ്വറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും സ്ത്രീ സുരക്ഷാ ബീമായോജന സ്കോളർഷിപ്പ്, ഡെത്ത് ക്ലെയിം വിതരണവും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു. മന്ത്രിമാരായ കെ.എം. മാണി, എം.കെ. മുനീർ സമീപം.**

സംസ്ഥാനത്ത് കുടുംബശ്രീ നടത്തുന്ന പ്രവർത്തനം ഒരു നിശ്ശബ്ദ വിപ്ലവമാണെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കുള്ള ക്രെഡിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ആരും ആശ്രയമില്ലാത്ത, ആരെയും ആശ്രയിക്കാൻ കഴിയാത്തവരുടെ സംരക്ഷണം ആശ്രയ പദ്ധതിയിലൂടെ കുടുംബശ്രീ പ്രവർത്തകർ ഏറ്റെടുത്തിരിക്കുകയാണെന്നും അത്തരത്തിലുള്ള രണ്ട് ശതമാനം ആളുകൾക്കു കൂടി മാന്യമായ ജീവിത സാഹചര്യം ഒരുക്കിയാൽ മാത്രമേ ജനാധിപത്യത്തെക്കുറിച്ച് പറയുവാൻ നമുക്ക് അവകാശമുണ്ടാകുവെന്നും മുഖ്യമന്ത്രി പറഞ്ഞു. മരണപ്പെട്ട കുടുംബശ്രീ അംഗങ്ങളുടെ ആശ്രിതർക്കുള്ള ഡെത്ത് ക്ളെയിം തുകയുടെ വിതരണോദ്ഘാടനം ധനമന്ത്രി കെ.എം.മാണി നിർവഹിച്ചു.

കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം ലോകത്തിന് മാതൃകയാണെന്നും ലോകത്തിലെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പ്രസ്ഥാനമാണ് കുടുംബശ്രീ എന്നും ധനമന്ത്രി പറഞ്ഞു. അധ്യക്ഷത വഹിച്ച സാമൂഹിക നീതി-പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന പദ്ധതി സ്കോളർഷിപ്പ് വിതരണം നിർവഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സല കുമാരി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അൻസജിതാ റസ്സൽ, കുടുംബശ്രീ സി.ഡി.എസ്. ഉദ്യോഗസ്ഥർ, അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

## ‘സേവനം ഇപ്പോൾ അവകാശം’ പ്രകാശനം ചെയ്തു


ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച ‘സേവനം ഇപ്പോൾ അവകാശം’ എന്ന പുസ്തകം മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രകാശിപ്പിച്ചു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിലായിരുന്നു പ്രകാശനം. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി.ജോസഫ് സന്നിഹിതനായിരുന്നു. സേവനാവകാശനിയമം 2012 പ്രകാരം സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളും നടപടിക്രമങ്ങളുമാണ് പുസ്തകത്തിലെ ഉള്ളടക്കം.




**ഐ & പി.ആർ.ഡി. പുറത്തിറക്കിയ സേവനം ഇപ്പോൾ അവകാശം എന്ന പുസ്തകം മുഖ്യമന്ത്രി പ്രകാശനം ചെയ്യുന്നു. മന്ത്രി കെ.സി. ജോസഫ് സമീപം**

# മായിക സൗന്ദര്യത്തിലൂടെ ക്യാമറക്കണ്ണുകൾ

## സംസ്ഥാന ഫോട്ടോഗ്രാഫി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



**സംസ്ഥാന ഫോട്ടോഗ്രാഫി പുരസ്കാരങ്ങൾ മന്ത്രി കെ.സി. ജോസഫ് പ്രഖ്യാപിക്കുന്നു**

ഈ വർഷത്തെ സംസ്ഥാനത്തെ ഫോട്ടോഗ്രാഫി മത്സരത്തിൽ രാജൻ കുറ്റൂർ (അഞ്ജലി, കുറ്റൂർ പി.ഒ, തൃശ്ശൂർ) ഒന്നാം സമ്മാനത്തിന് അർഹനായി. രണ്ടാം സമ്മാനത്തിന് സാലി പാലോടും (ദീപ്തി, ദിൽഷൻ നഗർ, പാലോട്) മൂന്നാം സമ്മാനത്തിന് സുരേഷ് കാമിയോയും (തെക്കും പാട്ട് ഹൗസ്, തിരൂർ, മലപ്പുറം) അർഹരായി. പി.ആർ. ചേമ്പറിൽ വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിലാണ് സാംസ്കാരിക-പബ്ലിക് റിലേഷൻസ് മന്ത്രി കെ.സി. ജോസഫ് അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചത്. പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ ചുവടെ. സുരേഷ് എം, മഴവിൽ സ്റ്റുഡിയോ വങ്ങാട് കണ്ണൂർ, പ്രദീപ് എസ്., നന്ദനം, മേനംകുളം, കഴക്കൂട്ടം, തിരുനന്തപുരം, വിനീഷ് പി.എസ്., ബി.എസ്.എൻ.എൽ ക്വാർട്ടേഴ്സ്, പരുത്തിപ്പാറ, തിരുവനന്തപുരം, ബെന്നി അജന്ത, വിളവിനാൽ അജന്ത ഗാർമെന്റ്സ്, ഓമല്ലൂർ, പി.ഒ. പത്തനംതിട്ട, ജോഷി മഞ്ഞുമ്മൽ, മാവേലി വീട്, മഞ്ഞുമ്മൽ പി.ഒ, എറണാകുളം, മനു മയ്യിൽ, ലൈറ്റ് ആൻഡ് ലൈഫ്, കണ്ണൂർ, സെബിൻ സെബാസ്റ്റ്യൻ, സെബൻസ് സ്റ്റുഡിയോ, കുരിശുംമൂട്, ചങ്ങനാശ്ശേരി, പി.കരുണാകരൻ, ഫോക്കസ്, റ്റി.കെ.വി. നഗർ, ഗോൾഫ് ലിങ്ക്സ് റോഡ്, തിരുവനന്തപുരം, അയ്യപ്പൻ പ്രണാമം ഡിജിറ്റൽ സ്റ്റുഡിയോ, കർഷക നഗർ, അയ്യന്തോൾ, തൃശ്ശൂർ, ബാബു തോമസ്, അലൻസ് സ്റ്റുഡിയോ, രാജാക്കാട്. പി.ഒ., ഇടുക്കി. ഒന്നാം സമ്മാനമായി 25,000 രൂപയും ശില്പവും സർട്ടിഫിക്കറ്റും രണ്ടാം സമ്മാന മായി 15,000 രൂപയും ശില്പവും സർട്ടിഫിക്കറ്റും മൂന്നാം സമ്മാനമായി 10,000 രൂപയും ശില്പവും സർട്ടിഫിക്കറ്റും ലഭിക്കും. പ്രോത്സാഹന സമ്മാനമായി പത്ത് പേർക്ക് 2,000 രൂപയും സർട്ടിഫിക്കറ്റും ലഭിക്കും. ഈ വർഷം 444 പേർ ഫോട്ടോഗ്രാഫി മത്സരത്തിൽ പങ്കെടുത്തു. 1148 ചിത്രങ്ങൾ ലഭിച്ചു. പശ്ചിമബംഗാൾ (ഒന്ന്), രാജസ്ഥാൻ (ഒന്ന്), മധ്യപ്രദേശ് (ഒന്ന്), മഹാരാഷ്ട്ര(ഒന്ന്), തമിഴ്നാട് (മൂന്ന്), കർണ്ണാടക(ഒന്ന്) എന്നിവിടങ്ങളിൽ നിന്നും ഇതാദ്യമായി എൻട്രികൾ ലഭിച്ചു. 2012 ൽ 215 പേർ പങ്കെടുക്കുകയും 551 എൻട്രികൾ ലഭിക്കുകയും ചെയ്തു. 2011 ൽ 196 പേർ പങ്കെടുക്കുകയും അഞ്ഞൂറ്റി നാൽപ്പതോളം ചിത്രങ്ങൾ ലഭിച്ചിരുന്നു. ഫോട്ടോഗ്രാഫർ സുരേഷ് ഇളമൺ ചെയർമാനും മലയാള മനോരമ പിക്ചർ എഡിറ്റർ ജയചന്ദ്രൻ, മാധ്യമം ചീഫ് ഫോട്ടോഗ്രാഫർ ഹാരിസ് കുറ്റിപ്പുറം എന്നിവർ അംഗങ്ങളുമായ ജഡ്ജിംഗ് കമ്മിറ്റിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്.



**ഒന്നാം സമ്മാനാർഹമായ ചിത്രം**





**രണ്ടും മൂന്നും സമ്മാനങ്ങൾ നേടിയ ചിത്രങ്ങൾ**

കവർസ്റ്റോറി

■ **വി.എസ്. ശിവകുമാർ**
ആരോഗ്യ മന്ത്രി

മിഷൻ 676

# കാലത്തിനൊത്ത വികസനമുന്നേറ്റം

**ഗവൺമെന്റ് മെഡിക്കൽ കോളേജുകളില്ലാത്ത എല്ലാ ജില്ലകളിലും അവ ആരംഭിക്കണമെന്ന സർക്കാർ നയമാണ് മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വികസനമുന്നേറ്റത്തിന് നിദാനമായത്**

കേരളത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത്, ഉറച്ച ചുവടുകളോടെയുള്ള വികസനമുന്നേറ്റമാണ് നടക്കുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം അഞ്ചിൽ നിന്നും ഒമ്പതായി. മഞ്ചേരിയിലും പാലക്കാട്ടും ഇടുക്കിയിലുമാണ് പുതിയ മെഡിക്കൽ കോളേജുകൾ. കൊച്ചി സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തു. തിരുവനന്തപുരം, കോന്നി, കാസർകോട്, വയനാട്, ഹരിപ്പാട് എന്നിവിടങ്ങളിൽക്കൂടി, പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ഗവൺമെന്റ് മെഡിക്കൽ കോളേജുകളില്ലാത്ത എല്ലാ ജില്ലകളിലും അവ ആരംഭിക്കണമെന്ന സർക്കാർ നയമാണ് മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വികസനമുന്നേറ്റത്തിന് നിദാനമായത്. സംസ്ഥാനത്ത് വീണ്ടുമൊരു ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്ന സ്വപ്നം മുപ്പതുവർഷങ്ങൾക്കുശേഷം യാഥാർഥ്യമായത്, 2013 ൽ മഞ്ചേരി മെഡിക്കൽ കോളേജ് നിലവിൽ വന്നതോടെയാണ്. ആദ്യവർഷംതന്നെ 100 എം.ബി.ബി.എസ്. സീറ്റുകളിൽ പ്രവേശനം നൽകി. ഈ വർഷവും 100 സീറ്റുകളിൽ പ്രവേശനത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന ഇടുക്കി കോളേജിന് 50 സീറ്റുകളിലേക്കും പട്ടികജാതി-പട്ടികവർഗ വകുപ്പിന്റെ പാലക്കാട് മെഡിക്കൽ കോളേജിന് 100 സീറ്റുകളിലേക്കും ഈ വർഷം പ്രവേശനാനുമതി ലഭിച്ചിട്ടുണ്ട്. പാലക്കാട് കോളേജിലെ 70 സീറ്റുകൾ പട്ടികജാതി വിദ്യാർഥികൾക്കായി മാറ്റിവച്ചിരിക്കുകയാണ്. ഇത്രയും സീറ്റുകളിൽ പുതുതായി പ്രവേശനാനുമതി ലഭിക്കുകവഴി സാധാരണക്കാരായ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സാധ്യതകൾ യാഥാർഥ്യമായിരിക്കുന്നകയാണ്. മറ്റു ചില സംസ്ഥാനങ്ങളിൽ, ആദ്യമായി ആരംഭിക്കുന്ന കോളേജുകൾക്ക് മെഡിക്കൽ കൗൺസിൽ അംഗീകാരം നൽകാത്ത സാഹചര്യത്തിലാണ് കേരളത്തിലെ പുതിയ കോളേജുകൾക്ക് ആവശ്യപ്പെട്ട മുഴുവൻ സീറ്റുകളിലേക്കും പ്രവേശാനാനുമതി ലഭിച്ചിട്ടുള്ളതെന്ന വസ്തുതയും പ്രത്യേകം പ്രസ്താവ്യമാണ്.

കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ 2013 വരെ ആകെ 900 എം.ബി.ബി.എസ് സീറ്റുകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നാലിപ്പോൾ അവയുടെ എണ്ണം 1250 ആയി. എം.ബി.ബി.എസ് പ്രവേശനത്തിനായി അന്യ രാജ്യങ്ങളെയും സംസ്ഥാനങ്ങളെയും ആശ്രയിച്ചിരുന്ന കേരളത്തിലെ സാധാരണക്കാരായ നൂറുകണക്കിന് വിദ്യാർഥികൾക്ക് പുതിയ മെഡി





മഞ്ചേരി മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനവേളയിൽ

ക്കൽ കോളേജുകളുടെ ആവിർഭാവം വലിയ ആശ്വാസമായിരിക്കുകയാണ്. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ ഭൂരിഭാഗം സ്വാശ്രയ മെഡിക്കൽ കോളേജുകളും 50 ശതമാനം സീറ്റുകൾ സർക്കാരിന് നൽകിക്കൊണ്ട് കരാറിലേർപ്പെട്ടു കഴിഞ്ഞു.

# ആരോഗ്യസർവകലാശാലയ്ക്ക് തിരുവനന്തപുരം മേഖലാകേന്ദ്രം

തൃശ്ശൂർ ആസ്ഥാനമായ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ, ഹെൽത്ത് പോളിസി ആൻഡ് പ്ലാനിങ് സെന്റർ തിരുവനന്തപുരത്ത് ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്തു. ആരോഗ്യനയരൂപീകരണം, ആസൂത്രണം, പരിപാലനം മുതലായ മേഖലകളിൽ, ശാസ്ത്രീയമായ പഠനം നടത്തി സർക്കാരിന് മാർഗനിർദേശം നൽകുകയാണ് സെന്ററിന്റെ മുഖ്യലക്ഷ്യമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി അറിയിച്ചു. സർവകലാശാലയുടെ മേഖലാ ഓഫീസായും ഇത് പ്രവർത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സ്റ്റേറ്റ് പ്ലാനിങ് ബോർഡുമായും സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, അച്യുത മേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് മുതലായ അക്കാഡമിക് സ്ഥാപനങ്ങളുമായും സഹകരിച്ചാണ് സെന്റർ പ്രവർത്തിക്കുക. ജനങ്ങളുടെ ആരോഗ്യ സംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് ഇവിടെ വിശകലനവിധേയമാക്കും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന പകർച്ചവ്യാധിവ്യാപനം വിശകലനം ചെയ്ത് അതതിടങ്ങളിൽ ഉടനടി ചെയ്യേണ്ടുന്ന ആരോഗ്യപരിപാലന സംവിധാനങ്ങളെക്കുറിച്ച് സർക്കാരിന് മാർഗരേഖ സമർപ്പിക്കും. ആരോഗ്യമേഖലയുടെ എല്ലാ രംഗങ്ങൾക്കും ആവശ്യമായ വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കും. സെന്ററിൽ പി.എച്ച്.ഡി പ്രോഗ്രാമുകൾ ആരംഭിക്കുവാനും പദ്ധതിയുണ്ടെന്ന് മന്ത്രി അറിയിച്ചു. സെന്ററിന്റെ പ്രാരംഭച്ചെലവുകൾക്കായി സംസ്ഥാന സർക്കാർ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും സ്വന്തം കെട്ടിടം നിർമിക്കാൻ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരളം മുഴുവൻ പ്രവർത്തനപരിധിയുള്ള ഏക സർവകലാശാലയായ കുഹാസിന്റെ ആദ്യത്തെ സെന്ററാണ് ഇത്. എല്ലാ ജില്ലകളിലുമായി 250 കോളേജുകൾ ഇപ്പോൾ ഈ സർവകലാശാലക്കുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. 2009 ഡിസംബർ ഏഴിനാണ് ആരോഗ്യസർവകലാശാല ആരംഭിച്ചത്. നാലര വർഷത്തെ കാലയളവിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുവാൻ സർവകലാശാലയ്ക്ക് സാധിച്ചു. ആസ്ഥാന മന്ദിരത്തിനുവേണ്ടി 36 കോടി രൂപ ചെലവിലാണ് എട്ട് നിലകളിലായി നിർമിച്ച കെട്ടിടം.

സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം, ഈ സർവകലാശാലയുടെ ആവിർഭാവത്തോടെ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. പരീക്ഷാ സമ്പ്രദായം കുറ്റമറ്റതായി. പരിശീലന രംഗം മികച്ച നിലവാരത്തിലെത്തി. അധ്യാപക പരിശീലനത്തിനായി അക്കാഡമിക് സ്റ്റാഫ് കോളേജ് ആരംഭിച്ചു. ആരോഗ്യ മേഖലയിലെ ഗവേഷണ രംഗം അഭിവൃദ്ധി പ്രാപിച്ചു. ഇൻഡ്യക്കകത്തും പുറത്തുമുള്ള സർവകലാശാലകളുമായും സംഘടനകളുമായും സഹകരിച്ചുള്ള പ്രവർത്തനം കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് പുത്തനുണർവു പകർന്നു. ഡോ. ശശി തരൂർ എം.പിയുടെ അധ്യക്ഷതയിൽച്ചേർന്ന ചടങ്ങിൽ കെ. മുരളീധരൻ എം.എൽ.എ., മുൻ എം.പി. തലേക്കുന്നിൽ ബഷീർ, യൂണിവേഴ്സിറ്റി രജിസ്ട്രാർ ഐപ്പ് വർഗ്ഗീസ്, കൗൺസിലർ പി.എസ്. സരോജം എന്നിവർ പ്രസംഗിച്ചു. ■




കേരള ആരോഗ്യസർവകലാശാല ഹെൽത്ത് സെന്ററിന്റെ ഉദ്ഘാടനം മന്ത്രി വി.എസ്. ശിവകുമാർ നിർവഹിക്കുന്നു.

തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജിൽ 2015 ലും കോന്നിയിലേതിൽ 2016 ലും വിദ്യാർഥികൾക്ക് പ്രവേശനം നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാസർകോട് മെഡിക്കൽ കോളേജിനുവേണ്ടിയുള്ള നിർമാണപ്രവർത്തനങ്ങൾ താമസിയാതെ ആരംഭിക്കും. 2016ലോ 17ലോ ക്ലാസ്സുകൾ തുടങ്ങാനാകും. വയനാട്, ഹരിപ്പാട് എന്നിവിടങ്ങളിലെ പുതിയ കോളേജുകൾക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്.

> തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജിൽ 2015 ലും കോന്നിയിലേതിൽ 2016 ലും വിദ്യാർഥികൾക്ക് പ്രവേശനം നൽകാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാസർകോട് മെഡിക്കൽ കോളേജിനുവേണ്ടിയുള്ള നിർമാണപ്രവർത്തനങ്ങൾ താമസിയാതെ ആരംഭിക്കും.

പന്ത്രണ്ടു വർഷത്തിനുശേഷം സംസ്ഥാനത്ത് മറ്റൊരു ഗവ. ഡെന്റൽ കോളേജ് ആരംഭിക്കുന്നത് ആലപ്പുഴയിലാണ്. കേന്ദ്ര സർക്കാരിന്റെയും ഡെന്റൽ കൗൺസിലിന്റെയും അംഗീകാരം ഇതിന് ലഭിച്ചുകഴിഞ്ഞു. 50 സീറ്റുകളിലേക്കുള്ള പ്രവേശന നടപടികൾ പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ 23 സ്വാശ്രയ ഡെന്റൽ കോളേജുകളും 50 ശതമാനം സീറ്റുകൾ സർക്കാരിലേക്ക് നൽകി കരാറിലേർപ്പെടുന്നുവെന്നതും ശ്രദ്ധേയമാണ്. തിരുവനന്തപുരം, കോഴിക്കോട് ഗവ. ഡെന്റൽ കോളേജുകളിൽ ബി.ഡി.എസ് കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം 40 ൽ നിന്നും 50 ആയി വർധിപ്പിച്ചു. കോട്ടയം ഡെന്റൽ കോളേജിൽ മൂന്ന് സ്പെഷ്യാലിറ്റികളിലായി അഞ്ച് സീറ്റുകളും വർധിപ്പിച്ചിട്ടുണ്ട്. തൃശ്ശൂരിൽ അടുത്തവർഷം പുതിയ ഗവ. ഡെന്റൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

# കേരളം സമ്പൂർണ ആയുർവേദ സംസ്ഥാനം എന്ന പദവിയിലേക്ക്

കേരളത്തെ ആയുർവേദത്തിന്റെ തലസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ യാഥാർഥ്യമാക്കി വരികയാണ്. സമ്പൂർണ ആയുർവേദ സംസ്ഥാനം എന്ന പദവിയിലേക്കാണ് നാം മുന്നേറുന്നത്. എട്ട് പഞ്ചായത്തുകളിൽക്കൂടി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതോടെ ആ ലക്ഷ്യം സഫലമാകും.

ആകെയുള്ള 998 പഞ്ചായത്തുകളിൽ ഇപ്പോൾ 1149 ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 942 എണ്ണം ആയുർവേദ വകുപ്പിന്റെ സ്ഥിരം ചികിത്സാ കേന്ദ്രങ്ങളും 207 എണ്ണം എൻ.ആർ.എച്ച്.എം. ആയുർവേദ ഡിസ്പെൻസറികളുമാണ്. കൂടാതെ ആയുർവേദ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് 15 യുനാനി ഡിസ്പെൻസറികളും 17 സിദ്ധ ഡിസ്പെൻസറികളും ആരംഭിച്ചുകഴിഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആയുർവേദ ചികിത്സ ലഭ്യമല്ലാതിരുന്ന 77 ഇടങ്ങളിൽ സ്ഥിരം ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിച്ചു. ഇവയിലേക്കായി 343 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും അവയിലെല്ലാം നിയമനം നടത്തുകയും ചെയ്തു. 68 ആയുർവേദ ആശുപത്രികൾ നവീകരിച്ചു. ഔഷധിയിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടത്തി. സ്കൂൾ ആരോഗ്യ പദ്ധതിയായ ബാലമുകുളം, ആയുർമിത്രം പദ്ധതികൾ നടപ്പിലാക്കി.

ഒമ്പത് ആയുർവേദ ഡിസ്പെൻസറികൾ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രികളാക്കി ഉയർത്തിയിട്ടുണ്ട്. ഇവയിലേക്കാവശ്യമായ തസ്തികകൾ പുനഃക്രമീകരിച്ചുവരികയാണ്. പുതുതായി നടപ്പിലാക്കിയ ആയുർവേദ സ്പോർട്ട്സ് മെഡിസിൻ പദ്ധതിക്ക് നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. തൃശ്ശൂരിൽ ആയുർവേദ സ്പോർട്സ് ആശുപത്രിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമാണം പുരോഗമിക്കുകയാണ്. ആയുർവേദ ചികിത്സയിൽ വിദേശികൾക്ക് മതിപ്പുളവാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചുവരുന്നു. കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ് പദ്ധതി ആയുർവേദ സ്ഥാപനങ്ങളിൽക്കൂടി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.



സ്വാശ്രയമേഖലയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും 50 ശതമാനം സീറ്റുകൾ സർക്കാരിന് നൽകിക്കൊണ്ട് കരാറിലേർപ്പെട്ടുകഴിഞ്ഞു. ഏഴ് ഡിഗ്രി കോഴ്സുകളും 14 ഡിപ്ലോമാ കോഴ്സുകളുമാണ് പാരാമെഡിക്കൽ രംഗത്തുള്ളത്.

നേഴ്സിങ് മേഖലയിലും ശ്രദ്ധേയമായ മാറ്റങ്ങൾ പ്രകടമാണ്. അഞ്ച് ഗവ. നേഴ്സിങ് കോളേജുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി. കൊച്ചി സഹകരണ മെഡിക്കൽ കോളേജിനോട് ചേർന്നു പ്രവർത്തിച്ചിരുന്ന നേഴ്സിങ് കോളേജ് ഗവൺമെന്റ് ഏറ്റെടുത്തു. തിരുവനന്തപുരം മുട്ടത്തറയിൽ സീമറ്റിന്റെ നെഴ്സിങ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ആരോഗ്യ വകുപ്പിനുകീഴിലുള്ള നേഴ്സിങ് കോളേജുകളിൽ 580 തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനുകീഴിലുള്ള നേഴ്സിങ് കോളേജുകളിൽ 375 തസ്തികകളും സൃഷ്ടിച്ച് അവയിലെല്ലാം നിയമനം നടത്തി. ഇത്രയും തസ്തികൾ ഒരുമിച്ച് സൃഷ്ടിക്കാനായത് ഒട്ടേറെ വർഷങ്ങൾക്കു ശേഷം ആദ്യമാണ്.

## ആരോഗ്യസർവകലാശാലയിലെ നേട്ടങ്ങൾ

കേരളം മുഴുവൻ പ്രവർത്തനപരിധിയുള്ള ഏക സർവകലാശാലയാണ് കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്. എല്ലാ ജില്ലകളിലുമായി 252 കോളേജുകൾ ഇപ്പോൾ ഈ സർവകലാശാലക്കു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാമായി എഴുപത്തി അയ്യായിരത്തിലധികം വിദ്യാർഥികൾ പഠിക്കുന്നുണ്ട്. 2009 ഡിസംബർ ഏഴിനാണ് ആരോഗ്യസർവകലാശാല ആരംഭിച്ചത്. നാലര വർഷത്തെ കാലയളവിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുവാൻ സർവകലാശാലയ്ക്ക് സാധിച്ചു. ആസ്ഥാന മന്ദിരത്തിനുവേണ്ടി 36 കോടി രൂപ ചെലവിൽ എട്ട് നിലകളിലായി നിർമിച്ച കെട്ടിടം ഇക്കഴിഞ്ഞ ജൂൺ 22 നാണ് ഉദ്ഘാടനം ചെയ്തത്. ഈ സർവകലാശാലയുടെ ആദ്യത്തെ മേഖലാകേന്ദ്രം തിരുവനന്തപുരത്ത് ആരംഭിച്ചു. ആരോഗ്യനയരൂപീകരണത്ത്



**ആയുർവേദ ചികിത്സാസമ്പ്രദായത്തെപ്പറ്റി പഠിക്കാനെത്തിയ റഷ്യൻ പ്രതിനിധികൾ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ചേമ്പറിൽ സന്ദർശിക്കുന്നു. ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ സമീപം.**

താളിയോലകൾ കണ്ടെടുത്ത്, ഔഷധയോഗങ്ങളെക്കുറിച്ചുള്ള ബൃഹത് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചത് കേരളത്തിന്റെ പാരമ്പര്യ വിജ്ഞാനസംരക്ഷണ രംഗത്തിന് വമ്പിച്ച മുതൽക്കൂട്ടായി മാറിയിരിക്കുകയാണ്. പ്രസാദം, ഋതു, കൗമാര സ്ഥൗല്യം, ജീവനി, പുനർന്നവ, ദൃഷ്ടി എന്നിങ്ങനെ, ആറ് പുതിയ ആയുർവേദ പദ്ധതികൾക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചു. ആലപ്പുഴ പഞ്ചകർമ ആശുപത്രിയ്ക്കുവേണ്ടി, ആയൂഷ് ഫണ്ട്, ഉപയോഗിച്ച് അഞ്ചുകോടിരൂപ ചെലവിൽ നിർമിക്കുന്ന പുതിയ മന്ദിരത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. റേഷ്യോ പ്രൊമോഷൻ വഴി 41 ആശുപത്രികളിലെ മെഡിക്കൽ ഓഫീസർ തസ്തികകൾ, ചീഫ് മെഡിക്കൽ ഓഫീസർ തസ്തികകളായി മാറ്റിക്കൊണ്ട് ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത വർധിപ്പിച്ചു. 14 ജില്ലാ ആയുർവേദ ആശുപത്രികളിലും എക്സ്റേ, ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തി. വിവിധ വിഭാഗം ചികിത്സാ സൗകര്യങ്ങൾ ഒന്നിക്കുന്ന ആയുഷ് കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്ന പദ്ധതിക്ക് തുടക്കമിട്ടു. ആദ്യത്തെ ആയുഷ് കേന്ദ്രം പൂന്തുറയിൽ തുടങ്ങി. കേന്ദ്ര ആയുഷ് മാതൃകയിൽ കേരളത്തിൽ സ്വതന്ത്ര ആയുഷ് വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലും വിപുലമായ വികസനക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കോളേജുകളിലെ അധ്യാപകക്ഷാമം പരിഹരിച്ചു; യു.ജി.സി സ്കെയിൽ ശമ്പളം നടപ്പിലാക്കി; പെൻഷൻപ്രായം 60 ആക്കി. താത്കാലിക ജീവനക്കാർക്കെല്ലാം വേതനവർധനവ് ഏർപ്പെടുത്തി. പി.ജി. വിദ്യാർഥികളുടെയും ഹൗസ് സർജൻമാരുടെയും സ്റ്റൈപന്റ് വർധിപ്പിച്ചു.

കേരളത്തിന്റെ തനത് ചികിത്സാ ശാസ്ത്രമായ ആയുർവേദത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. മുൻപ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് സാം പെട്രോഡ കേരളത്തിന്റെ സമഗ്രവികസനത്തിനായി മുന്നോട്ടുവെച്ച 10 നിർദേശങ്ങളിൽ പ്രധാനപ്പെട്ടതാണ് ആയുർവേദവികസനം. ആയുർവേദത്തിന്റെ മഹത്വവും സമകാലിക പ്രസക്തിയും ഉൾക്കൊണ്ടുകൊണ്ട് ആയുർവേദത്തെ, കേരളത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനുള്ള മേഖലയായി വികസിപ്പിക്കുവാൻ ഈ സർക്കാർ സാധ്യമായതെല്ലാം ചെയ്യുന്നുണ്ട്. ഇതിനായി വളരെ ക്രിയാത്മകമായ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. ■

> വിവിധ വിഭാഗം ചികിത്സാ സൗകര്യങ്ങൾ ഒന്നിക്കുന്ന ആയുഷ് കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്ന പദ്ധതിക്ക് തുടക്കമിട്ടു. ആദ്യത്തെ ആയുഷ് കേന്ദ്രം പൂന്തുറയിൽ തുടങ്ങി. കേന്ദ്ര ആയുഷ് മാതൃകയിൽ കേരളത്തിൽ സ്വതന്ത്ര ആയുഷ് വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു.



**തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിക്കുന്നു**

രണം, ആസൂത്രണം, പരിപാലനം മുതലായ മേഖലകളിൽ, ശാസ്ത്രീയമായ പഠനം നടത്തി, ഗവൺമെന്റിന് മാർഗനിർദേശം നൽകുകയാണ് സെന്ററിന്റെ മുഖ്യലക്ഷ്യം. സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ രംഗത്തിന്റെ നിലവാരം, ആരോഗ്യ സർവകലാശാലയുടെ ആവിർഭാവത്തോടെ വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. പരീക്ഷാ സമ്പ്രദായം കുറ്റമറ്റതായി. മുഴുവൻ സ്ഥാപനങ്ങളിലേയും പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത് സമയബന്ധിതമാക്കിയതോടെ ഒരു വിദ്യാർഥിക്കും അക്കാദമിക് വർഷം നഷ്ടപ്പെടാതെയായി. പരിശീലന രംഗം മികച്ച നിലവാരത്തിലെത്തി. അധ്യാപക പരിശീലനത്തിനായി അക്കാഡമിക് സ്റ്റാഫ് കോളേജ് ആരംഭിച്ചു. ആരോഗ്യ മേഖലയിലെ ഗവേഷണരംഗം അഭിവൃദ്ധി പ്രാപിച്ചു. ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള സർവകലാശാലകളുമായും സംഘടനകളുമായും സഹകരിച്ചുള്ള പ്രവർത്തനം കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് പുത്തനുണർവു പകർന്നു.

മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വലിയ മാറ്റങ്ങൾക്കു വേണ്ടി സർക്കാരിനോടൊപ്പം നിന്ന് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തികച്ചും അഭിനന്ദമർഹിക്കുന്നു. പുതിയ മെഡിക്കൽ കോളേജുകളുടെ ബാലാരിഷ്ടതകളെ മറികടന്ന് മുന്നേറുവാൻ എല്ലാവരുടെയും സഹകരണം അഭ്യർഥിക്കുന്നു. ■

# ഹോമിയോ ചികിത്സാരംഗത്തെ അടിസ്ഥാനസൗകര്യ വികസനം

സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്ത്, മാതൃകാപരമായ ഒട്ടേറെക്കാര്യങ്ങൾ വകുപ്പ് ചെയ്തുവരികയാണ്. 661 ഹോമിയോ ഡിസ്പെൻസറികൾ, 30 ആശുപത്രികൾ, 346 എൻ.ആർ.എച്ച്.എം. ഡിസ്പെൻസറികൾ, പട്ടികജാതി മേഖലയിലെ 29 താത്ക്കാലിക ഡിസ്പെൻസറികൾ, മലപ്പുറം വണ്ണൂരിലെ സേവന-കാൻസർ കെയർ സെന്റർ എന്നിവയിലൂടെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിൽ നിർണായക പങ്കാണ് ഹോമിയോവകുപ്പ് വഹിക്കുന്നത്.

സംസ്ഥാനത്ത് ഹോമിയോ ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് 17 കോടി രൂപയുടെ പ്രോജക്ട് എസ്റ്റിമേറ്റ് തയാറാക്കി. ഇതിലേക്കായി ആറു കോടി രൂപ അനുവദിച്ചു. പുതിയ 110 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചു. ഇവയിലേക്കായി 440 പുതിയ തസ്തികകൾ സൃഷ്ടിച്ചു. എല്ലാ ഹോമിയോ ചികിത്സാകേന്ദ്രങ്ങളിലും സീതാലയം, സദ്ഗമയ മുതലായ ആരോഗ്യപദ്ധതികൾ ആരംഭിച്ചു. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ തുറന്നു. ഈ ജില്ലകളിലെ എല്ലാ ഹോമിയോ താലൂക്കാശുപത്രികളിലും ഈ വർഷം ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ സേവനം ലഭ്യമാക്കും.

ആലപ്പുഴയിൽ ജെറിയാട്രിക്സിലും, ഇടുക്കിയിലും പത്തനംതിട്ടയിലും തൈറോയ്ഡിലും, കണ്ണൂരിൽ മാതൃശിശു പരിചരണത്തിലും സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ ആരംഭിച്ചു. പട്ടികജാതി കോളനികളിൽ 29 ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങി. ഓരോ ജില്ലയിലേയും നാല് ഡിസ്പെൻസറികളെ മാതൃകാ ഡിസ്പെൻസറികളായി ഉയർത്തി. സീതാലയം പദ്ധതിയോടനുബന്ധിച്ച് എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളിലും ഡീ അഡിക്ഷൻ, ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ ആരംഭിച്ചു. തിരുവനന്തപുരത്തും കോഴിക്കോടും എറണാകുളത്തും ആയുഷ്മാൻ ഭവ ജീവിതശൈലിരോഗ നിയന്ത്രണ ക്ലിനിക്കുകൾ തുടങ്ങി. ഈ ജില്ലകളിലെ താലൂക്കാശുപത്രികളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. എറണാകുളം, തൃശ്ശൂർ, കോട്ടയം ജില്ലാ ആശുപത്രിക്കുവേണ്ടിയും നെയ്യാറ്റിൻകര താലൂക്കാശുപത്രിക്കുവേണ്ടിയും കെട്ടിട നിർമാണം ആരംഭിച്ചു. കണ്ണൂർ, മലപ്പുറം റീജിയണൽ മെഡിക്കൽ സ്റ്റോറുകൾക്കുവേണ്ടിയും മലപ്പുറം ചേതനയ്ക്ക് വേണ്ടിയും പുതിയ കെട്ടിടങ്ങൾ ഉടൻ നിർമിക്കും. ആലപ്പുഴയിൽ നിലവിലുള്ള ഫ്ളോട്ടിങ് ആശുപത്രിക്കുപുറമേ ഒരെണ്ണംകൂടി (ഹരിപ്പാട്) ആരംഭിക്കും. ദുർഘട മേഖലകളിൽ പ്രവർത്തിക്കുന്ന ഹോമിയോ ചികിത്സാ കേന്ദ്രങ്ങൾക്ക് അനുബന്ധമായി ജനസമ്പർക്ക കേന്ദ്രങ്ങളിൽ ഒ.പി കൾ ആരംഭിക്കുന്ന പദ്ധതി തുടങ്ങി. രണ്ടിടങ്ങളിൽ ആരംഭിച്ചു. മറ്റ് സ്ഥലങ്ങളിൽ ഉടൻ തുടങ്ങും. ഹോമിയോപ്പതി ചികിത്സയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. ■

കവർസ്റ്റോറി

■ ഡോ. ആർ സജിത് കുമാർ

# ആരോഗ്യാസൂത്രണത്തിലെ നവോത്ഥാനകാലം

**ആരോഗ്യമേഖലയിലെ വികേന്ദ്രീകൃതാസൂത്രണം വിജയം കാണുമ്പോൾ കേരളം മറ്റൊരു ലോകമാതൃകയാകും സൃഷ്ടിക്കുക**

പദ്ധതിരൂപീകരണ രംഗത്ത് വികേന്ദ്രീകൃത ആസൂത്രണം സ്തുത്യർഹമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിർവഹിക്കപ്പെട്ട ആസൂത്രണപ്രക്രിയയിലൂടെ വികസന സേവന രംഗത്ത് കേരളം വൻ മുന്നേറ്റം നടത്തിയിട്ടുള്ളതായി അന്തർദേശീയതലത്തിൽത്തന്നെ വിലയിരുത്തപ്പെട്ടിട്ടുള്ളതാണ്. വികേന്ദ്രീകൃതാസൂത്രണം ഒരു സാമൂഹിക പ്രസ്ഥാനമായി രൂപപ്പെടുത്തിയ സംസ്ഥാനമാണ് കേരളമെങ്കിലും ആരോഗ്യരംഗത്ത് പ്രതീക്ഷിച്ച മുന്നേറ്റമുണ്ടാകുവാൻ വീണ്ടും കാത്തിരിക്കേണ്ടിവന്നു.

ആരോഗ്യരംഗത്ത് കേരളം നേരിടുന്ന വെല്ലുവിളികളെല്ലാം തന്നെ ചികിത്സാ ക്രമീകരണങ്ങൾ സജ്ജീകരിക്കുന്നതിലൂടെ പരിഹരിക്കാമെന്ന ചിന്തയെ അടിസ്ഥാനപ്പെടുത്തിയാണ് ആരോഗ്യരംഗത്ത് ആസൂത്രണപ്രവർത്തനം നടന്നുവന്നിട്ടുള്ളത്. എന്നാൽ സേവനമേഖലയിൽ പ്രതീക്ഷിച്ച പുരോഗതി നേടുവാൻ കഴിയാത്തതും പകർച്ചവ്യാധികളുടെ മടങ്ങിവരവും പുതിയ പകർച്ചവ്യാധികളുടെ അധിനിവേശഭീഷണിയും ആരോഗ്യരംഗം വീണ്ടും അസ്വസ്ഥമാക്കി. 2010 കളിൽ പകർച്ചവ്യാധികളുടെ ബാഹുല്യം ആലപ്പുഴയെ പിടിച്ചുകുലുക്കുകകൂടി ചെയ്തപ്പോൾ ആരോഗ്യരംഗത്തെ ആസൂത്രണത്തിനും നടപ്പിലാക്കലിനും എന്തോ തകരാറുണ്ടെന്ന് കേരളം ആദ്യമായി തിരിച്ചറിയുകയായിരുന്നു. ഈ പ്രത്യേക സാഹചര്യം നേരിടുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നടത്തിയ ആത്മാർഥമായ ഇടപെടലുകളാണ് സമഗ്ര ആരോഗ്യപദ്ധതിയെന്ന നവീനാശയത്തിന് തുടക്കമിട്ടത്.



സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലും ഒറ്റപ്പെട്ട തുരുത്തുകളിലെന്നപോലെ അങ്ങിങ്ങായി മികച്ച ആരോഗ്യ പദ്ധതികൾ പലതും നടന്നുവന്നിരുന്നു. പ്രാദേശിക പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സാമൂഹിക ആരോഗ്യപ്രവർത്തകർ രൂപപ്പെടുത്തിയ ഇത്തരം ചെറിയചെറിയ സംരംഭങ്ങളുടെ ക്രോഡീകരണവും ശാസ്ത്രീയമായ പുനഃക്രമീകരണവുമടക്കം ലക്ഷ്യംവെച്ച് ഡോക്ടർമാർ ഉൾപ്പെടുന്ന സാമൂഹികാരോഗ്യ പ്രവർത്തകരും ആരോഗ്യരംഗത്തെ വിചക്ഷണന്മാരും ഭരണകർത്താക്കളും ചേർന്ന് ആലപ്പുഴയിൽ ചെട്ടികാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ട സംവാദ സദസ്സിലാണ് സമഗ്ര ആരോഗ്യ പദ്ധതി ബീജാവാപം ചെയ്യപ്പെട്ടത്.

ആരോഗ്യരംഗത്ത് കേരളം നേരിടുന്ന വെല്ലുവിളികൾ വിജയകരമായി നേരിടുന്നതിനുള്ള ആസൂത്രണ പ്രക്രിയ ആരോഗ്യമേഖലയിൽ മാത്രം ഒതുക്കിനിർത്തപ്പെടുന്നത് ആരോഗ്യരംഗത്തെ അനിശ്ചിതാവസ്ഥയ്ക്കുള്ള പ്രധാനപ്പെട്ട ഒരു കാരണമായി കണ്ടെത്തുകയുണ്ടായി. കൂടാതെ പൊതുജനാരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരെ കൂടുതൽ പ്രചോദിപ്പിച്ചും ശാസ്ത്രീയമായി പരിശീലനം നൽകിയും ബോധവത്കരണ പ്രവർത്തനത്തിന് പകരമായി ശീലവത്കരണ പ്രക്രീയ സാധ്യമാക്കുകകൂടി ചെയ്തെങ്കിൽ മാത്രമേ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂവെന്ന തിരിച്ചറിവാണ് ഈ സാമൂഹികാരോഗ്യ പ്രസ്ഥാനത്തിന് കാരണമായത്.

## ജനപങ്കാളിത്തത്തിന്റെ പ്രാധാന്യം

ആസൂത്രണപ്രക്രിയ പൂർണമാകണമെങ്കിൽ പ്രശ്നങ്ങളുടെ മുൻഗണനയും സംരംഭകത്വത്തിന്റെ സ്വഭാവവും ജനകീയമായിത്തന്നെ നിശ്ചയിച്ച് ശാസ്ത്രീയവും തെളിയിക്കപ്പെട്ടതുമായ പ്രായോഗിക പരിഹാര പ്രവർത്തനങ്ങൾ ജനങ്ങൾക്ക് സ്വീകാര്യമായ രീതിയിൽ അവരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

തുടർന്ന് ഗ്രാമപഞ്ചായത്തുതലം മുതൽ

ജില്ലാ പഞ്ചായത്ത് തലംവരെ നടത്തപ്പെട്ട അസംഖ്യം ശില്പശാലകളിലൂടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അവരവർ ആരോഗ്യരംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ ജനപങ്കാളിത്തത്തോടെ കണ്ടെത്തുകയും മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുകയുണ്ടായി. സ്വാതന്ത്ര്യാനന്തരകാലത്ത് ആസൂത്രണരംഗത്ത് കേരളത്തിൽ സംഭവിച്ച ഏറ്റവും മികച്ച ജനകീയ ഇടപെടലാണ് ഇതുമൂലം സംഭവിച്ചത്. മികച്ച ഒരു ബോധവത്കരണ പ്രവർത്തനമെന്ന നിലയിലേക്കുകൂടി സ്വയംപരിവർത്തിതമായി ഈ സംവാദങ്ങൾ. ഒരു ജനതയുടെ സ്വയംനിർണയാവകാശത്തിന് ഭരണഘടന നൽകിയ ഉറപ്പുകൾ ആരോഗ്യകാര്യത്തിനുകൂടി സ്ഥിരീകരിക്കുകയും അധികവിഭവസമാഹരണമെന്ന മുറവിളിക്കു പകരമായി ലഭ്യമായ മുഴുവൻ സ്രോതസ്സുകളും സാധ്യതകളും ബുദ്ധിപൂർവം ജനപങ്കാളിത്തത്തോടെ ഉപയോഗിച്ചാൽ അർഥപൂർണമായ ആസൂത്രണം സാധ്യമാക്കാമെന്ന തിരിച്ചറിവ് കേരളസമൂഹത്തിന് സമ്മാനിക്കുകയും ചെയ്തു. ഉദാഹരണത്തിന് പണം ആവശ്യമുള്ള പദ്ധതികൾ, പണം ആവശ്യമില്ലാത്ത പദ്ധതികൾ എന്നതരത്തിൽ പുതിയതല്ലാത്തതും എന്നാൽ സർവസാധാരണമല്ലാതിരുന്നതുമായ ലളിതമായ ആശയഗതിയെ സംസ്ഥാനതലത്തിൽത്തന്നെ പദ്ധതിപ്രവർത്തനത്തോട് ചേർക്കപ്പെടുകയുണ്ടായി. ഇത്തരത്തിൽ സമ്പൂർണമെന്ന് വിശേഷിക്കപ്പെടാവുന്നതരത്തിൽ കേരളസമൂഹത്തിൽ സംഭവിച്ച ഒരു ആസൂത്രണപ്രക്രിയായിരുന്നു അത്.



വിവിധതലങ്ങളിൽ ജനകീയമായി കണ്ടെത്തിയ പ്രശ്നങ്ങൾ പലതരത്തിൽ തരംതിരിക്കപ്പെട്ടു. ഉദാഹരണത്തിന് ആരോഗ്യപ്രശ്നങ്ങൾ, ആരോഗ്യ അനുബന്ധമേഖലയിലെ പ്രശ്നങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒറ്റയ്ക്ക് ചെയ്യേണ്ടവ, കൂട്ടായി ചെയ്യേണ്ടവ, പണം ആവശ്യമുള്ളവ, പണം ആവശ്യമില്ലാത്തവ, നിർബന്ധിത സ്വഭാവമുള്ളവ, അല്ലാത്തവ, പ്രാദേശിക പ്രശ്നങ്ങൾ, സംസ്ഥാനത്തിന് മുഴുവൻ ബാധകമായ പ്രശ്നങ്ങൾ ഇങ്ങനെ കൂട്ടിയും കിഴിച്ചും വിവിധ തലത്തിൽ ക്രോഡീകരിക്കപ്പെട്ടവയെ സുഗമമായിത്തന്നെ നിർവഹണഘട്ടത്തിലേക്കെത്തിക്കുവാൻ കഴിഞ്ഞു. നിർവഹണഘട്ടത്തിലാകട്ടെ ലഭ്യമായ സാധ്യതകൾ ഫലപ്രദമായും പരമമായും ഉപയോഗിക്കുന്നതിനാവശ്യമായ സാധ്യതാനിർദേശങ്ങളടങ്ങിയ പദ്ധതിരേഖ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തയാറാക്കിയതോടെ ആദ്യഘട്ട പ്രവർത്തനം വിജയകരമായി പൂർത്തിയാക്കപ്പെട്ടു.

ഈ പദ്ധതി നിർദേശങ്ങൾ ആലപ്പുഴ പാക്കേജ് എന്നരീതിയിൽ നിർവഹണം നടന്നുവരവേ സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന 13 ജില്ലകളിലെ മുഴുവൻ തദ്ദേശസ്വയംഭരണ തലത്തിലും വിപുലമായ പദ്ധതിരൂപീകരണ പ്രവർത്തനം

## അലോപ്പതി ചികിത്സാ സ്ഥാപനങ്ങൾ

| നം | ജില്ല | ജനറൽ ആശുപത്രി | ജില്ലാ ആശുപത്രി | സ്പെഷ്യാലിറ്റി | | | | | ആകെ | ടി.ബി.സി. | താലൂക്ക് ആശുപത്രി | സി.എച്ച്.സി. | 24 x 7 പി.എച്ച്.സി. | പി.സി.എച്ച്. | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ഡബ്ല്യു & സി | എം.എച്ച്.സി. | ടി.ബി. | എൻ.ഇ.പി. | മറ്റുള്ളവ | | | | | | | | |
| 1. | തിരുവനന്തപുരം | 2 | 2 | 2 | 1 | 2 | 0 | 0 | 5 | 0 | 6 | 23 | 7 | 64 | 10 | 119 |
| 2. | കൊല്ലം | 0 | 1 | 1 | 0 | 0 | 0 | 0 | 1 | 2 | 8 | 17 | 6 | 52 | 2 | 89 |
| 3. | പത്തനംതിട്ട | 2 | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 4 | 12 | 5 | 38 | 1 | 64 |
| 4. | ആലപ്പുഴ | 1 | 1 | 1 | 0 | 0 | 1 | 1 | 3 | 2 | 7 | 16 | 17 | 42 | 1 | 90 |
| 5. | കോട്ടയം | 3 | 1 | 0 | 0 | 0 | 0 | 1 | 1 | 2 | 3 | 17 | 13 | 44 | 0 | 84 |
| 6. | ഇടുക്കി | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 4 | 14 | 11 | 31 | 2 | 64 |
| 7. | എറണാകുളം | 2 | 1 | 1 | 0 | 0 | 0 | 0 | 1 | 1 | 10 | 23 | 34 | 42 | 2 | 116 |
| 8. | തൃശൂർ | 1 | 1 | 0 | 1 | 0 | 1 | 0 | 2 | 1 | 7 | 24 | 11 | 68 | 3 | 118 |
| 9. | പാലക്കാട് | 0 | 1 | 1 | 0 | 0 | 0 | 1 | 2 | 1 | 6 | 19 | 11 | 65 | 9 | 114 |
| 10. | മലപ്പുറം | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 2 | 5 | 23 | 20 | 66 | 6 | 124 |
| 11. | കോഴിക്കോട് | 1 | 1 | 1 | 1 | 0 | 1 | 0 | 3 | 1 | 6 | 16 | 7 | 57 | 0 | 92 |
| 12. | വയനാട് | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 2 | 9 | 8 | 14 | 7 | 43 |
| 13. | കണ്ണൂർ | 1 | 1 | 1 | 0 | 0 | 0 | 0 | 1 | 1 | 7 | 11 | 13 | 69 | 3 | 107 |
| 14. | കാസർകോട് | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 2 | 9 | 10 | 30 | 3 | 57 |
| | **ആകെ** | **16** | **15** | **8** | **3** | **2** | **3** | **3** | **19** | **17** | **77** | **233** | **173** | **682** | **49** | **1281** |

അവലംബം: ഹെൽത്ത് സർവീസ് ഡയറക്ടറേറ്റ്

നടക്കുകയും അടുത്ത അഞ്ചുവർഷത്തേക്കുള്ള മുൻഗണനാ പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്തു.

## വികസിത രാജ്യങ്ങളുടെ നിലവാരത്തിലെത്താൻ

ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ആരോഗ്യ ഇതരമേഖലയിൽ അനിവാര്യമായി നടപ്പാക്കേണ്ട അനുബന്ധ പ്രവർത്തനങ്ങൾ കൂടി പരിഹരിക്കണമെന്ന സന്ദേശം നൽകിയതിലൂടെ സമ്പൂർണമായ പ്രശ്നപരിഹാരത്തിലേക്ക് ആരോഗ്യമേഖല വളരെവേഗം മുന്നേറുകയാണ്. ഉദാഹരണത്തിന് ആരോഗ്യവകുപ്പിന്റെ നേരിട്ടുള്ള ഇടപെടൽ സാധ്യമല്ലാത്ത ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും കേരളമിന്ന് നേരിടുന്ന ഏറ്റവും കൂടുതൽ സാമൂഹികപ്രശ്നമായ മാലിന്യപ്രശ്നവും പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നിർവഹിക്കപ്പെടുമ്പോൾ പകർച്ച വ്യാധി സാധ്യതകൾ പൂർണമായും ഒഴിവാക്കുവാൻ നമുക്ക് കഴിയും. മികച്ച രോഗപര്യവേഷണ സംവിധാനങ്ങൾ ക്രമീകരിക്കപ്പെടുകകൂടി ചെയ്യുന്നതിലൂടെ വികസിത രാജ്യങ്ങളുടെ നിലവാരത്തിലേക്ക് സമീപ ഭാവിയിൽ കേരളം എത്തിച്ചേരുമെന്നത് സുനിശ്ചിതമായകാര്യമാണ്.

സംസ്ഥാനത്തെ 14 ജില്ലകളിലും നടത്തപ്പെട്ട ആസൂത്രണപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും പരിശീലന പ്രവർത്തനങ്ങളും മേൽനോട്ട പ്രവർത്തനങ്ങളും നിർവഹിക്കുന്നതിനും സംസ്ഥാനത്ത് ആദ്യമായി ആരോഗ്യകേരളം പദ്ധതിയുടെ ഘടകമെന്ന നിലയിൽ രൂപീകരിക്കപ്പെട്ട സാമൂഹികവികസന വിഭാഗത്തിന്റെ നേതൃത്വത്തിൽ കർമോന്മുഖരായ സാമൂഹികാരോഗ്യപ്രവർത്തകരുടെ ശ്രേണിതന്നെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുകയുണ്ടായി. കൂടാതെ നിർവഹണ ഉദ്യോഗസ്ഥർക്കും ആരോഗ്യ പ്രവർത്തകർക്കുമായി സംഘടിപ്പിക്കപ്പെട്ട പരിശീലനപരിപാടികളും ബ്ലോക്ക്തലംവരെ സംഘടിപ്പിക്കപ്പെട്ട സമഗ്ര ആരോഗ്യപദ്ധതികളും വർക്ഷോപ്പുകളും ആസൂത്രണ പ്രവർത്തനങ്ങൾക്ക് ഒരു പുത്തനുണർവുതന്നെ നൽകിയെന്നതിന് തെളിവായി, ആരോഗ്യമേഖലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവെച്ച പദ്ധതിവിഹിതത്തിന്റെ ക്രമമായ വർധനവ് കണക്കാക്കാവുന്നതാണ്.

### 2012-13 198 കോടി, 2013-14 301 കോടി, 2014-2015 342 കോടി (ഇതുവരെ)

എന്നാൽ ആരോഗ്യമേഖലയിൽ കൂടുതൽ ഫലപ്രദമായ ഇടപെടലിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് രാജ്യത്ത് ഇദംപ്രഥമമായി ആരോഗ്യകേരളം പുരസ്കാരം ഏർപ്പെടുത്തിയ സർക്കാർ നടപടി ലോകത്തിനുമുമ്പിൽ കേരളം സമർപ്പിക്കുന്ന മറ്റൊരു മാതൃകയായി തീർന്നിരിക്കുകയാണ്. സംസ്ഥാന തലത്തിൽ മികച്ച ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ, മുൻസിപ്പാലിറ്റി, കോർപറേഷൻ എന്നിവയ്ക്ക് ജില്ലാതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള പുരസ്കാരം നൽകുകയുണ്ടായി. സമ്മാനാർഹമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിച്ച മികച്ച പ്രവർത്തനങ്ങളെ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനായി ആരോഗ്യദർശൻ എന്നപേരിൽ സംപ്രേഷണം ചെയ്യപ്പെട്ട ദൂരദർശൻ ഡോക്യുമെന്ററി മറ്റൊരു നൂതന പ്രവർത്തനമായി പരിഗണിക്കപ്പെട്ടുകഴിഞ്ഞു. 2013-14 വർഷത്തെ പദ്ധതിപ്രവർത്തനത്തെ ആസ്പദമാക്കി ഐ.കെ.എം. തയാറാക്കിയ സോഫ്ടുവെയറിന്റെ സഹായത്തോടെ ഈ വർഷവും ആരോഗ്യകേരളം പുരസ്കാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരികയാണ്.

### മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിയ രോഗികൾ (2012-13)

| മെഡിക്കൽ കോളേജുകൾ | കിടക്കകൾ | | ഐ.പി. | | ഒ.പി. | | ശസ്ത്രക്രിയകളുടെ കണക്ക് | |
|---|---|---|---|---|---|---|---|---|
| | 2012 | 2013 | 2012 | 2013 | 2012 | 2013 | 2012 | 2013 |
| തിരുവനന്തപുരം | 3160 | 3160 | 170765 | 118545 | 1353060 | 1195012 | 32575 | 13937 |
| ആലപ്പുഴ | 1035 | 1035 | 50975 | 53734 | 710179 | 53734 | 3821 | 1184 |
| കോട്ടയം | 1604 | 1604 | 76898 | 79676 | 857648 | 993374 | 6571 | 6954 |
| തൃശൂർ | 1155 | 1155 | 61444 | 55406 | 680123 | 427379 | 6275 | 13987 |
| കോഴിക്കോട് | 3325 | 3325 | 122820 | 116325 | 1734932 | 560772 | 15743 | 9870 |
| ആകെ | 10279 | 10279 | 482902 | 423686 | 5335942 | 3230271 | 64985 | 45932 |

### പ്രധാന രോഗങ്ങളും രോഗബാധിതരും

| രോഗങ്ങൾ | 2012 | | 2013 (സെപ്റ്റംബർ വരെ) | |
|---|---|---|---|---|
| | ബാധിതർ | മരണം | ബാധിതർ | മരണം |
| വയറിളക്ക രോഗങ്ങൾ | 3118 | 11 | 2187 | 14 |
| ന്യുമോണിയ | 2035 | 136 | 1169 | .. |
| എന്ററിക് ഫീവർ | 561 | 1 | 327 | 3 |
| മീസിൽസ് | 166 | 0 | 215 | 0 |
| ശ്വാസകോശ അണുബാധ | 3170 | 38 | 1331 | 19 |
| ചിക്കൻപോക്സ് | 619 | 16 | 360 | 17 |
| ക്ഷയം | 2811 | 103 | 1625 | 101 |

ആരോഗ്യരംഗത്തിന് ഇതൊരു നവോത്ഥാനകാലഘട്ടമായാണ് ഗണിക്കപ്പെടുന്നത്. മികച്ച ഭൗതിക സാഹചര്യമൊരുക്കി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതലുള്ള ആരോഗ്യസ്ഥാപനങ്ങളെ നവീകരിക്കുകയും ചികിത്സാമേഖലയെന്നതുപോലെ തന്നെ പ്രാഥമികാരോഗ്യസംരക്ഷണത്തിനുതകുന്ന പ്രവർത്തനങ്ങളും പദ്ധതികളും സംസ്ഥാന കാഴ്ചപ്പാടോടെ തയാറാക്കി മുൻഗണനാക്രമമനുസരിച്ച് നടപ്പിലാക്കുകയും മാലിന്യസംസ്കരണം, ശുദ്ധമായ കുടിവെള്ളലഭ്യത ഉറപ്പാക്കൽ, പ്രാണി നിയന്ത്രണം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ, ബന്ധപ്പെട്ട വകുപ്പുകളിലൂടെ നടപ്പിലാക്കുകയും ചെയ്യുകയെന്ന ലക്ഷ്യവുമായി നാം മുന്നേറുകയാണ്. സമീപകാലത്ത് കേരളം തിരിച്ചറിഞ്ഞ ആരോഗ്യപ്രശ്നങ്ങളായ ജീവിതശൈലീരോഗങ്ങൾ, ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങളും പുനരധിവാസവും തുടങ്ങിയവ സംബന്ധിച്ചും സമഗ്ര ആരോഗ്യപദ്ധതി ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിതിന്റെ ഫലമായി സംസ്ഥാനതലത്തിൽ ജീവിതശൈലീരോഗ നിയന്ത്രണ പ്രവർത്തനവും ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനുള്ള പദ്ധതികളും നടന്നുവരുന്നു.

സമഗ്ര ആരോഗ്യപദ്ധതി സംസ്ഥാന സർക്കാരിന്റെ ദീർഘവീക്ഷണത്തിന്റെയും സേവനതത്പരതയുടെയും മകുടോദാഹരണമാണ്. ആരോഗ്യമെന്ന സംജ്ഞയെ അതിന്റെ സമ്പൂർണമായ അർഥത്തിൽത്തന്നെ സംപ്രാപ്തമാക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളെ ജനകീയ ഇടപെടലുകളിലൂടെ ഉത്തേജിതമാക്കപ്പെടാവുന്നതാണ്. തദ്ദേശസ്വയംഭരണ സംവിധാനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയമായി കൈകാര്യം ചെയ്യുകവഴി ആരോഗ്യമേഖലയിലെ വികേന്ദ്രീകൃതാസൂത്രണം അതിന്റെ ലക്ഷ്യം കൈവരിച്ച് ലോകത്തിനുതന്നെ മാതൃകയാകുമെന്നത് നിസ്തർക്കമാണ്. ■

*സമഗ്ര ആരോഗ്യപദ്ധതി, ആരോഗ്യകേരളം സംസ്ഥാന നോഡൽ ഓഫീസറാണ് ലേഖകൻ*

■ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ



# മെഡിക്കൽ വിദ്യാഭ്യാസ രംഗം ഉയരുന്ന സ്ത്രീശക്തി



ആതുരസേവനരംഗം കൂടുതൽ ലിംഗസമത്വത്തിലേക്കു നീങ്ങുന്നതാണ് ആഗോളതലത്തിൽ ഇപ്പോൾ കാണാനാവുന്ന പ്രവണത. 2003-ഓടെ അമേരിക്കയിലും അധികം വൈകാതെ ബ്രിട്ടനിലും മെഡിക്കൽ സ്കൂൾ പ്രവേശനം ലിംഗപരമായ തുലനാവസ്ഥയിലെത്തുന്നത് കാണാനായി. കൊറിയയിലെ മെഡിക്കൽ വിദ്യാർഥികളിൽ പകുതിയിലധികവും പെൺകുട്ടികളാണെന്നാണ് കണക്കാക്കുന്നത്. സമീപഭാവിയിൽതന്നെ അവരാവും ഭൂരിപക്ഷം. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ നേടിയ പുരോഗതിയാണ് മെഡിക്കൽ വിദ്യാർഥികളിലെ പെൺകുട്ടികളുടെ എണ്ണം വർധിക്കാൻ കാരണം. വടക്കേ അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ, റഷ്യ എന്നിവിടങ്ങളിലുള്ള മെഡിക്കൽ വിദ്യാർഥികളിൽ ശരാശരി 60 ശതമാനവും പെൺകുട്ടികളാണ്. മെഡിക്കൽ പ്രവേശനത്തെ അടിസ്ഥാനമാക്കിയാൽ ആഗോളതലത്തിൽത്തന്നെ അവരാണ് ഭൂരിപക്ഷം. താമസിയാതെ ഡോക്ടർ സമൂഹത്തിൽ ഭൂരിപക്ഷത്തിനെയും അവർ പ്രതിനിധാനം ചെയ്യും - ആതുരസേവന രംഗത്തിലെ സ്ത്രീത്വവത്കരിക്കൽ.

ഉയർന്നതോതിലുള്ള ഭൗതികജീവിത നിലവാരമുള്ളതിനാൽ കേരളം പ്രശസ്തമാണ്. ജനസംഖ്യയിലും സാക്ഷരതയിലും സ്ത്രീകൾക്കുള്ള മേൽക്കൈ തുടങ്ങിയ സൂചകങ്ങളും ദേശീയതലത്തിലെ കണക്കുകളിൽനിന്ന് കേരളത്തെ വ്യതിരിക്തമാക്കുന്നു. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ മെഡിക്കൽ തൊഴിൽ മേഖലയിലെ വർധിക്കുന്ന സ്ത്രീ പ്രതിനിധാനം സംഭാവ്യമാണ്. എം.ബി.ബി.എസ്. കോഴ്സുകളിൽ അടുത്തിടെയായി പ്രവേശനം നേടുന്ന പെൺകുട്ടികളുടെ എണ്ണത്തിലുള്ള വർധന സുവ്യക്തമാണ്. പക്ഷെ അത് കൂടുതൽ ശാസ്ത്രീയമായ പരിശോധനകൾക്ക് വിധേയമാകേണ്ടതുണ്ട്.

കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർഥികളുടെ സ്ത്രീ പ്രതിനിധാനം അന്വേഷിക്കുകയും ഭാവിയിലെ ആരോഗ്യസേവനരംഗത്ത് അതുണ്ടാക്കുന്ന പ്രതിഫലനങ്ങളും പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം

| വർഷം | അപേക്ഷകർ | | ലിംഗ അനുപാതം | തെരഞ്ഞെടുക്കപ്പെട്ടവർ | | ലിംഗ അനുപാതം | വിജയിച്ചവർ (ശതമാനത്തിൽ) | |
|---|---|---|---|---|---|---|---|---|
| | സ്ത്രീ | പുരുഷൻ | | സ്ത്രീ | പുരുഷൻ | | സ്ത്രീ | പുരുഷൻ |
| 2000 | - | - | - | 319 | 453 | 1420.06 | - | - |
| 2001 | - | - | - | 388 | 383 | 1133.14 | - | - |
| 2002 | 14606 | 21707 | 1486.17 | 364 | 406 | 1115.38 | 0.024921 | 0.018704 |
| 2003 | 16905 | 25466 | 1506.42 | 401 | 461 | 1149.63 | 0.023721 | 0.018103 |
| 2004 | 20073 | 30151 | 1502.07 | 528 | 440 | 833.33 | 0.026304 | 0.014593 |
| 2005 | 21823 | 32446 | 1486.78 | 508 | 479 | 942.91 | 0.023278 | 0.014763 |
| 2006 | 24097 | 37270 | 1546.67 | 636 | 645 | 1014.15 | 0.026393 | 0.017306 |
| 2007 | 27837 | 44384 | 1594.42 | 532 | 551 | 1035.71 | 0.019111 | 0.012414 |
| 2008 | 28857 | 48946 | 1696.15 | 517 | 681 | 1317.21 | 0.017916 | 0.013913 |
| 2009 | 28333 | 47034 | 1660.04 | 473 | 822 | 1737.84 | 0.016694 | 0.016694 |
| 2010 | 28284 | 48242 | 1705.63 | 487 | 823 | 1689.94 | 0.017218 | 0.01706 |
| 2011 | 29886 | 54888 | 1836.58 | 457 | 1012 | 2214.44 | 0.015291 | 0.015291 |

**കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ വിദ്യാർഥി പ്രവേശനത്തിലെ സ്ത്രീ-പുരുഷ അനുപാതം**

അപേക്ഷകരിലെ ലിംഗാനുപാതം 2002-ലെ 1486.17-ൽ നിന്നും 2011-ൽ എത്തിയപ്പോൾ 1836.57 ആയി ഉയർന്നു. 2004 -2005ലെ താഴോട്ടുപോക്ക് ഒഴിച്ചാൽ അത് വർധിക്കുക തന്നെയായിരുന്നു. തിരഞ്ഞെടുക്കപ്പെട്ടവരുടെ കാര്യത്തിലും 2000-ത്തിലെ 1420.06 ൽനിന്ന് 2214.44 ആയി 2011ൽ ഉയരുന്നതുകാണാം. 2001 ൽ 1133.4 ആയി കുറയുന്നു. വീണ്ടും വർധിക്കുന്ന അനുപാതം 2004 ൽ കുത്തനെ താഴുന്നു. 2005ൽ സ്ഥിതി തുടരുന്നു. 2009 ആയപ്പോൾ തിരഞ്ഞെടുക്കപ്പെട്ടവരുടെ അനുപാതം അപേക്ഷകരുടേതിനേക്കാൾ കൂടുന്നു. അതിനുശേഷം ആ പ്രവണത ഗണ്യമായി ഉയരുകതന്നെയാണെന്നാണ് പട്ടിക പരിശോധിച്ചാൽ കാണാൻ കഴിയുക.

## കേരളത്തിന്റെ സവിശേഷ പശ്ചാത്തലം

സ്ത്രീകൾക്കനുകൂലമായ കേരളത്തിലെ സാമൂഹ്യ-രാഷ്ട്രീയ പരിസ്ഥിതിയുടെ സ്വാധീനം വൈദ്യശാസ്ത്ര മേഖലയിലുമുണ്ട്. അത് പ്രതിഫലിപ്പിക്കുന്നതാണ് എം.ബി.ബി.എസ്. കോഴ്സുകളിലെ സ്ത്രീഅപേക്ഷകരുടെ വർധന. വൈദ്യശാസ്ത്രം തൊഴിൽമേഖലയായി തിരഞ്ഞെടുക്കാനുള്ള വാഞ്ഛ മാത്രമല്ല ഉയരുന്നത്, മത്സരക്ഷമത കൂടിയാണ്. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികളിലെ സ്ത്രീകൾക്ക് മുൻതൂക്കമുള്ള ലിംഗാനുപാതം അപേക്ഷകരുടെ അനുപാതത്തെ മറികടക്കുന്നതിന്റെ കാരണമിതാണ്. കൂടുതൽ കൂടുതൽ ആൺകുട്ടികൾ വൈദ്യശാസ്ത്ര മേഖലയേക്കാൾ മറ്റു പഠനരംഗങ്ങൾക്ക് മുൻതൂക്കം നൽകുന്നതുമാകാം. ഉദാഹരണം എൻജിനീയറിങ്. മതിയായ രേഖകളുടെ അഭാവത്തിൽ അതിനെപ്പറ്റി വിശദീകരിക്കാൻ ഇവിടെ മുതിരുന്നില്ല.

സ്ത്രീകൾ പാർട്ട് ടൈമായി ജോലിയെടുക്കുകയും നേരത്തെ തൊഴിൽമേഖല വിടുകയും ചെയ്യുന്നതിനാൽ സ്ത്രീ പ്രതിനിധാനം വർധിക്കുന്നത് മതിയായ തൊഴിൽ ശക്തി ലഭിക്കാതിരിക്കുന്നതിലേക്ക് നയിക്കുമെന്ന് ഒരു വാദമുണ്ട്. സ്ത്രീകളായ ജനറൽ പ്രാക്ടീഷണർ പുരുഷ ഡോക്ടർമാരെ അപേക്ഷിച്ച് കുറച്ചു രോഗികളെ മാത്രമെ കാണുന്നുള്ളൂ. സ്പെഷലിസ്റ്റുകളുടെ അടുത്തേക്ക് രോഗികളെ റഫർ ചെയ്യാനും സാധ്യതയുണ്ട്. ഇതുരണ്ടും പരിമിതമായ വിഭവശേഷി അമിതമായി വിനിയോഗിക്കുന്നതിലേക്കും ഫിസിഷ്യന്മാരുടെ ജോലിസമയത്തെ ഉത്പാദനക്ഷമത കുറയ്ക്കുന്നതിലേക്കും നയിക്കുന്നു. വെല്ലുവിളി സ്വീകരിക്കാൻ മടിയുള്ളവരും ജോലിയുടെ ദ്രുതവേഗത്തിൽ അസന്തുഷ്ടരുമായവർ ജനറൽ പ്രാക്ടീസിൽ നിന്ന് പിന്മാറുന്നു. അവരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. (Birgit Abelsel, Jan A Olsen, Walsh Gender എന്നിവരുടെ പഠനങ്ങൾ - www.biomedcentral.com, Gender, work and organization J 2013 എന്നീ സ്രോതസ്സുകൾ കാണുക).

> **സ്ത്രീകൾക്കനുകൂലമായ കേരളത്തിലെ സാമൂഹ്യ-രാഷ്ട്രീയ പരിസ്ഥിതിയുടെ സ്വാധീനം വൈദ്യശാസ്ത്ര മേഖലയിലുമുണ്ട്. അത് പ്രതിഫലിപ്പിക്കുന്നതാണ് എം.ബി.ബി.എസ്. കോഴ്സുകളിലെ സ്ത്രീ അപേക്ഷകരുടെ വർധന. വൈദ്യശാസ്ത്രം തൊഴിൽമേഖലയായി തിരഞ്ഞെടുക്കാനുള്ള വാഞ്ഛ മാത്രമല്ല ഉയരുന്നത്, മത്സരക്ഷമത കൂടിയാണ്.**

പക്ഷെ യഥാർഥത്തിൽ മെഡിക്കൽ പ്രാക്ടീസിൽ പുരുഷന്മാരിൽനിന്ന് വ്യത്യസ്തമായി അഭിലഷണീയമായ പല ഗുണപരമായ സവിശേഷതകളും കൊണ്ടുവരാൻ സ്ത്രീകൾക്ക് കഴിയുന്നു. കൂടുതൽ അനുതാപാർദ്രമായ, രോഗീകേന്ദ്രിതമായ സ്ത്രീ ഡോക്ടർമാരുടെ ശൈലി രോഗികളെ സംബന്ധിച്ച് ഗുണപരമാണ്. പരിശോധനയിൽ തങ്ങളുടെ വികാരങ്ങളെ മനസ്സിലാക്കാൻ കഴിയുന്നവരെ ഇഷ്ടപ്പെടുന്ന സ്ത്രീരോഗികളുമായി എളുപ്പം ഇണങ്ങിച്ചേരാൻ കഴിയുന്നതും സ്ത്രീഡോക്ടർമാർക്കാണെന്ന് കണ്ടെത്തിയിട്ടുണ്ട്. രോഗികളെ കൂടുതൽ സഹാനുഭൂതിയോടും അടുപ്പത്തോടും ചികിത്സിക്കുന്നതും മരുന്നിന്റെ മനശ്ശാസ്ത്രപരവും വിനിമയാത്മകവുമായ വശങ്ങളിൽ കൂടുതൽ ശ്രദ്ധ കാട്ടുന്നതും അവരാണെന്ന് പഠനങ്ങൾ പറയുന്നു. പുരുഷ സഹപ്രവർത്തകരെ അപേക്ഷിച്ച് കുറച്ചുമാത്രം പരാതികൾ ഏൽക്കേണ്ടിവരുന്നതും ശിക്ഷിക്കപ്പെടാൻ കുറച്ചു മാത്രം സാധ്യതയുള്ളതും സ്ത്രീ ഡോക്ടർമാരാണെന്ന് ബ്രിട്ടനിലെ നാഷണൽ പേഷ്യന്റ് സേഫ്റ്റി ഏജൻസിയുടെ പഠനത്തിൽ പറയുന്നു(2010).

അതേസമയം ചികിത്സാ രംഗത്തുള്ള സ്ത്രീകൾ പുരുഷ സഹപ്രവർത്തകരെ അപേക്ഷിച്ച് കൂടുതൽ പ്രശ്നങ്ങൾ നേരിടുന്നു. പുരുഷ ഡോക്ടർമാരെ അപേക്ഷിച്ച് ജോലിയിൽ മടുപ്പ് കൂടുതൽ അനുഭവിക്കാൻ സാധ്യതയും അവർക്കാണ്. വലിയ ജോലിഭാരം, അസംതൃപ്തി, കൂടിയ തൊഴിൽ സമയം എന്നിവ പ്രാക്ടീസ് ചെയ്യുന്ന സ്ത്രീരോഗ വിദഗ്ധരുടെ മാനസിക സമ്മർദ്ദത്തിലാഴ്ത്തുന്ന വ്യക്തിപരമായ ഘടകങ്ങളാണ്.

സ്ത്രീ ഡോക്ടർമാർ ചൂഷണം ചെയ്യപ്പെടുന്നുമുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് കുറഞ്ഞ ശമ്പളവും ജനറൽ പ്രാക്ടീഷണർമാർക്ക് കുറഞ്ഞ വരുമാനവുമാണ് ലഭിക്കുന്നത്. തുല്യജോലിക്ക് തുല്യവേതനമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാണിത്. ഏതാനും ചില സ്ഥാപനങ്ങൾ ഡോക്ടർമാരുടെ ഉടമസ്ഥതയിലുണ്ടെങ്കിലും തൊഴിൽ തർക്കങ്ങളിൽ ഈ രംഗത്തെ തൊഴിൽ സംഘടനകൾ മിക്കപ്പോഴും ആശുപത്രി മാനേജ്മെന്റിനെയാണ് അനുകൂലിക്കാറ്. ട്രേഡ് യൂണിയനുകൾക്കും സ്ത്രീ സംഘടനകൾക്കും സ്ത്രീ ഡോക്ടർമാർക്കിടയിൽ ഉത്തരവാദിത്വപരമായ പങ്ക് വഹിക്കാനുണ്ട്. പ്രത്യേകിച്ചും കുറഞ്ഞ വേതനം ഉൾപ്പെടെയുള്ള ചൂഷണങ്ങൾക്കെതിരെ.




## പുരുഷാധീശത്വം ഒഴിവാക്കാൻ

കരിയറിലെ ഉന്നമനത്തിലും സ്ത്രീ ഡോക്ടർമാരെ ഒരുപാട് ബന്ധനങ്ങൾ കാത്തിരിക്കുന്നുണ്ട്. കുറെക്കൂടി പതിയെയാണ് അവർ പദവിയുടെ പടവുകൾ കയറുക. ഘടനാപരമായ പരിമിതികളാൽ നേതൃത്വപരമായ റോളുകൾ അവർക്ക് ഉടനെ ലഭിക്കുന്നില്ല. യോഗ്യത, തൊഴിൽ, പദവി എന്നിവ മനുഷ്യമൂലധന കവചങ്ങളായി പരിഗണിക്കപ്പെടുന്നു. എന്നിട്ടും അതൊന്നും ബ്രിട്ടനിലേക്കു കുടിയേറുന്ന ഡോക്ടർമാർക്ക് തുല്യപരിഗണന ഉറപ്പാക്കാൻ മതിയാവുന്നില്ല. അതിൽതന്നെ ഏറെ ചേതം നേരിടുന്നത് സ്ത്രീകൾക്കാണ്.



വിദ്യാർഥികൾ എന്ന നിലയിൽ ലിംഗപരമായ സമത്വം കൈവരിച്ചാലും ഇന്നത്തെ വിദ്യാർഥികളാണ് നാളത്തെ തൊഴിൽശക്തിയെന്നതിനാൽ വൈദ്യശാസ്ത്ര സംസ്കാരത്തിലെ പുരുഷാധീശത്വം നിലനിർത്തിക്കൊണ്ട് അസമത്വങ്ങൾ തുടരും. വൈദ്യശാസ്ത്രത്തിന്റെ സ്ത്രീവത്കരണം തൊഴിൽശക്തിയുടെ ആസൂത്രണത്തിൽ പുനരാലോചന ആവശ്യമാക്കിയിരിക്കുന്നു. സ്ത്രീ ഡോക്ടർമാർക്ക് വ്യത്യസ്തമായി വിഭവനം ചെയ്യപ്പെട്ട നേതൃത്വപദവികൾ ലഭിക്കാനുള്ള പ്രോത്സാഹനം വേണ്ടതുണ്ട്.

വിദൂരഗ്രാമങ്ങളിൽ ഡോക്ടർമാരെ ലഭ്യമാകാതിരിക്കൽ, നഗരങ്ങളിലെ ആശുപത്രികളിൽ അവർ കേന്ദ്രീകരിക്കൽ തുടങ്ങിയവയ്ക്ക് ലിംഗാനുപാതത്തിലുള്ള ഈ മാറ്റങ്ങളും കാരണമായേക്കും

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാൽ വിദൂര പ്രദേശങ്ങൾ ഒഴിവാക്കുന്നതാകാം. നിരവധി ഡോക്ടർമാരുള്ള വൻ ആശുപത്രികളിൽ അവർക്ക് സൗഹൃദം പങ്കിടാവുന്നവരുണ്ടാകും. സമീപപ്രദേശങ്ങളിലെ ഗ്രാമീണ ക്ളിനിക്കുകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ കൂട്ടായ്മകൾ രൂപീകരിക്കാം. ഗ്രാമപ്രദേശങ്ങളിൽ സർക്കാർ സഹായത്തോടെയുള്ള വൈദ്യശാസ്ത്ര തുടർ വിദ്യാഭ്യാസ പരിപാടി ചികിത്സയിലെ നൈപുണ്യം വർധിപ്പിക്കാനും സൗഹൃദങ്ങൾ വളർത്താനും സഹായിക്കും. ഭരണനിർവഹണ-അക്കാദമിക് മേഖലകളിൽ സ്ത്രീകൾക്ക് സീറ്റുകൾ നീക്കിവെക്കുന്നതും അവരുടെ മാത്രം സ്ഥാനക്കയറ്റത്തിനായി അതിദ്രുത സംവിധാനമൊരുക്കുന്നതും പരിഗണിക്കാവുന്നതാണ്. ഒരിക്കൽ കടമ്പ കടന്നാൽ നിശ്ചിത നിലവാരത്തിലേക്ക് അവർ ഉയർന്നുകൊള്ളും. ആരോഗ്യസുരക്ഷ മേഖലയിൽ സ്ത്രീകളുടെ നൈപുണ്യം പിന്തള്ളപ്പെടാതിരിക്കാൻ അക്കാദമിക മേഖലയിലും മറ്റു വേദികളിലും ഈ വിഷയം കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ■

*കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ ഡീനാണ് ലേഖകൻ*

*(ആരോഗ്യസർവകലാശാലയുടെ ഇ-ജേണലിൽ healthsciences.ac.in (2014 ജനുവരി-മാർച്ച്) പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പരിഭാഷ)*



■ ഗോപു എൻ. ചന്ദ്രൻ

# ഡ്രഗ്സ് കൺട്രോൾ ബോർഡ് മരുന്നുകളുടെ ആശുപത്രി

**മരുന്നുകളുടെ കച്ചവടവത്കരണം ഏറുമ്പോൾ ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രസക്തി വ്യക്തമാണ്**

ഇന്ത്യയിലെ ആരോഗ്യസംരക്ഷണ രംഗത്ത് മുന്നിട്ടുനിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിന്റെ തനതായ പാരമ്പര്യ ചികിത്സാരീതികളിൽ ഇന്ന് ഏറെ മുന്നിട്ടു നിൽക്കുന്നത് അലോപ്പതി ചികിത്സാരീതിയാണ്. പാശ്ചാത്യരാജ്യങ്ങളിൽ ഉത്ഭവിച്ച ഈ ചികിത്സാരീതി ഇതിനോടകം തന്നെ കേരളത്തിലെ ആരോഗ്യസംരക്ഷണരംഗത്ത് നെടുന്തൂണായി മാറിക്കഴിഞ്ഞിരിക്കുന്നു.

ആധുനിക കാലത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായ മരുന്നുകൾ ഉത്പാദിപ്പിക്കാൻ സാധിക്കുന്നതാണ് അലോപ്പതിയുടെ നേട്ടം. ദിവസേന ഒട്ടനവധി മരുന്നുകളാണ് അലോപ്പതിമേഖലയിൽ നിന്ന് ഇന്ന് വിപണികളിൽ എത്തുന്നത്. സൗന്ദര്യവർധക മരുന്നുകളുടെ കാര്യത്തിലായാലും സ്ഥിതി ഇതുതന്നെ. ഏതൊരു ഉത്പന്നത്തെപ്പോലെയും മരുന്നുകളുടെ കാര്യത്തിലും അനിവാര്യതയിലും ഗുണനിലവാരത്തിനുമപ്പുറം ഒരു കച്ചവടവത്കരണമാണ് ഇന്നു നടക്കുന്നത്. ഈ ഘട്ടത്തിലാണ് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഡ്രഗ്സ് കൺട്രോൾ ബോർഡ് എന്ന സ്ഥാപനത്തിന്റെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. ആയൂർവേദത്തിലും യുനാനി, സിദ്ധ ചികിത്സാരീതിയിലും ഈ നിയന്ത്രണം ആവശ്യമാണ്. കേരളത്തിൽ നിർമിക്കുന്നതായ മരുന്നുകളുടെയും മറ്റു സ്ഥലങ്ങളിൽ നിന്ന് വിപണിയിലെത്തുന്നവയുടെയും ലൈസൻസ്, മരുന്നിന്റെ ഗുണനിലവാരം എന്നിവ തീരുമാനിക്കുന്നത് കേരള ഡ്രഗ് കൺട്രോൾ ബോർഡാണ്. അഖിലേന്ത്യാലത്തിൽ ഈ ബോർഡ് ഡ്രഗ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ സംസ്ഥാനതലത്തിലായി ഇവർക്ക് ആറ് സോണൽ ഉദ്യോഗസ്ഥരും ഡ്രഗ് പരിശോധനാലാബുകളുമുണ്ട്. ആയുർവേദ, സിദ്ധ യുനാനി



ചികിത്സാവിഭാഗങ്ങളിലും ഇതുപോലെ ഉദ്യോഗസ്ഥരും ലാബുകളും ഉൾപ്പെടുന്നുണ്ട്.

### പ്രവർത്തനരീതി

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി ആറു സോണൽ ഓഫീസുകളും ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നു. ഇതിനുകീഴിൽ ജില്ലാതല ഓഫീസുകളുമുണ്ട്. ഇവരാണ് ജില്ലാതലത്തിലുള്ള നിരീക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത്. ഡ്രഗ്സ് ആൻഡ് കോസ്മറ്റിക്സ് ആക്ട് - 1940 ആൻഡ് റൂൾസ് -1945 എന്ന നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഡ്രഗ് കൺട്രോൾബോർഡ് പ്രവർത്തിക്കുന്നത്.

### പ്രവർത്തനങ്ങൾ

- വിപണിയിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുക.



- മരുന്നുകളുടെയും സൗന്ദര്യവർധക മരുന്നുകളുടെയും ഉത്പാദനവും വിതരണവും വില്പനയും നിയന്ത്രിക്കുക.
- ഗുണമേന്മയില്ലാത്തതും മായംചേർത്തതുമായ മരുന്നുകളുടെയും സൗന്ദര്യവർധക ഉത്പന്നങ്ങളെയും കണ്ടെത്തി നിരോധിക്കുക
- നിരോധിത മരുന്നുകളുടെ ഉത്പാദനവും വില്പനയും തടയുക
- സർക്കാർ നിശ്ചയിച്ച വിലയിൽനിന്ന് അമിതവില ഈടാക്കുന്നത് തടയുക
- മരുന്നുകളുടെ ഉപയോഗത്തെയും ഗുണമേന്മയെയുംകുറിച്ച് തെറ്റായ പരസ്യപ്രചരണം നടത്തുന്നത് തടയുക.
- സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളിൽ തിരിമറികളുണ്ടാകാതെ ശ്രദ്ധിക്കുക.
- അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക.
- വിഷാംശം അടങ്ങിയിട്ടുള്ള മരുന്നുകളുടെ വിതരണം നിയന്ത്രിക്കുക.
- ആയുർവേദ ഉത്പന്നങ്ങളുടെ ഉത്പാദനം ക്രമീകരിക്കുക.
- കാൻസർ പോലുള്ള മാരകരോഗങ്ങളുള്ളവർ ഉപയോഗിക്കുന്ന വേദനസംഹാരികളുടെ ലഭ്യത ഉറപ്പുവരുത്തുക.

ഡ്രഗ് കൺട്രോളറുടെ കീഴിൽ മറ്റൊരു ഇന്റലിജൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അസിസ്റ്റന്റ് ഡ്രഗ് കൺട്രോളറുടെ (ഐ.ബി) നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ വിഭാഗത്തിന് ജില്ലാതല ഓഫീസുകളും അവിടെയെല്ലായിടത്തും ഓരോ ഇൻസ്പെക്ടർ വീതവുമുണ്ട്. രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇവർ പ്രവർത്തിക്കുന്നത്. വിപണിയിലുണ്ടാകുന്ന എല്ലാ തിരിമറികളും അഴിമതികളും കണ്ടുപിടിക്കുകയും മിന്നൽ പരിശോധന നടത്തി വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സോണൽ ഓഫീസുകളിലെ ഡ്രഗ് ഇൻസ്പെക്ടർമാർ തങ്ങളുടെ അധികാര പരിധിയിലുള്ള വിപണികളിലെ മരുന്നുകളുടെ സാമ്പിളുകൾ ശേഖരിക്കുകയും അവ ലാബിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന മരുന്നിന്റെ കാര്യത്തിൽ ഓരോവിഭാഗത്തിലെയും സാമ്പിളിന്റെ പരിശോധന ഇവർ ഉറപ്പുവരുത്തുന്നു.

തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലാണ് പരിശോധനാകേന്ദ്രങ്ങളുള്ളത്. ഇൻസ്പെക്ടർമാർ ശേഖരിക്കുന്ന സാമ്പിളുകൾ ഈ കേന്ദ്രങ്ങളിലാണ് പരിശോധിക്കുന്നത്. അത്യാധുനിക യന്ത്രങ്ങളുടെയും വിദഗ്ധ ടെക്നീഷ്യന്മാരുടെയും സേവനം ഇവിടെ ലഭ്യമാണ്. മരുന്നുകളിലും സൗന്ദര്യവർധക ഉത്പന്നങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന രാസപദാർഥങ്ങളുടെ കണക്ക് കൃത്യമാണോയെന്ന് ലാബിൽ പരിശോധിക്കുകയും ഒപ്പം ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതിലൂടെ മികച്ച മരുന്നുകൾ മാത്രം വിപണിയിലെത്തിക്കാൻ സഹായകമാകുന്നു. ഏകദേശം ആറായിരം സാമ്പിളുകളാണ് പ്രതിവർഷം ഈ ലാബുകളിൽ പരിശോധിക്കപ്പെടുന്നത്. ലാബുകളുടെ മികച്ച പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് 2011-14 കാലയളവിൽ ഏകദേശം അറുന്നൂറോളം ഗുണനിലവാരമില്ലാത്ത മരുന്നുകൾ കണ്ടെത്താൻ സാധിച്ചത്. ഇത്തരം ലാബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തൃശൂർ, കോഴിക്കോട്, റാന്നി എന്നിവിടങ്ങളിലായി മൂന്ന് പുതിയ അത്യാധുനിക ലാബുകൾ ആരംഭിക്കാനായി നടപടികൾ പൂർത്തിയായിവരുന്നു.

**സി-ഡിറ്റിന്റെ സഹായത്തോടെ പുതുതായി രൂപവത്കരിച്ച സോഫ്ടുവെയറിന്റെ സഹായത്താൽ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിവരങ്ങൾ അതിവേഗം സംസ്ഥാനവ്യാപകമായി എത്തിക്കാനും അത്തരം മരുന്നുകൾ എത്രയുംപെട്ടെന്ന് വിപണിയിൽനിന്ന് നിരോധിക്കാനും ഇവർ സജ്ജരാണ്**

### നേട്ടങ്ങളും ലക്ഷ്യങ്ങളും

സി-ഡിറ്റിന്റെ സഹായത്തോടെ പുതുതായി രൂപവത്കരിച്ച സോഫ്ടുവെയറിന്റെ സഹായത്താൽ ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിവരങ്ങൾ അതിവേഗം സംസ്ഥാനവ്യാപകമായി എത്തിക്കാനും അത്തരം മരുന്നുകൾ എത്രയുംപെട്ടെന്ന് വിപണിയിൽനിന്ന് നിരോധിക്കാനും ഇവർ സജ്ജരാണ്. കൂടാതെ ഡ്രഗ്സ് കൺട്രോൾ ലാബുകളുടെ എണ്ണം വർധിപ്പിക്കുന്നത് പരിശോധന വ്യാപിപ്പിക്കാനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സഹായകമാകും.

'സേഫ് ക്യാംപസ് ക്ലീൻ ക്യാംപസ്' എന്ന പ്രചാരണപ്രവർത്തനത്തിലൂടെ സിറിഞ്ചുകളുടെ ദുരുപയോഗം തടയാൻ സംസ്ഥാനവ്യാപകമായി കർശനനടപടിയും പരിശോധനകളും ഡ്രഗ് കൺട്രോൾ ബോർഡ് നടത്തുന്നുണ്ട്. ഇതുവഴി ക്യാംപസുകളിലെ വ്യാപകമായ മയക്കുമരുന്നുപയോഗം ഒരു പരിധിവരെ തടയാനാകും. ■

■ ഡോ. പി. രമണി



# കാൻസർ ഗവേഷണവും ആർ. സി. സിയും

**കാൻസർ ചികിത്സാ ഗവേഷണ രംഗത്ത് ശ്രദ്ധേയമായ സംഭാവനകളാണ് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ നൽകുന്നത്**



കാൻസർ രോഗത്തിന് ഉന്നതനിലവാരത്തിലുള്ള ചികിത്സയ്ക്കും ഗവേഷണത്തിനും പ്രാധാന്യം നൽകിയിട്ടുള്ള സ്ഥാപനമാണ് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ. 1981 ൽ ഈ സ്ഥാപനം തുടങ്ങുമ്പോൾ തന്നെ ഒരു ഗവേഷണ വിഭാഗവും ഉൾപ്പെടുത്തിയിരുന്നു. കാൻസർ രംഗത്തെ സെല്ലുലാർ, മോളികുലാർ, ജനിതകതലത്തിൽ പഠിക്കുവാനും നമ്മുടെ നാട്ടിൽ കൂടുതലായി കണ്ടുവരുന്ന കാൻസറുകൾ ആരംഭത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുള്ള മാർഗങ്ങൾ വികസിപ്പിക്കുവാനും കൂടുതൽ ഫലപ്രദമായ രീതിയിൽ പാർശ്വഫലങ്ങൾ കുറഞ്ഞ ചികിത്സാരീതികൾ ആവിഷ്കരിക്കുക എന്നിവയുമാണ് ആർ.സി.സിയിലെ ഗവേഷണങ്ങളുടെ മുഖ്യലക്ഷ്യം.

കേരളത്തിൽ കണ്ടുവരുന്ന കാൻസറുകളിൽ വളരെ പ്രധാനമാണ് വായിലെ കാൻസർ. ഈ രോഗത്തിനു കാരണമാകുന്ന ജനിതക തന്മാത്രകളെ കണ്ടെത്തുവാനും അവയെക്കുറിച്ച് പൂർണമായി വിശകലനം ചെയ്യാനും ആർ.സി.സിയിലെ ഗവേഷകർക്കു കഴിഞ്ഞിട്ടുണ്ട്. വായിലെ കാൻസറും ഹൂമൻ പാപ്പിലോമ എന്ന വൈറസ് (എച്ച്.പി.വി.) ബാധയുമായുള്ള ബന്ധത്തെക്കുറിച്ചും ഈ രോഗം ആരംഭത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും ഗവേഷണങ്ങൾ നടന്നുവരുന്നു. കോശവിഭജനപ്രക്രിയയിൽ നിർണായകമായ ചില ഘടകങ്ങളിൽ വരുന്ന ജനിതകമാറ്റങ്ങൾ വായിലെ കാൻസറിന് കാരണമാണെന്ന് മനസ്സിലാക്കാൻ ഇവിടെ നടക്കുന്ന ഗവേഷണങ്ങളിൽ നിന്ന് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ മൈക്രോ ആർ.എൻ.എ. അഥവാ അതിസൂക്ഷ്മ ആർ.എൻ.എ. തന്മാത്രകൾ വായിലെയും ഗർഭാശയഗളത്തിലെയും അർബുദവളർച്ചയെ



> ആനച്ചുവടി, കോലിഞ്ചി, അടവികച്ചോല, മുള്ളൻ കത്തിരി, സീതപ്പഴം എന്നീ ഔഷധ സസ്യങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. കാൻസർ കോശങ്ങളെ നശിപ്പിക്കുവാൻ കഴിവുള്ള ചില ഘടകങ്ങൾ ഇവയിൽ നിന്നും വേർതിരിച്ചെടുക്കാനും അവയെ ശുദ്ധീകരിച്ച് അവയുടെ രാസഘടന മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. ലബോറട്ടറിയിൽ വളർത്തുന്ന കാൻസർ കോശങ്ങളെ അപോപ്റ്റോസിസ് എന്ന പ്രക്രിയയിലൂടെ നശിപ്പിക്കുവാൻ ഈ ഘടകങ്ങൾക്ക് കഴിവുള്ളതായി കണ്ടുപിടിച്ചിട്ടുണ്ട്.

പ്രതിരോധിക്കുന്നതിൽ ഒരു അവിഭാജ്യ ഘടകമാണെന്ന് ഇവിടുത്തെ ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്.

### സസ്യസമ്പത്തും കാൻസർവിരുദ്ധ ഘടകങ്ങളും

കേരളത്തിൽ സുലഭമായ ഔഷധ സസ്യങ്ങളിൽ കാൻസർ ചികിത്സയ്ക്കുതകുന്ന പല ഘടകങ്ങളും അടങ്ങിയിട്ടുണ്ട്. ആയുർവേദത്തിൽ കഷായം, അരിഷ്ടം, ലേഹ്യം എന്നിങ്ങനെയുള്ള രൂപത്തിൽ ഇവ നേരിട്ടുപയോഗിച്ചുവരുന്നു. അമൂല്യമായ നമ്മുടെ ഈ സസ്യസമ്പത്ത് ശാസ്ത്രീയമായി കാൻസർ ചികിത്സാരംഗത്ത് എങ്ങനെ ഉപയോഗിക്കാമെന്ന് ആർ.സി.സിയിലെ ഒരുവിഭാഗം ഗവേഷകർ പഠനം നടത്തിവരുന്നു. ആനച്ചുവടി, കോലിഞ്ചി, അടവികച്ചോല, മുള്ളൻ കത്തിരി, സീതപ്പഴം എന്നീ ഔഷധ സസ്യങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. കാൻസർ കോശങ്ങളെ നശിപ്പിക്കുവാൻ കഴിവുള്ള ചില ഘടകങ്ങൾ ഇവയിൽനിന്നും വേർതിരിച്ചെടുക്കാനും അവയെ ശുദ്ധീകരിച്ച് അവയുടെ രാസഘടന മനസ്സിലാക്കാനും കഴിഞ്ഞിട്ടുണ്ട്. ലബോറട്ടറിയിൽ വളർത്തുന്ന കാൻസർ കോശങ്ങളെ അപോപ്റ്റോസിസ് എന്ന പ്രക്രിയയിലൂടെ നശിപ്പിക്കുവാൻ ഈ ഘടകങ്ങൾക്ക് കഴിവുള്ളതായി കണ്ടുപിടിച്ചിട്ടുണ്ട്. ഇതിന്റെ രണ്ടാം ഘട്ട പഠനങ്ങൾ നടന്നുവരുന്നു. അതുപോലെ ആഞ്ഞിലിക്കുരു, ചക്കക്കുരു, വാളൻ പയർ, ചതുരപ്പയർ, പാവൽ, പടവലം എന്നിവയിൽ നിന്നുള്ള പ്രത്യേകതരം പ്രോട്ടീൻ ശുദ്ധീകരിച്ചെടുക്കാനും അവയ്ക്ക് കാൻസർരോഗനിർണയത്തിലും ചികിത്സയിലുമുള്ള സാധ്യതകളെക്കുറിച്ച് പഠിക്കാനും കഴിഞ്ഞിട്ടുണ്ട്.

ഭക്ഷ്യയോഗ്യമായ ചില പഴങ്ങളുടെ വിത്തുകളിൽ (വാളൻപുളി, മാങ്ങ) നിന്നും പുറന്തോടിൽ (മാതളം) നിന്നും വേർതിരിച്ചെടുക്കുന്ന പോളിസാക്കറൈഡ്സ് എന്ന രാസവസ്തു അർബുദത്തിനെതിരെ പ്രവർത്തിക്കുന്നതായി കണ്ടെത്തുകയും അതിന്റെ പ്രവർത്തനരീതികൾ ഗവേഷണത്തിലൂടെ മനസ്സിലാക്കുകയും ചെയ്തു. ഈ പോളിസാക്കറൈഡ്സ് അർബുദം ബാധിച്ച കോശങ്ങളെ മാത്രം നശിപ്പിക്കുകയും സാധാരണ കോശങ്ങളെ ഉപദ്രവിക്കാതെ വിടുകയും ചെയ്യുന്നു എന്നുമാത്രമല്ല രോഗിയുടെ പ്രതിരോധശേഷി വർധിപ്പിക്കുകയും ചെയ്യുന്നതായി കാണപ്പെട്ടു. പിന്നീട് ഈ പോളിസാക്കറൈഡ്സിന്റെ പ്രവർത്തനശേഷി കൂട്ടുവാനുള്ള ഗവേഷണത്തിന്റെ ഫലമായി ഇവ ഉപയോഗിച്ച് ചെറുകണികകളുണ്ടാക്കിയെടുക്കുന്നതിൽ ആർ.സി.സിയിലെ ഗവേഷണവിഭാഗം വിജയിച്ചു. പ്രധാനമായും രണ്ടുതരം നാനോ പാർട്ടിക്കിളുകളിലാണ് ഇപ്പോൾ ഗവേഷണം പുരോഗമിക്കുന്നത്. സ്വർണത്തിന്റെ സംയുക്തമായി ഓറിക്ക് ക്ലോറൈഡ് എന്ന രാസപദാർഥവും പോളിസാക്കറൈഡ്സും ചേർത്തുണ്ടാക്കിയ നാനോ പാർട്ടിക്കിൾസും അർബുദചികിത്സയ്ക്കായി ഉപയോഗിക്കുന്ന ഡോക്സോറൂബിസിൻ എന്ന മരുന്നും പോളി സാക്കറൈഡ്സും ചേർത്തുണ്ടാക്കിയ നാനോപാർട്ടിക്കിൾസും അർബുദചികിത്സയ്ക്ക് വളരെ പ്രയോജനപ്രദമാണെന്നും കണ്ടെത്തിക്കഴിഞ്ഞു. ഇവ മനുഷ്യശരീരത്തിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് കണ്ടുപിടിക്കുന്നതിനുള്ള ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതോടൊപ്പം തന്നെ കുട്ടികളിലുണ്ടാകുന്ന അർബുദത്തിലെ ജനിതകമാറ്റങ്ങൾ മനസ്സിലാക്കി അവയ്ക്കെതിരായി ഈ നാനോപാർട്ടിക്കിൾസ് എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ള പഠനങ്ങളും പുരോഗമിക്കുന്നു.

### സ്ത്രീകളിലെ അർബുദം

കേരളത്തിലെ സ്ത്രീകളിൽ കണ്ടുവരുന്ന കാൻസറുകളിൽ പ്രധാനമായ ഒന്നാണ് ഗർഭാശയഗള കാൻസർ. ഈ കാൻസർ ആരംഭത്തിൽ കണ്ടുപിടിക്കുന്നതിനുള്ള സൂക്ഷ്മ പരിശോധനയായ പാപ്സ്മിയർ ടെസ്റ്റ് വ്യാപകമാക്കാനായി കംപ്യൂട്ടറിന്റെ സഹായത്താൽ ലബോറട്ടറിയിൽ പാപ്സ്മിയർ വിശകലനം ചെയ്യുന്നതിനുള്ള ഒരു സോഫ്ടുവെയർ വികസിപ്പിച്ചെടുക്കുവാൻ ആർ.സി.സിയിലെ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തെ സെന്റർ ഫോർ അഡ്വാൻസ്ഡ് കംപ്യൂട്ടിങ്, സ്വീഡനിലെ ഉപസാലാ യൂണിവേഴ്സിറ്റി എന്നിവയുടെ സാങ്കേതിക സഹകരണവും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും വികസിപ്പിച്ചെടുത്ത ഈ സോഫ്ടുവെയർ ഇപ്പോൾ ഇന്ത്യയിലെ മറ്റു കാൻസർ സെന്ററുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുള്ള പഠനത്തിനായി കേന്ദ്രസർക്കാർ നടപടികളെടുത്തുവരുന്നു. ഈ പഠനംകൂടി കഴിഞ്ഞാൽ മേൽപ്പറഞ്ഞ സോഫ്ടുവെയർ ഉപയോഗിച്ച് പാപ്സ്മിയർ പരിശോധന



വ്യാപകമാക്കാനും അതുവഴി ഗർഭാശയഗള കാൻസർ നിയന്ത്രണവിധേയമാക്കാനും കഴിയും. സമീപകാലത്തായി കേരളത്തിൽ തൈറോയ്ഡ് ഗ്രന്ഥിയിലെ കാൻസറുകളുടെ എണ്ണം വർധിച്ചുവരുന്നതായി കാണുന്നു. എസ്.എൻ.എ.സി. (ഫൈൻ നീഡിൽ ആസ്പിറേഷൻ സൈറ്റോളജി) പരിശോധനയിൽ രോഗനിർണയം അസാധ്യമായ ചില തൈറോയ്ഡ് കാൻസറുകളുടെ രോഗനിർണയത്തിനുതകുന്ന ചില പ്രോട്ടീനുകളുടെ ഉപയോഗക്ഷമത ഉറപ്പുവരുത്തുന്നതിനും ആർ.സി.സിയിലെ ഗവേഷണങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കഫ കോശപരിശോധനയിലൂടെ (സ്പെറ്റം സൈറ്റോളജി) ശ്വാസകോശ കാൻസർ ആരംഭത്തിലേ കണ്ടുപിടിക്കാനുള്ള സാധ്യതകളും പഠിച്ചുവരുന്നു.

കേരളത്തിലെ സ്ത്രീകളിലെ കാൻസറുകളിൽ ഏറ്റവും കൂടുതലായി കണ്ടുവരുന്നത് സ്തനാർബുദമാണ്. വർധിച്ചുവരുന്ന ഈ രോഗവും ഹോർമോണുകളുടെ ബന്ധവും വിശകലനം ചെയ്തുവരുന്നു. അതുപോലെ സ്തനാർബുദവും ഓവറിയിലെ കാൻസറും ആരംഭത്തിലേ കണ്ടുപിടിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചും പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ജീവിതശൈലിയും ഈ കാൻസറുകളും തമ്മിൽ ബന്ധമുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ കുട്ടികളിൽ കണ്ടുവരുന്ന പ്രധാന കാൻസറുകളിലൊന്നായി രക്താർബുദം അഥവാ ലുക്കീമിയ രോഗത്തിന് കാരണമായ ജനിതക ഘടകങ്ങൾ മനസ്സിലാക്കാനുള്ള പഠനങ്ങളും നടന്നുവരുന്നു. കാൻസർ ജന്യമായ പല ഉൾപ്പരിവർത്തനങ്ങളും മനസ്സിലാക്കുവാൻ കാരിയോടൈപ്പിങ്, ഫിഷ് (എഫ്.ഐ.എസ്.എച്ച്), ആർ.ടി.പി.സി.ആർ. എന്നീ പരിശോധനകൾ ഇവിടെ നടത്തുന്നുണ്ട്.

കാൻസർ ഒരു ജനിതകരോഗമാണ്. രക്താർബുദങ്ങളിൽ ക്രോമസോം തകരാറുകളെക്കുറിച്ചും അവ ചികിത്സയെ എങ്ങനെ ബാധിക്കുന്നു എന്നും കണ്ടുപിടിക്കാനുള്ള ഗവേഷണങ്ങൾ ആർ.സി.സി.യിൽ നടക്കുന്നുണ്ട്. അതുപോലെ രക്താർബുദ രോഗികളിൽ മരുന്നിനോടുള്ള പ്രതിപ്രവർത്തനങ്ങളും ക്രോമസോം വൈകല്യങ്ങളും തമ്മിലുള്ള ബന്ധവും പഠിച്ചുവരുന്നു. ചില ജീനുകളിലുണ്ടാകുന്ന ഉൾപ്പരിവർത്തനം ഇതിന് കാരണമാകുന്നതായി കണ്ടുപിടിച്ചിട്ടുണ്ട്. രക്താർബുദ രോഗികളിൽ ക്രോമസോം വൈകല്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞാൽ ചികിത്സ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്. ഈ പരിശോധനയിലൂടെ നിരവധി രോഗികൾക്ക് ചികിത്സയിൽ വലിയ ഗുണം ലഭിച്ചുവരുന്നതായി കാണുന്നു. കുട്ടികളിലുണ്ടാകുന്ന രക്താർബുദത്തിന് ക്രോമസോം വൈകല്യങ്ങൾ കണ്ടുപിടിച്ച് ചികിത്സാഫലക്ഷമത നേരത്തേ മനസ്സിലാക്കാൻ ആർ.സി.സിയിലെ ഗവേഷണങ്ങൾ സഹായിക്കുന്നുണ്ട്.



ആർ.സി.സിയിലെ ഗവേഷണ ഫലങ്ങൾ ഏതാണ്ട് ആയിരത്തിൽപ്പരം ഗവേഷണ പ്രബന്ധങ്ങളായി അന്തർദേശീയ മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ആർ.സി.സി. കേരളത്തിലെയും തമിഴ്നാട്ടിലെയും യൂണിവേഴ്സിറ്റികളുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇവിടെനിന്നും 64 ഗവേഷണ വിദ്യാർഥികൾ ഗവേഷണ ബിരുദം നേടിയിട്ടുണ്ട്. കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ എം.ഡി. വിദ്യാർഥികൾക്കും കേരളത്തിലെയും അയൽ സംസ്ഥാനങ്ങളിലെയും സയൻസ് ബിരുദാനന്തരബിരുദ വിദ്യാർഥികൾക്കും ഇവിടെ പ്രോജക്ട് ട്രെയ്നിങ് കൊടുക്കുന്നുണ്ട്.

ഇവിടുത്തെ ഗവേഷണ ഫലങ്ങൾ ഭാവിയിൽ കാൻസർ രോഗികൾക്ക് കൂടുതൽ ഫലപ്രദമായ ചികിത്സ നൽകാൻ പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കുന്നു. ■

*തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ അഡീഷണൽ പ്രൊഫസറാണ് ലേഖിക*

■ എ. പ്രഭാകരൻ

# ശാസ്ത്രത്തിന്റെ വികസനഗാഥ

**കേരളത്തിന്റെ വികസനത്തിന് ശാസ്ത്രത്തിന്റെ കരുത്ത് പകരുന്ന സ്ഥാപനമാണ് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവിയോൺമെന്റ്**

ശാസ്ത്രം അറിവുമാത്രമല്ല, അത് ആധുനികമനുഷ്യന്റെ ജീവിതമാണ്. ജീവിതചര്യയുമാണ്. മനുഷ്യരുടെ അധ്വാനത്തിന് പുതിയ അർഥതലം ചമയ്ക്കുന്നത് പലപ്പോഴും ശാസ്ത്രരംഗത്തെ ചടുലമായ നീക്കങ്ങളാണുതാനും.

ഇന്ത്യ, ശാസ്ത്രകണ്ടുപിടുത്തങ്ങളും അതിൽ നിന്നും ഉത്ഭൂതമാകുന്ന സാങ്കേതികവിദ്യയും കൊണ്ടു സാധാരണക്കാർക്ക് പുതിയൊരുജീവിതപ്രമാണം കാഴ്ചവെക്കണമെന്ന് നിർബന്ധിച്ച് പറഞ്ഞത് പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവായിരുന്നു. അദ്ദേഹം അത് അനവരതം പറയുകമാത്രമല്ല, പ്രവർത്തിപഥം ഒരുക്കുകയും ചെയ്തു. ഇന്ത്യയിൽ പലയിടങ്ങളിലും സ്വാതന്ത്ര്യാനന്തരം ദേശീയഗവേഷണശാലകൾ ഉയർന്ന കാലമായിരുന്നു അത്.

## ശാസ്ത്രത്തിന്റെ വഴിയിൽ ദീർഘദർശികൾ

കേരളം പൊതുവേ ഈ ശാസ്ത്രവഴിയിൽ ആദ്യമാദ്യം അത്രയധികം മുന്നോട്ടുപോയില്ല. 1960 കാലങ്ങളിൽ തുമ്പയിൽ ബഹിരാകാശ സംബന്ധമായഒരുചരിത്രദൗത്യം പൊട്ടിമുളച്ചത് ഒഴിച്ചാൽ. 1970 കളിൽ അന്നത്തെ മുഖ്യമന്ത്രിയും ദീർഘദർശിയുമായ സി. അച്ചുതമേനോൻ ശാസ്ത്രഗവേഷണവികസനത്തിനും അതിൽ അധിഷ്ഠിതമായ പുരോഗതിയ്ക്കും ജനജീവിതത്തിൽ മാറ്റംവരുത്താൻ സാധിക്കുമെന്ന്‌വിശ്വസിച്ചു. കേരളത്തിൽ അന്ന് ആരംഭിച്ച ശാസ്ത്രസാങ്കേതിക കമ്മിറ്റിയും (STEC) പിന്നീട് വന്ന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കമ്മിറ്റിയും ഇപ്പോൾ പ്രവർത്തനനിരതമായകേരളാ സ്റ്റേറ്റ്ശാസ്ത്രസാങ്കേതിക പരിസ്ഥിതികൗൺസിലും (KSCSTE) പ്രതിജ്ഞാബദ്ധമായ കർമപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ യു.ഡി.എഫ് സർക്കാരിന്റെ ഈ ദിശയിലുള്ള നേട്ടങ്ങൾക്ക് ഇന്ന് ഏറെ പ്രസക്തിയുണ്ട്.

ഇന്ന്, ഇന്ത്യയുടെ ഇതരഭാഗങ്ങളിലുള്ള സംസ്ഥാനങ്ങളിൽ കേരളത്തിലേത് പോലെ വ്യക്തമായ പ്രവർത്തന പദ്ധതികളുള്ള ശാസ്ത്ര കൗൺസിലുകളില്ല. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതികൗൺസിൽ എന്ന സംഘടനയുടെ പ്രസിഡണ്ടായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അദ്ദേഹത്തിന്റെ പുരോഗതി സംബന്ധിച്ച സങ്കല്പത്തിൽ ശാസ്ത്രവിദ്യാഭ്യാസം, ശാസ്ത്രഗവേഷണം, ഗവേഷണവ്യവസായ ബാന്ധവം, ശാസ്ത്രപ്രചാരണം എന്നീമേഖലയ്ക്ക് മർമപ്രധാനമായ പ്രസക്തിയാണ്ദർശിക്കുന്നത്. ശാസ്ത്രത്തിന്റെ വളർച്ചയിൽ അദ്ദേഹം ദത്തശ്രദ്ധനുമാണ് എന്നതിന്റെ നിദർശനമാണ് കേരളത്തിലെ ഈ മണ്ഡലത്തിൽവന്നുകൊണ്ടിരിക്കുന്ന നവോത്ഥാനം.

## ശാസ്ത്രശിരസ്സ് ഉയരുന്നു

കഴിഞ്ഞ നാലുദശകത്തിലേറെയായി കേരള ജനജീവിതത്തിന്റെ ഊടും പാവുമായി സമരസപ്പെട്ടു മുന്നോട്ടുപോവാൻ നിരവധി ശാസ്ത്രയത്നങ്ങൾ നടന്നിട്ടുണ്ട്. ശാസ്ത്രകൗൺസിൽ ഈ പ്രയാണത്തിൽ ഒരുമുഖ്യഘടകമായിരുന്നു. ശാസ്ത്ര ഗവേഷണത്തിനും വികസനത്തിനുമായി സ്ഥാപനങ്ങൾ ഉയർന്നുവന്നത് KSCSTE യുടെആഭിമുഖ്യത്തിലായിരുന്നു. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച്, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോടെക്നോളജി ആൻഡ് റിസർച്ച് സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് എന്നിവ ആദ്യകാലത്ത് ഈ മേഖലയിൽ കരുപ്പിടിപ്പിച്ച മഹാസ്ഥാപനങ്ങളാണെങ്കിലും തുടർന്ന് അവ കേന്ദ്രസർക്കാരിന്റെ കീഴിലായി. KSC STE യുടെആഭിമുഖ്യത്തിലുള്ള സെന്റർ ഫോർ എർത്ത് സയൻസസ് അടുത്തിടയാണ് ഇന്ത്യാഗവൺമെന്റ് ഏറ്റെടുത്തത്. Ksom, NATPAC, CWRDM, JNTBGRI, KFRI തുടങ്ങിയ പ്രശസ്തഗവേഷണസ്ഥാപനങ്ങൾ കേരളത്തിന്റെ വൈവിധ്യമാർന്ന വികസനാസൂത്രണത്തിൽ മുഖ്യമായസ്ഥാനം അടയാളപ്പെടുത്തിയിട്ടുണ്ട്. കൗൺസിലിന്റെ ഗ്രാന്റ്‌വഴി പ്രവർത്തിക്കുന്ന പാലക്കാട്ടുള്ള IRTC, കോഴിക്കോട്ടെ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, കൊച്ചിയിലെ സോഫിസ്റ്റിക്കേറ്റഡ് ടെക്നോളജി ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ തുടങ്ങിയവയും ശാസ്ത്രപരമായ ഗണനീയമായ സംഭാവനകൾ നൽകുന്നുണ്ട്. മാറിവരുന്ന അന്ത

രീക്ഷത്തിൽ ബയോടെക്നോളജിക്കുള്ള പ്രാധാന്യം പരിഗണിച്ച് ഒരു ബയോടെക്നോളജി കമ്മിഷൻ തന്നെ കൗൺസിലിന്റെ ആഭിമുഖ്യത്തിലുണ്ട്. നിലവിലുള്ള ഗവേഷണ വികസനസ്ഥാപനങ്ങൾ കൂടാതെ കൗൺസിലിന്റെ അക്ഷീണമായ പ്രവർത്തനത്തിന്റെ ഫലമായി നാലു പുതിയസംരംഭങ്ങൾ കൂടി ആരംഭിച്ചു. കോട്ടയം കേന്ദ്രമാക്കി തുടങ്ങിയ ശ്രീനിവാസരാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർബേസിക് സയൻസസ് (SRBIS) വിഭവ ഗവേഷണകൈമാറ്റത്തിനായി സ്ഥാപിതമായ സ്റ്റേറ്റ് സെന്റർ റിസോർസ് ഫോർ പാർട്ട്നർഷിപ്പ് ഓഫ് ടെക്നോളജി ട്രാൻസ്ഫർ (SCRIPT) ക്രിറ്റിക്കൽ മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMRI) ഭിന്നശേഷിയുള്ളവർക്ക് ശാസ്ത്ര പ്രവർത്തനത്തിലൂടെ ജീവിതം നയിക്കാൻ സഹായിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അസിസ്റ്റീവ് ടെക്നോളജിഎന്നിവകൗൺസിൽ നേതൃത്വത്തിന്റെ സമർഥമായ ഇടപെടലും രാഷ്ട്രീയ നേതൃത്വത്തിന്റെ ഇച്ഛാശക്തിയും മൂലമാണ് സ്ഥാപിതമായത്.

## ജനോപകാരപദ്ധതികൾ

ജനോപകാരപ്രദമായ പദ്ധതികൾ ഭാവനയോടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന കാര്യത്തിൽ ശാസ്ത്ര കൗൺസിൽ ഇന്ന് മുൻപന്തിയിലാണ്. ശാസ്ത്രം പഠിക്കുന്ന സ്ക്കൂൾ കുട്ടികൾ മുതൽ മുതിർന്ന ശാസ്ത്രജ്ഞർ വരെ ഇവിടെ ധനസഹായത്തിനു പരിഗണിക്കപ്പെടുന്നുവെന്ന യാഥാർഥ്യം സമൂഹത്തിന്റെ എല്ലാതലത്തിലും മനസ്സിലാക്കേണ്ടതുണ്ട്. ഹയർ സെക്കന്ററിയിൽ ഉയർന്ന മാർക്കു നേടിയവർക്ക് ശാസ്ത്രപ്രതിഭാ സ്കോളർഷിപ്പ്, യുവഗവേഷകർക്ക് ഫെല്ലോഷിപ്പുകൾ, ഡോക്ടറേറ്റ് നേടിയവർക്ക് തുടർന്ന് ഗവേഷണം ചെയ്യാൻ പോസ്റ്റ്ഡോക്ടറൽ ഫെല്ലോഷിപ്പ്, ഗവേഷണ സ്ഥാപനം, സർവകലാശാല എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ശാസ്ത്രജ്ഞർക്ക് എമിറേറ്റ്സ് ഫെല്ലോഷിപ്പ്, എഞ്ചിനീയറിങ്, ബയോടെക്നോളജി, എൻവിയോൺമെന്റ് മേഖലയിൽ ടീമായും ഒറ്റയ്ക്കും സമർപ്പിക്കുന്ന പ്രൊജക്ടുകൾക്കുള്ള ധനസഹായം, ശാസ്ത്രരംഗത്ത് വനിതകളെ കൂടുതൽ ഉൾച്ചേർക്കാനുള്ള

> ജനോപകാരപ്രദമായ പദ്ധതികൾ ഭാവനയോടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന കാര്യത്തിൽ ശാസ്ത്ര കൗൺസിൽ ഇന്ന് മുൻപന്തിയിലാണ്. ശാസ്ത്രം പഠിക്കുന്ന സ്കൂൾ കുട്ടികൾ മുതൽ മുതിർന്ന ശാസ്ത്രജ്ഞർ വരെ ഇവിടെ ധനസഹായത്തിനു പരിഗണിക്കപ്പെടുന്നുവെന്ന യാഥാർഥ്യം സമൂഹത്തിന്റെ എല്ലാതലത്തിലും മനസ്സിലാക്കേണ്ടതുണ്ട്

പദ്ധതി, ഗവേഷണസ്ഥാപനങ്ങളുടെസജ്ജീകരണങ്ങൾ നവീകരിക്കാനുള്ള പദ്ധതി, ശാസ്ത്ര എഴുത്തുകാർക്കുള്ള ഫെല്ലോഷിപ്പുകൾ, ശാസ്ത്രജർണലിസ്റ്റ് ട്രെയിനിഷിപ്പ് തുടങ്ങിയ വൈവിദ്ധ്യമാർന്ന വിവിധ സ്കീമുകൾ കേരള സ്റ്റേറ്റ് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുന്നോട്ടുവെച്ചിട്ടുണ്ട്.

ശാസ്ത്ര രചനയ്ക്ക് വർഷാവർഷം നൽകുന്ന ശാസ്ത്ര സാഹിത്യ പുരസ്കാരങ്ങൾ, അന്തർദേശീയതലത്തിൽ വിഖ്യാതരായ മലയാള ശാസ്ത്രകാരന്മാർക്കുള്ള കേരളശാസ്ത്ര പുരസ്ക്കാരംഎന്നിവ പ്രശംസനീയമായ ശാസ്ത്ര അംഗീകാരങ്ങളാണ്. കഴിഞ്ഞ 26 വർഷമായി നടത്തിവരുന്ന കേരളാശാസ്ത്ര കോൺഗ്രസ്സ് ശാസ്ത്ര കൗൺസിലിന്റെ കൊടിവച്ച കപ്പലാണ്. 2000 ശാസ്ത്രപ്രതിഭകൾ സമ്മേളിക്കുന്ന നാലുദിവസം നീണ്ടു നിൽക്കുന്ന ശാസ്ത്രമേളയുടെ 27ാം സമ്മേളനം 2015 ജനുവരി 27 – 30 തീയതികളിൽ ആലപ്പുഴയിൽ നടക്കും. കേരളം വികസനം കൊതിക്കുമ്പോൾ സാധാരണജനങ്ങളിൽ മാറ്റത്തിന്റെ ശംഖൊലിമുഴക്കം എത്തുന്നു. ദന്തഗോപുരവാസികളായ ചാരുകസേര ശാസ്ത്രജ്ഞന്മാർ നമ്മെഎവിടെയും എത്തിക്കില്ല. വഴക്കമാർന്ന നേതൃത്വവും ദീർഘദൃഷ്ടിയുമാണ് ശാസ്ത്രരംഗത്ത് വാഴേണ്ടത്. നെഹ്റു പറഞ്ഞതുപോലെ നമ്മുടെ ഭാവി ശാസ്ത്രത്തിനു സ്വന്തം എന്നത് ശാസ്ത്ര പ്രവർത്തകരുടെയും ശാസ്ത്രകുതുകികളുടെയും ഭരണകർത്താക്കളുടെയും ചുണ്ടിലെ മന്ത്രമാകട്ടെ. ■

*ലേഖകൻ ശാസ്ത്രസാങ്കേതിക കൗൺസിലിന്റെ മീഡിയ കൺസൾട്ടന്റാണ്.*



ശാസ്ത്രരംഗത്തെ സംഭാവനകൾക്കുള്ള ശാസ്ത്രപുരസ്കാരം ഡോ. എം.എസ്. വല്യത്താന് മുഖ്യമന്ത്രി നൽകുന്നു



# ജലോത്സവ ലഹരിയിൽ

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു വള്ളംകളി മത്സരത്തിന്റെ ആവേശലഹരിയിൽ നടുഭാഗം ചുണ്ടനിലേക്ക് ചാടിക്കയറിയ ചരിത്രപാരമ്പര്യമുണ്ട് കിഴക്കിന്റെ വെനീസിലെ നെഹ്രുട്രോഫിക്ക്. പുന്നമട കായലിലെ ഓളങ്ങളെ ത്രസിപ്പിച്ചുണർത്തി അത് ഇന്നും ഉത്സവാന്തരീക്ഷമൊരുക്കുന്നു. ചമ്പക്കുളം ചുണ്ടൻ ഒന്നാമതായി തുഴഞ്ഞെത്തിയ 62 ാം നെഹ്രുട്രോഫിയുടെ ദൃശ്യങ്ങൾ













ചിത്രങ്ങൾ ഡാലു പരമേശ്വരൻ, ഐ&പി.ആർ.ഡി.

നിയമപഥം

■ ഡോ. ജയ എസ്. ആനന്ദ് / ചന്ദ്രബോസ് പി.വി.



# സർക്കാർ സേവനങ്ങൾ അവകാശമാക്കിയ നിയമം

**സേവനാവകാശനിയമം നിലവിൽ വന്നിട്ടും ഈ നിയമം എങ്ങനെ ഉപയോഗിക്കണം എന്നതിനെപ്പറ്റി ജനങ്ങൾ പൂർണമായും ബോധവാന്മാരല്ല**

സർക്കാരാഫീസുകളിലും പൊതുസ്ഥാപനങ്ങളിലും സേവനങ്ങൾക്കായി സമീപിക്കുന്ന ജനങ്ങൾ നേരിടുന്ന പല രീതിയിലുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് വിവിധ പഠനങ്ങളും റിപ്പോർട്ടുകളും പ്രതിപാദിക്കുന്നുണ്ട്. അപേക്ഷകർക്ക് കൈപ്പറ്റ് രസീത് നൽകാതിരിക്കുക, സേവനങ്ങൾ സമയത്ത് ലഭിക്കാതിരിക്കുക, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെക്കുറിച്ചുള്ള വ്യക്തതയില്ലായ്മ മുതലായവയാണ് അവയിൽ പ്രധാനം. ഉദ്യോഗസ്ഥരുടെ സമീപനവും കെടുകാര്യസ്ഥതയും സേവനങ്ങൾ കൃത്യമായി നൽകാതിരിക്കുന്നതിനുള്ള കാരണങ്ങളിൽ ചിലതാണ്. ജനങ്ങൾ നേരിടുന്ന ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ലക്ഷ്യംവച്ച് 1997 ൽ പൗരാവകാശരേഖ സർക്കാരാഫീസുകളിലും പൊതുസ്ഥാപനങ്ങളിലും നടപ്പിലാക്കി. എന്നാൽ പൗരാവകാശരേഖ കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല.



‘സുതാര്യകേരളം,’ ‘മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി’ തുടങ്ങിയ പരിപാടികളിലൂടെ ജനങ്ങളുടെ പ്രശ്നങ്ങളുടെ രൂക്ഷത മനസ്സിലാക്കുകയും പ്രസ്തുത പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് പൗരാവകാശ രേഖയുടെ ചുവടുപിടിച്ച് ജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായും കൃത്യമായും ലഭ്യമാക്കുന്നതിനും ഉതകുന്ന ഒരു നിയമനിർമാണത്തിന്റെ ആവശ്യം സർക്കാർ തിരിച്ചറിയുകയും ആ വഴിക്ക് ചിന്തിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് 2012 ൽ സേവനാവകാശ നിയമം കേരള നിയമസഭ പാസ്സാക്കിയത്.

2010 ൽ മധ്യപ്രദേശിൽ പബ്ളിക് സർവീസ് ഗ്യാരണ്ടി ആക്ട് എന്ന പേരിൽ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുവേണ്ടി നിയമ നിർമാണം നടത്തുകയും അതിന്റെ വിജയസാധ്യതകൾ ഉൾക്കൊണ്ട് മറ്റു പതിനാറ് സംസ്ഥാനങ്ങൾ ഇതിനു സമാനമായ നിയമം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം, 2012 നവംബർ ഒന്നിന് കേരള സംസ്ഥാന സേവനാവകാശ നിയമം നിലവിൽ വന്നു. ഇന്ത്യയിലെ പൊതു ഭരണസംവിധാനത്തിൽ വളരെ വലിയ മാറ്റം വരുത്തിയ വിവരാവകാശ നിയമത്തിന്റെ ശ്രേണിയിൽപ്പെടുത്താവുന്നതാണ് സേവനാവകാശനിയമം.

> സേവനാവകാശ നിയമ പ്രകാരം, ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ഏറ്റവും കൂടുതൽ സേവനങ്ങൾ വിജ്ഞാപനം നടത്തിയിട്ടുള്ളത് കേരളമാണ്. ഇതിന്റെ നടത്തിപ്പ് കൂടുതൽ ഊർജിതമാക്കുന്നതിന് സർക്കാർ സേവനാവകാശ നിയമം ‘മിഷൻ 676’ ൽ, ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനസർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള സേവനങ്ങൾ അർഹതപ്പെട്ടവർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനാണ് സേവനാവകാശ നിയമം വ്യവസ്ഥ



ചെയ്യുന്നത്. നിലവിലുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ കൃത്യ വിലോപം കാട്ടുന്ന ഉദ്യോഗസ്ഥർക്കുമേൽ പിഴയും വകുപ്പുതല അച്ചടക്കലംഘന നടപടിയും സാധ്യമായിരിക്കുന്നു എന്നതാണ് ഈ നിയമത്തിന്റെ സവിശേഷത: ഗവൺമെന്റ് സെക്രട്ടേറിയറ്റ്, ഡയറക്ടറേറ്റുകൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപറേഷനുകൾ, വില്ലേജാഫീസുകൾ സർക്കാരാശുപത്രികൾ, സർവകലാശാലകൾ, ക്ഷേമനിധിബോർഡുകൾ, കൃഷിഭവനുകൾ, വൈദ്യുതിബോർഡ്, ജല അഥോറിറ്റി തുടങ്ങി എല്ലാ സ്ഥാപനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു.

വകുപ്പു മേധാവികൾ ഈ നിയമം നിലവിൽ വന്ന തീയതി (2012 നവംബർ ഒന്ന്) മുതൽ ആറ് മാസങ്ങൾക്കുള്ളിൽ, അവരുടെ സേവനങ്ങൾ ഏതെല്ലാമാണെന്നും അവ ലഭ്യമാക്കുന്ന സമയപരിധിയും സേവനം നൽകാൻ ബാധ്യതയുള്ള നിയുക്ത ഉദ്യോഗസ്ഥർ (Designated Officers), അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ വിശദാംശങ്ങൾ, ഒന്നും രണ്ടും അപ്പീലധികാരികൾ (First and Second Appellate Authorities) ആരൊക്കെ എന്നും നിശ്ചയിച്ച് ഗസറ്റിൽ വിജ്ഞാപനം നടത്തേണ്ടതാണ്. കേരളത്തിലെ നൂറിൽപ്പരം സ്ഥാപനങ്ങളിലായി 1200 ലധികം സേവനങ്ങൾ ഈ നിയമ പ്രകാരം വിജ്ഞാപനം നടത്തിക്കഴിഞ്ഞു. സേവനാവകാശ നിയമപ്രകാരം, ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച്, ഏറ്റവും കൂടുതൽ സേവനങ്ങൾ വിജ്ഞാപനം നടത്തിയിട്ടുള്ളത് കേരളമാണ്. ഇതിന്റെ നടത്തിപ്പ് കൂടുതൽ ഊർജിതമാക്കുന്നതിന് സർക്കാർ സേവനാവകാശ നിയമം ‘മിഷൻ 676’ ൽ, ഉൾപ്പെടുത്തിയിട്ടുണ്ട്.

സേവനത്തിനുള്ള അപേക്ഷ സ്വീകരിച്ചയുടനെ ഉദ്യോഗസ്ഥൻ അതിനുള്ള കൈപ്പറ്റ് ചീട്ട് (രസീത്) അപേക്ഷകന് നൽകിയിരിക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാക്കിയിട്ടില്ലെങ്കിലോ, നിരസിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിലോ ഒന്നാം അപ്പീലധികാരിമുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സേവനത്തിനുള്ള അപേക്ഷ നിരസിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റിയശേഷം അഥവാ സേവനം ലഭ്യമാക്കേണ്ട നിശ്ചിത സമയ പരിധി അവസാനിച്ചശേഷം മുപ്പത് ദിവസങ്ങൾക്കുള്ളിൽ അപ്പീൽ സമർപ്പിക്കണം. സേവനം ലഭ്യമാക്കേണ്ടിയിരുന്ന നിശ്ചിത സമയപരിധിതന്നെയാണ് അപ്പീൽ തീർപ്പാക്കുന്നതിനുള്ള കാലപരിധിയും. ഉദാ: വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതിനുള്ള കാലപരിധി ആറ് ദിവസമാണ്. ആയതിനാൽ ബന്ധപ്പെട്ട അപ്പീൽ തീർപ്പാക്കിയിരിക്കേണ്ടത് ആറ് ദിവസങ്ങൾക്കുള്ളിൽത്തന്നെയാണ്.

ഒന്നാമപ്പീലധികാരിയുടെ തീരുമാനം തൃപ്തികരമല്ലെങ്കിൽ അറുപതു ദിവസ

ങ്ങൾക്കുള്ളിൽ രണ്ടാം അപ്പീൽ സമർപ്പിക്കാവുന്നതാണ്. സേവനം ലഭ്യമാക്കേണ്ടിയിരുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെയാണ് രണ്ടാം അപ്പീലും തീർപ്പാക്കേണ്ടത്. അപ്പീലുകൾക്ക് പ്രത്യേകം ഫീസ് അടക്കേണ്ടതില്ല.

കൂടാതെ, എല്ലാ സ്ഥാപനങ്ങളും മുമ്പിൽ താഴെ പറയുന്ന കാര്യങ്ങൾ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

- സേവനങ്ങളും അവ ലഭ്യമാക്കുന്ന നിശ്ചിത സമയപരിധിയും,
- നിയുക്ത ഉദ്യോഗസ്ഥൻ ആര്?
- ഒന്നാം അപ്പീലധികാരി ആര് ?
- രണ്ടാം അപ്പീലധികാരി ആര് ?
- സേവനങ്ങൾക്കുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ/ സാക്ഷ്യ പത്രങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരം
- അപേക്ഷയ്ക്കുള്ള കൈപ്പറ്റ് രസീതിന്റെ ഫാറം
- ഒന്നും രണ്ടും അപ്പീലിന്റെ മാതൃകാ ഫാറങ്ങൾ

ഈ നിയമം നടപ്പിൽവന്ന് ഒരു വർഷം കഴിഞ്ഞെങ്കിലും എല്ലാ തലത്തിലും ഇത് ഉപയോഗിക്കുന്നതിന് ജനങ്ങൾക്ക് സാധിച്ചിട്ടില്ല. ഇതിനുള്ള പ്രധാനകാരണം ഈ നിയമത്തെക്കുറിച്ചുള്ള അജ്ഞതയാണ്. ഈ നിയമം എങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ ഇനിയും ഉണ്ടായിട്ടില്ല.

നിയമ നിർവഹണത്തിലെ പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടേണ്ടതുണ്ട്. മറ്റു സംസ്ഥാനങ്ങളിലേതു പോലെ ഓൺ ലൈൻ കേന്ദ്രീകൃത വിലയിരുത്തൽ സംവിധാനം (online Cetnral Monitoring System) ഇനിയും കേരളത്തിൽ ആരംഭിച്ചിട്ടില്ല. പല വകുപ്പുകളും സേവനങ്ങൾ ഓൺലൈനായി നൽകി വരുന്നതിനാൽ സേവനാവകാശ നിയമവ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത സേവനങ്ങൾ ഏകീകരിച്ച് ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. പല വകുപ്പുകളും ഇനിയും പ്രധാനപ്പെട്ട പല സേവനങ്ങളും വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതായുണ്ട്. കൂടാതെ സേവനങ്ങളുടെ സമയപരിധി വളരെ കൂടുതലും അശാസ്ത്രീയമായും നിശ്ചയിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇവ പലതും ചുരുങ്ങിയ സമയത്തിനുള്ളിൽ നൽകാൻ സാധിക്കുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഉദാഹരണത്തിന്, വരുമാന സർട്ടിഫിക്കറ്റിന് ആറു ദിവസ സമയപരിധി അധികമാണ്.

> പല വകുപ്പുകളും സേവനങ്ങൾ ഓൺലൈനായി നൽകി വരുന്നതിനാൽ സേവനാവകാശ നിയമവ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത സേവനങ്ങൾ ഏകീകരിച്ച് ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്. പല വകുപ്പുകളും ഇനിയും പ്രധാനപ്പെട്ട പല സേവനങ്ങളും വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതായുണ്ട്.

സർക്കാർ സേവനങ്ങളെ പ്രതിപാദിക്കുന്ന കാലഹരണപ്പെട്ടതും പ്രയോജനരഹിതവുമായ നിയമങ്ങൾ, ചട്ടങ്ങൾ, മുതലായവ സേവനാവകാശ നിയമവ്യവസ്ഥകൾക്ക് അനുയോജ്യമായ വിധത്തിൽ ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്. ഇതോടൊപ്പം സേവനങ്ങൾക്കുള്ള അപേക്ഷാഫാറങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ സേവനാവകാശനിയമത്തിന്റെ ഗുണഫലങ്ങൾ പൊതുജനങ്ങൾക്ക് പൂർണതോതിൽ ലഭ്യമാകൂ.

അപേക്ഷയ്ക്ക് കൈപ്പറ്റ് രസീത് നൽകുന്നതിലും സേവനങ്ങളെക്കുറിച്ചുള്ള ഡിസ്പ്ലേ ബോർഡുകൾ ഓഫീസിൽ പ്രദർശിപ്പിക്കുന്നതിലും പല ഓഫീസുകളും ഇനിയും നടപടി കൈക്കൊണ്ടിട്ടില്ല.

സേവനങ്ങൾ സമയപരിധിക്കുള്ളിൽ നൽകാത്ത നിയുക്ത ഉദ്യോഗസ്ഥരുടെ പ്രവൃത്തി പരിശോധിച്ച് ആവശ്യമായ നിർദേശങ്ങൾ അപ്പീലധികാരി സ്വമേധയാ നൽകുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയാൽ സേവന ലഭ്യത കൂടുതൽ മെച്ചമാക്കാവുന്നതാണ്. ഇതിനായി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ട്.

കർണാടക, ഒറീസ്സ പോലുള്ള സംസ്ഥാനങ്ങളിൽ, നല്ല മുന്നൊരുക്കത്തോടെ വളരെ ചിട്ടയായി work flow process തയാറാക്കിയും, ഗൃഹപാഠം നടത്തിയും, ഹെൽപ് ലൈൻ, കോൾസെന്റർ മുതലായ ക്രമീകരണങ്ങൾ വരുത്തിയുമാണ് സേവനാവകാശം നടപ്പിലാക്കിയത്. മറ്റു സംസ്ഥാനങ്ങളുടെ ഈ മാതൃകകൾ കേരളത്തിനും പിൻതുടരാവുന്നതാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) സേവനാവകാശ നിയമത്തെ ക്കുറിച്ച് ഉദ്യോഗസ്ഥർക്കുള്ള പരിശീലനപരിപാടി നടത്തികൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം ഈ നിയമത്തിന്റെ പ്രാധാന്യം പൊതുജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. ഗവൺമെന്റിനു പുറമേ സന്നദ്ധസംഘടനകൾ, മാധ്യമങ്ങൾ മുതലായവർ ഈ നിയമത്തിന്റെ ഉപയോഗം സമൂഹത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് വരേണ്ടതാണ്.

സേവനം ഔദാര്യമല്ല, മറിച്ച് ഓരോ പൗരന്റെയും അവകാശമാണ് എന്ന വസ്തുതയാണ് ഇതിനാൽ സാക്ഷാത്കരിച്ചത്. സേവനാവകാശ നിയമത്തിന്റെ നടപ്പിലാക്കൽ ജനപങ്കാളിത്തത്തോടുകൂടി സോഷ്യൽ ഓഡിറ്റ് പ്രക്രിയ വഴി വിലയിരുത്തി, അഴിമതി രഹിതമായ, ഉത്തരവാദിത്വത്തോടെയുള്ള മെച്ചപ്പെട്ട പൊതുജനസേവന സംസ്കാരം ഉദ്യോഗസ്ഥരിൽ ഉണ്ടാക്കി പൊതുസ്ഥാപനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുള്ള നടപടികൾക്കായി സർവജനങ്ങളും സജ്ജരാകേണ്ടതാണ്. ■




(ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് അധ്യാപകരാണ് ലേഖകർ)

വിനു എ

# സാങ്കേതികതയുടെ പുതിയ ഭാവങ്ങൾ



**പുതിയ കാലം ആവശ്യപ്പെടുന്ന രാഷ്ട്രീയത്തെ അടയാളപ്പെടുത്തിയ ഏഴാമത് രാജ്യാന്തര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേളയെക്കുറിച്ച്**

കാലത്തിന്റെ അടയാളങ്ങളാണ് സിനിമകൾ. ചെറിയ നിർമാണവിദ്യകളുമായി ഉരുത്തിരിയുന്ന ചെറുചിത്രങ്ങൾക്ക് ഈ ദൗത്യത്തിൽ വലിയ സ്ഥാനമാണുള്ളത്. അതുകൊണ്ടുതന്നെ ഫീച്ചർ സിനിമകളും വലിയ നിർമാണവിദ്യകളും പങ്ക് വെക്കുന്ന സിനിമകളിൽ നിന്നും വിഭിന്നമായ പശ്ചാത്തലമാണ് ഈ ചിത്രങ്ങൾ മുന്നോട്ട് വെക്കുന്നത്. ഏഴാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേള അവതരിപ്പിച്ചതും വിസ്മയിപ്പിക്കുന്ന കാലത്തിന്റെ പുതിയ രൂപങ്ങളാണ്.

2012 ജൂണിൽ കുരുവാത്തിയിൽ നടന്ന പോരാട്ടത്തിന്റെ പശ്ചാത്തലത്തിലുള്ള 'ലാ എസ്റ്റാൻഷിയ', നെൽസൺ മണ്ടേലയുടെ ജീവിതത്തെ വരഞ്ഞിടുന്ന 'മണ്ടേല മിത്ത് ആൻഡ് മീ' എന്നിവയായിരുന്നു ഉദ്ഘാടനചിത്രങ്ങൾ. പതിനാലു മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള ഫെദറീകോ അഡോണോയുടെ 'ലാ എസ്റ്റാൻഷിയ' പരാഗ്വയുടെ വർത്തമാനകാലസപ്ന്ദനങ്ങളെ അവതരിപ്പിക്കുകയാണ്. ഒരു ഭൂമിതർക്കവുമായി ബന്ധപ്പെട്ട വഴക്കിൽ പതിനൊന്നു കർഷകരെയും ആറു പോലീസുകാരെയും വധിച്ചതിന് അഞ്ചു കർഷകർ പ്രതിയായി നടക്കുന്ന കേസിനെ ആസ്പദമാക്കികൊണ്ടാണ് ഗ്രാമീണമായ കഥാപശ്ചാത്തലത്തിൽ രാഷ്ട്രത്തിന്റെ ചലനങ്ങളെ ദൃശ്യമാക്കുന്നത്. തന്റെ സിനിമകളെ സാമൂഹികമായ പിൻബലത്തിൽ അവതരിപ്പിക്കുന്ന സംവിധായകനാണ് ഫെദറീകോയെന്ന ഈ ചിത്രം പറഞ്ഞുതരുന്നു.

ദക്ഷിണാഫ്രിക്കൻ സംവിധായകനായ ഖാലോ മതബാനേയുടെ 'നെൽസൻ മണ്ടേല: ദ മിത്ത് ആൻഡ് മി' രാഷ്ട്രീയത്തിന്റെയും ചരിത്രത്തിന്റെയും ഭാവനാത്മകമായ പശ്ചാത്തലത്തിലാണ് സംവദിക്കുന്നത്. നെൽസൺ മണ്ടേലയുടെ ജീവിതവും നിലപാടുകളും പരിശോധിക്കപ്പെടുന്ന ഈ ചിത്രം കാലത്തിന്റെയും അതിനോട് ചേർന്ന് സഞ്ചരിക്കുന്ന രാഷ്ട്രീയത്തിന്റെയും ചോദ്യങ്ങളാണ് ഉയർത്തുന്നത്. സംഘർഷപൂരിതമായ സാഹചര്യങ്ങളിൽ നിന്നും സമത്വത്തിന്റെ ലോകത്തെ സ്വപ്നം കാണുകയും അതിനായി യത്നിക്കുകയും





**ഡോക്യുമെന്ററി ഫെസ്റ്റിവൽ വനം, സ്പോർട്സ്, സിനിമ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു**

ചെയ്ത മണ്ടേലയുടെ ജീവിതസമരങ്ങളെ വിമർശനാത്മകമായി സമീപിക്കുകയാണ് സംവിധായകൻ. നെൽസൺ മണ്ടേലയുടെ തടവറയിലെ ജീവിതത്തെയും അന്വേഷിക്കുന്ന ചിത്രം ലളിതമായ ശൈലിയിലാണ് സംവദിക്കുന്നത്.

ലോങ്ങ് ഡോക്യുമെന്ററി മത്സരവിഭാഗത്തിൽ അവാർഡിനായി തെരഞ്ഞെടുക്കപ്പെട്ട ശ്രാവൺ കതികനേനിയുടെ 'ക്രോണിക്കിൾസ് ഓഫ് എ ടെമ്പിൾ പെയിന്റർ' മതചിന്തകളിലുണരുന്ന അർഥമില്ലായ്മകളിലേക്ക് കടന്നുചെല്ലുകയാണ്. അമ്പലത്തിന്റെ ചുവരുകളിൽ ചിത്രം വരയുന്ന ഒരാൾ ഒരു മുസ്ലിം കുട്ടിയെ രക്ഷപ്പെടുത്തുന്നതും പിന്നീട് അത് സമൂഹത്തിൽ ഉണ്ടാക്കുന്ന ചലനങ്ങളുമാണ് ഈ ഡോക്യുമെന്ററി ചർച്ച ചെയ്യുന്നത്. പഞ്ചാബിലെ ഗ്രാമീണജീവിതത്തെയും അതിന്റെ ആത്മാവുകളായ കലാരംഗത്തെയും പകർത്തുന്ന കവിതാബാൽ, നരേന്ദ്ര സക്സേന എന്നിവർ ചേർന്ന് സംവിധാനം ചെയ്ത 'കാൻഡിൽസ് ഇൻ ദ വിൻഡ്', ഒളിമ്പിക്സിൽ ഗുസ്തി വിഭാഗത്തിൽ മത്സരിക്കാനായി തയാറെടുക്കുന്ന വീരേന്ദർ സിങ്ങിനെ കുറിച്ച് 'വിവേക് ചൗധരി', പ്രദീക് ഗുപ്ത എന്നിവർ ചേർന്ന് സംവിധാനം ചെയ്ത 'ഗൂംഗ പെഹൽവാൻ' എന്നീ ചിത്രങ്ങൾ ജൂറിയുടെ പ്രത്യേക പരാമർശം നേടി. നാന്നൂറിലേറെ വർഷമായി സംഗീതജ്ഞനായി ജീവിക്കുന്ന നന്ദോൻ ബാഗ്ചിയുടെ ജീവിതത്തിലൂടെ കൊൽക്കത്തയുടെ സംഗീതപശ്ചാത്തലത്തെ വരച്ചിടുന്ന രാജ്ദീപ് പോൾ, ശർമിസ്ത മൈതി എന്നിവരുടെ 'അറ്റ് ദ ക്രോസ് റോഡ്സ്: നന്ദോൻ ബാഗ്ചി ലൈഫ് ആൻഡ് ലിവിങ്ങ്', ദാദാ സാഹിബ് ഫാൽക്കെയുടെ സിനിമ വിട്ടശേഷമുള്ള ജീവിത കഥ പറയുന്ന കമൽ സ്വരൂപിന്റെ 'രംഗഭൂമി', പട്ടാളക്കാരുടെ അഭിമുഖങ്ങളുൾപ്പെടുത്തി ശ്രീലങ്കയിലെ സമീപകാലചരിത്രം പരിശോധിക്കുന്ന തമിഴ് പ്രഭാകരന്റെ 'ദിസ് ലാൻഡ് ബിലോങ്ങ്സ് ടു ദ ആർമി' എന്നിവ ശ്രദ്ധിക്കപ്പെട്ടു.

കഠിനമായ അധ്വാനത്തിലൂടെ തന്റെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുന്ന എൺപത്തിയൊന്നുകാരിയുടെ ജീവിതത്തെ പകർത്തുന്ന കവിത ദത്തിറിന്റെ 'ബാബൈ' സമകാലീന സാഹചര്യങ്ങളെയാണ് വരച്ചിടുന്നത്. മികച്ച ഹ്രസ്വ ഡോക്യുമെന്ററി വിഭാഗത്തിലുള്ള അവാർഡ് നേടിയത് കൈവണ്ടിയിൽ ജീവിതം തേടുന്ന സ്ത്രീയെ പിന്തുടർന്ന ഈ ചിത്രമാണ്. സിനിമയുടെ തരംതിരിക്കലിന്റെ ചിന്തകളിലേക്കും സിഗ്രേഡ് മുദ്രകുത്തപ്പെട്ടവയിലേക്കുമുള്ള അന്വേഷണം നടത്തുന്ന സൗഗത ഭട്ടാചാര്യയുടെ ട്രാഷ് പ്രത്യേക പരാമർശം നേടി. സതീഷിന്റെ 'ഇൻ സെർച്ച് ഒഫ് ദ ബ്ലാക്ക് ഗോഡ് - കാതികൂടം', ആറളത്തെ പുനരധിവാസ കേന്ദ്രത്തിൽ താമസിക്കുന്ന ഗിരിവർഗക്കാരുടെ ജീവിതത്തെ കുറിച്ച് പറയുന്ന അരുൺ രാധാകൃഷ്ണന്റെ 'സൈലന്റ് സൗണ്ട്സ്', ഹിജഡകൾ സമൂഹത്തിൽ അനുഭവിക്കുന്ന വിവേചനത്തെ കുറിച്ചുള്ള അനുരൂപ പ്രകാശിന്റെ 'വിൽ ദിസ് ചേഞ്ച്', മൺസൂൺ ജീവജാലങ്ങളിലുണ്ടാക്കുന്ന സ്വാധീനത്തെ പരിശോധിക്കുന്ന അഭിജിത് കൃഷ്ണന്റെ 'ദ മൺസൂൺ', പടിഞ്ഞാറൻ



**വിൽ ദിസ് ചേഞ്ച് എന്ന ചിത്രത്തിൽ നിന്ന്**



ദി ഗ്രീൻ പ്രിൻസ്

ഹിമാലയത്തിലെ സംസ്കാരത്തെ അന്വേഷിക്കുന്ന ശാശ്വതി താലുക്ദാറിന്റെ 'വാൾ സ്റ്റോറീസ്സ്' എന്നിവ ഈ വിഭാഗത്തിൽ ശ്രദ്ധയാകർഷിച്ചു.

## മത്സരകഥാചിത്രങ്ങൾ

മികച്ച കുട്ടിയാവുന്നതിനായി അപരിചിതനായ ഒരാളുടെ സഹായം തേടുന്ന അൻസറിന്റെ കഥ പറയുന്ന സിനിമയാണ് 'ദ പപ്പറ്റ്'. സ്കൂളിൽ പ്രകടനം മോശമായതിനാൽ മുതിർന്നവരുടെ ശകാരത്തിനും കളിയാക്കലിനും മറുപടിയായാണ് അൻസർ ഈ നീക്കം നടത്തുന്നതെങ്കിലും അവനുമുന്നിൽ കൂടുതൽ കർക്കശമായ ചിട്ടകളാണ് വന്നു ഭവിച്ചത്. ലളിതമായ പശ്ചാത്തലത്തിൽ ഗൗരവമുള്ള വിഷയത്തെ കൈകാര്യം ചെയ്യുന്ന സത്യാൻഷു, ദേവാൻഷു എന്നിവരുടെ ഈ ചിത്രത്തിനാണ് മികച്ച ഷോർട്ട് ഫിക്ഷൻ വിഭാഗത്തിലുള്ള അവാർഡ് ലഭിച്ചത്. എക്താര കളക്ടീവ് സംവിധാനം ചെയ്ത 'ഫിഷി മാജിക്' പ്രത്യേക പരാമർശം നേടി. സന്തോഷം പ്രദാനം ചെയ്യുന്ന മീനിനെ കുറിച്ചുള്ള വൃദ്ധയായ സ്ത്രീയുടെ കഥയും അതിനെ വിശ്വസിക്കുന്ന ജ്യോതികയുടെ ജീവിതവും വരയ്ക്കുന്ന ഈ ചിത്രം നമ്മെ കാൽപനികമായ ലോകത്തിലൂടെ കൊണ്ടുപോകും. ക്രിസ്റ്റോ ടോമി സംവിധാനം ചെയ്ത 'യു ആർ റോട്ട്' മികച്ച മ്യൂസിക് വീഡിയോയായും ചങ്ങനാശ്ശേരി സെന്റ് ജോസഫ് കോളേജിലെ വിദ്യാർഥികളുടെ 'സാൾട്ട് വാട്ടർ' മികച്ച ക്യാമ്പസ് ചിത്രമായും തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ഡോക്യുമെന്ററി സിനിമാട്ടോഗ്രാഫർക്കായി നവറോസ് കോൺട്രാക്ടർ ഏർപ്പെടുത്തിയ ക്യാഷ് പ്രൈസ് 'രംഗഭൂമി'യുടെ ഛായാഗ്രാഹകനായ സൗമ്യാനന്ദസാഹി നേടി.




## മത്സരേതര സിനിമകൾ

നേഴ്സുമാരുടെ ജീവിതത്തിന്റെ തീക്ഷ്ണതയിലേക്ക് നമ്മെ കൊണ്ടുപോകുന്ന സിനിമയാണ് 'ട്രാൻസ്ലേറ്റഡ് ലൈവ്സ്: എ മൈഗ്രേഷൻ റീവിസിറ്റഡ്'. ചെറുപ്രായത്തിൽ തന്നെ കുടുംബത്തിന്റെ സംരക്ഷണത്തിനായി ഈ ജോലിയുമായി വിദേശങ്ങളിൽ എത്തിപ്പെടുന്നവരെ നോക്കി കാണുകയാണ് ഷൈനി ജേക്കബ് ബഞ്ചമിൻ ഈ ഡോക്യുമെന്ററിയിലൂടെ.

## അനുബന്ധപരിപാടികൾ

ചലച്ചിത്രമേളക്ക് അനുബന്ധമായി വിവിധ പരിപാടികളും നടന്നു. ഇന്ത്യയുമായി സിനിമകളുടെ സഹനിർമാണം നിർവഹിക്കാൻ മറ്റ് രാജ്യങ്ങളിലെ നിർമാതാക്കൾ വിസമ്മതിക്കുന്നുവെന്ന് ഫ്രഞ്ച് സിനിമാപ്രവർത്തകൻ ഗോൾഡാ സെല്ലാം പറഞ്ഞു. ഡോക്യുമെന്ററി: ഹ്രസ്വചിത്ര നിർമാതാക്കൾക്ക് സഹനിർമാണസാധ്യതകൾ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു, അദ്ദേഹം. 'സിനിമ സഹനിർമാണം വിവിധ രാജ്യങ്ങളിലെ നിർമാണകമ്പനികൾ ഒരുമിച്ചു പ്രവർത്തിക്കേണ്ട സംവിധാനമാണ്, ഇത്തരമൊരു പങ്കാളിത്തത്തിന്റെ നേട്ടം സാമ്പത്തികലഭ്യതയും സർക്കാരുകളുടെ സബ്സിഡി കിട്ടുന്നു എന്നതുമാണ്,' സെല്ലാം പറഞ്ഞു. ഡോക്യുമെന്ററികളുടെ തിരക്കഥാരചന എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ഗാർഗി സെൻ മുഖ്യപ്രഭാഷണം നടത്തി. ഡോക്യുമെന്ററികളുടെ തിരക്കഥാരചന എഴുത്തിന്റെ വേറിട്ട വിഭാഗമാണെന്നും അത് പൂർണമായും കലയുടെ പരിശീലനമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇന്ത്യയിൽ ശാസ്ത്ര സിനിമാനിർമാണം നേരിടുന്ന വെല്ലുവിളികൾ വിഷയമാക്കി ശിൽപശാലയും നടന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് റിസേർച്ചിലെ കെ പി മധു സെഷനുകൾ നയിച്ചു. എൽ വി പ്രസാദ് ഫിലിം ആൻഡ് ടെലിവിഷൻ അക്കാദമിയിലെ ശിവകുമാർ പ്രബന്ധം അവതരിപ്പിച്ചു. ഇന്ത്യൻ ഡോക്യുമെന്ററി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഡോക്യുമെന്ററി നിർമാണത്തെ സംബന്ധിച്ച ശിൽപശാല മേളയുടെ ആർട്ടിസ്റ്റിക് ഡയറക്ടർ ബീന പോൾ ഉദ്ഘാടനം ചെയ്തു. മേളയുടെ ഭാഗമായി നടന്ന മുഖാമുഖങ്ങൾ പ്രേക്ഷകരുടെ പങ്കാളിത്തത്താൽ ശ്രദ്ധേയമായി.

പരിസ്ഥിതി സംരക്ഷണവും ശാസ്ത്രവും ഇതിവൃത്തമായുള്ള സിനിമകൾ വരും മേളകളിൽ കൂടുതലായി ഉൾപ്പെടുത്തുമെന്ന് സമാപന സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്തുകൊണ്ട് വനം, പരിസ്ഥിതി, സിനിമാവകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ലോകത്തിലെ വിവിധ ഭാഷകളും സംസ്കാരങ്ങളും അറിഞ്ഞും അതിന്റെ ആസ്വാദനത്തിൽ പുതിയ ചിന്തകൾ പകർന്നുനൽകുകയും ചെയ്ത് സമാപിച്ച രാജ്യാന്തര ചലച്ചിത്രമേളമായാത്ത കാഴ്ചകളാണ് പ്രേക്ഷകരിൽ അവശേഷിപ്പിക്കുന്നത്. ■

സാഹിത്യം

■ ഡോ. എം. ഗംഗാദേവി

# പുരുഷ മുദ്രകൾ

## ബാലാമണിയമ്മയുടെ കവിതകളിൽ

*"ദ്വിധാകൃത്വാത്മനോ*
*ദേഹമർധേന*
*പുരുഷോf ഭവത്*
*അർധേന നാരീ*
*തസ്യാം സവിരാജമ*
*സൃജത് പ്രഭുഃ"*

ആ ബ്രഹ്മാവ് തന്റെ ദേഹം രണ്ടു ഭാഗമാക്കി; ഒരു പകുതി പുരുഷനും മറ്റേ പകുതി സ്ത്രീയുമായി പുരുഷൻ സ്ത്രീയിൽ വിരാട് പുരുഷനെ സൃഷ്ടിച്ചു (മനുസ്മൃതി-1.32). ബ്രഹ്മതേജസിൽ നിന്നു ജനിച്ചവരാണ് സ്ത്രീയും പുരുഷനും എന്നാണ് ഭാരതീയ സങ്കല്പം. അർധനാരീശ്വര സങ്കല്പവും ഈയൊരു സത്യത്തിലേക്കാണ് നയിക്കുന്നത്. സ്ത്രീ പുരുഷ സങ്കല്പങ്ങളിലെ തേജോന്മുഖമായ സ്വപ്നങ്ങൾക്കാണ് ഭാരതീയർ എക്കാലത്തും പ്രാധാന്യം നൽകിയിരിക്കുന്നത്. സ്ത്രീയും പുരുഷനും ആകാരത്തിലും ഭാവത്തിലും വേഷഭൂഷകളിലും വ്യത്യസ്തരായിരിക്കുന്നതുപോലെ തന്നെ അവരുടെ സ്ഥാനമാനങ്ങളിലും മാറ്റങ്ങൾ കാണാം. ഈ വ്യവസ്ഥിതിയുടെ ചിട്ടവട്ടങ്ങളിൽത്തന്നെയാണ് സാഹിത്യവും കലകളും ജനിക്കുന്നത് എന്നതിനാൽ സാഹിത്യത്തിലും ഈ വേർതിരിവ് കടന്നുവരുന്നുണ്ട്. എന്നാൽ സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യം കൊടുക്കുവാൻ കലാകാരന്മാർ ശ്രദ്ധിച്ചിരുന്നു. എങ്കിലും അലങ്കാരങ്ങൾ കൊണ്ടും വേഷഭൂഷണങ്ങൾ കൊണ്ടും കാഴ്ചയുടെ തീരങ്ങളെ ഉന്മിഷത്താക്കിയിരുന്നത് സ്ത്രൈണതയാണെന്നത് സത്യമാണുതാനും. സ്ത്രീയെ-അവളുടെ സൗന്ദര്യത്തെ, ഭാവവൈവശ്യങ്ങളെ ഒക്കെ ചിത്രീകരിക്കുവാൻ കവികൾ ശ്രദ്ധിച്ചിരുന്നു. എന്നാൽ പുരുഷന്റെ സൗന്ദര്യമോ വേഷഭൂഷണങ്ങളോ ഒരിക്കലും വിഷയമായിരുന്നില്ല. പുരുഷന്റെ ശക്തിക്കും അവന്റെ ചിന്തകൾക്കുമാണ് കലയിൽ സ്ഥാനമുള്ളത്. ഈ ശക്തി സൗന്ദര്യങ്ങളുടെ ദ്വന്ദ്വാത്മകത എഴുത്തുകാരെ പ്രചോദിപ്പിച്ചിരുന്നു. പുരുഷനേക്കാൾ സ്ത്രീയെപ്പറ്റി പറയാനാണ്, എഴുതാനാണ്, കവികൾക്ക് താത്പര്യം. ഒരു പുരുഷന്റെ മനസ്സ്, അയാളുടെ ദുഃഖം, അയാൾ അനുഭവിക്കുന്ന സങ്കീർണതകൾ, അയാളുടെ ചുമതലകൾ ഇങ്ങനെയുള്ള സംഗതികളെയൊക്കെ രണ്ടാം തരത്തിലും മൂന്നാംതരത്തിലും ഒതുക്കി നിർത്തി സ്ത്രീയെയും അവളെ മുൻനിർത്തിയുള്ള വിഷയങ്ങളെയുമാണ് കൃതികളിൽ ആവിഷ്കരിച്ചിരിക്കുന്നത്.

രാമായണത്തിൽ രാമനേക്കാൾ സീതയ്ക്കും മഹാഭാരതത്തിൽ പാണ്ഡുവിനേക്കാൾ കുന്തിക്കും പാണ്ഡവരേക്കാൾ പാഞ്ചാലിക്കും കഥയുടെ തേര് നയിക്കാൻ കഴിഞ്ഞത് സ്ത്രീയെന്ന ആകർഷണവലയത്തിന്റെ ശക്തികൊണ്ടാണ്. സ്ത്രീ എപ്പോഴും ഒരു വിഷയമാണെന്നുള്ളതിന് മലയാള കവിതാചരിത്രത്തിൽ തെളിവുകളേയുള്ളൂ. നളിനി, ലീല, സീത, വാസവദത്ത, മറിയം, പിംഗള, ശകുന്തള... ഇതിനൊരപവാദം 'രമണൻ' മാത്രമാണ്. ഇതുപോലെ സ്ത്രീയുടെ വിവിധ ഭാവങ്ങൾ ആവിഷ്കരിച്ച് - മുത്തശ്ശിയായും അമ്മയായും മകളായും കുടുംബിനിയായും വേലക്കാരിയായും-മാതൃത്വത്തിന്റെ കവിയെന്ന് പേരുകേട്ട ബാലാമണിയമ്മയും സ്ത്രീ വിഷയം വിട്ട് ചിന്തിച്ചിരുന്നു എന്നത് ഒരു പക്ഷേ മനുസ്മൃതിയിൽ പറഞ്ഞിരിക്കുന്ന തത്വം കൊണ്ടാകാം. അതെന്തുതന്നെയാകട്ടെ, ബാലാമണിയമ്മക്കവിതയുടെ സ്വത്വം മാതൃത്വമാണെങ്കിലും അവരുടെ പക്വമായ പല രചനകളിലും പുരുഷബിംബങ്ങൾകൊണ്ട് അവാച്യമായ ചില അനുഭവപരമ്പരകൾ സൃഷ്ടിച്ചിരിക്കുന്നത് കാണാം.

### പുത്രസങ്കല്പം

"പുന്നാമ്നോ നരകാദ്യസ്മാത് ത്രായതേ പിതരം സുതഃ
തസ്മത് പുത്ര ഇതി പ്രോക്തഃ സ്വയമേവസ്വയം ഭുവാ"

(മനുസ്മൃതി 9.138 പു. 417)

'പുത്' എന്നു പേരായ നരകത്തിൽ നിന്ന് പിതാവിനെ ത്രാണം ചെയ്യുന്നവനാണ് പുത്രൻ. ബാലാമണിയമ്മയുടെ കവിതകളിൽ പുത്രൻ ആത്മസാക്ഷാത്കാരത്തിന്റെയും ജഗദീശ്വരന്റെയും പ്രതീകമായി പ്രത്യക്ഷപ്പെടുന്നു. മാതൃത്വത്തിന്റെ സഫലതയായി പുത്രലാഭത്തെ കവി കാണുന്നു.

"ഉണ്ണി, നിൻ ദർശനത്താലേ വിരിയുന്നു
ണ്ടെന്നുള്ളിലെ ത്യുത്കൃഷ്ടാദർശങ്ങൾ
ഇന്നു മുതൽക്കു ഞാൻ ത്വൽപരിചര്യക്കായ്
സ്സുന്ദരമാക്കുവാൻ ജീവിതത്തെ"

അത്യുത്കൃഷ്ടാദർശങ്ങൾ കൊണ്ട് ജീവിതത്തെ സുന്ദരതരമാക്കുവാൻ മകന്റെ ദർശനം കൊണ്ട് സാധിക്കുന്നു. ജഗത്പിതാവിൽ നിന്നും തനിക്കു കിട്ടിയ സന്താനം കവിതയാകുന്നതും ഇങ്ങനെയാണ്. 'തൻ മകനോളം വലുതാവു'വാനാഗ്രഹിക്കുന്നതിലൂടെ പുത്രനിൽ ഗുരുവിനെയും ജഗദീശ്വരനെയും പ്രതിഷ്ഠിക്കുകയാണ് ചെയ്തിരിക്കുന്നത്. പുത്രലാഭത്താൽ ദമ്പതിമാരിൽ, ഭോഗലോലുപായ പ്രഥമാനുരാഗത്തിനു പകരം പരിപക്വവും ത്യാഗോത്സുകവുമായ പ്രേമം ആവിർഭവിക്കുന്നതായി 'ആശീർവാദം' എന്ന കവിതയിൽ ചിത്രീകരിക്കുന്നു.

"ഇമ്മഹിതൈശ്വരാംശത്തിനേ സാധ്യമി-
ങ്ങമ്മയെയച്ഛനോടേകീകരിക്കുവാൻ"

എന്നു പറയുന്നിടത്തും പുത്രസങ്കല്പത്തെ മഹത്തരമാക്കുന്ന ആശയങ്ങൾ കണ്ടെത്താം. പുത്രനായി പിറക്കുന്നത് ഈശ്വരാംശമാണെന്നും മാതാപിതാബന്ധത്തെ ദൃഢതരമാക്കുവാൻ പുത്രജനനം അനിവാര്യമാണെന്നും കവി വിശ്വസിക്കുന്നു. മാതാവ്, പിതാവ്, പുത്രൻ എന്ന ത്രികോണം കാലത്തിന്റെ ചാക്രികതയെ പൂരിപ്പിക്കുന്ന ചരടായി മാറുന്നു. പരിപൂർണമായ ജീവിതത്തിന് പുരുഷാംശമായ പുത്രൻ തന്നെ വേണം. പുത്രന്റെ സംശയങ്ങൾ തീർക്കാൻ കഴിയാതെവരുന്ന മാതാവ്, തന്റെ മകനെ ഈശ്വരനായിത്തന്നെ കാണുകയാണ്.

'എന്നു ഞാനമ്മയെപ്പോലെ വലുതാ'വുമെന്ന് ചോദിച്ചുകൊണ്ടിരിക്കുന്ന മകനെ അവതരിപ്പിക്കുന്ന 'വലുതാവണം' എന്ന കവിതയിലും പുത്രസങ്കൽപ്പത്തിന്റെ ചാരുതലാളിത്യമാർന്ന ശീലിലൂടെ അവതരിപ്പിക്കുന്നു. പുത്രനെ വളർത്തി വലുതാക്കന്നത് ഈശ്വരസാക്ഷാത്കാരത്തിനുള്ള ഒരു മാർഗമായി കാണുകയാണ് ബാലാമണിയമ്മ. ആത്മചൈതന്യം സ്ഫുരിക്കുന്നത് കുട്ടികളിലാണ്. അവർ ഈശ്വരന്റെ പ്രതിരൂപമാണ്. പുത്രനെ സ്പർശിക്കുന്നതും ദർശിക്കുന്നതുമെല്ലാ സച്ചിദാനന്ദമായി കവിക്കനുഭവപ്പെടുന്നതും ഈ കാഴ്ചപ്പാടുകൊണ്ടാണ്.

കൃഷ്ണവേഷം പൂണ്ട് ഓടക്കുഴൽ വായിക്കുന്ന സ്വപുത്രനെക്കണ്ട് ബാലഗോപാലനായി താദാത്മ്യം പ്രാപിക്കുന്ന 'വേണുഗോപാലൻ' എന്ന കവിതയിലും പുത്രനെ ഈശ്വരനായി കാണുന്നു. കൺമുന്ില്‍ ഈശ്വരനെ കണ്ടിട്ടും അവനെ തിരഞ്ഞ് പുരാണഗ്രന്ഥങ്ങളിലേക്കിറങ്ങുന്ന ആ അമ്മ ഒടുവിൽ തന്റെ ഉണ്ണിയിൽ മംഗളകരമായ സർവഭൂതാത്മക ദർശനം കാണുന്നു. ജഗദാത്മാവായ ഈശ്വരൻ പുത്രനായി പിറന്നതുമുതൽ ലോകാംബയായി മാറുകയാണ് അമ്മ. പുത്ര

നിലൂടെ ലോകത്തിന്റെ അമ്മയായിത്തീരുന്നതിലെ ആത്മസാക്ഷാത്കാരം ആവിഷ്ക്കരിക്കുകയാണ് 'കുട്ടികൾക്കിടയിൽ' എന്ന കവിതയും. പുത്രനിലൂടെ പലതും പഠിക്കുകയും പുത്രനിലൂടെ ലോകത്തിന്റെ അമ്മയാവുകയും പുത്രനിലൂടെ ഈശ്വരനെ കാണുകയും ചെയ്യുന്ന ബാലാമണിയമ്മ, മാതൃത്വത്തേക്കാൾ പുത്രസങ്കല്പത്തിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്.

അമ്മയുടെ മുലപ്പാലിലൂടെ പ്രപഞ്ചത്തിന്റെ മധുരിമയാകെ ഊറ്റിക്കുടിച്ച പ്രിയപ്പെട്ട മകൻ നരബാധിച്ച് വൃദ്ധനായിപ്പോയെങ്കിലും ('മകന്റെ നര') മകന്റെ കൺകളിൽ ഈശ്വരനെത്തന്നെ ദർശിക്കുന്ന ബാലാമണിയമ്മയുടെ കവിതകൾ പുത്രസങ്കൽപ്പത്തിന്റെ ഉദാത്ത മാതൃകയായിത്തീർന്നിരിക്കുന്നു. ജനിച്ച്, കുറച്ചുകൂടി വലുതായി, മുട്ടിലിഴയുന്നു, എഴുന്നേറ്റുനടക്കുന്നു, കളിക്കുന്നു, പഠിക്കുവാൻ പോകുന്നു. പിന്നെയും വലുതാകുന്നു. ഇങ്ങനെ ഉണ്ണിയുടെ ജീവിതത്തിലെ പ്രധാനപ്പെട്ട നാഴികക്കല്ലുകളെയും പകർത്തുന്നതിലൂടെ പുത്രകേന്ദ്രിതമായ മൂല്യങ്ങളെ ഉയർത്തുന്നു. മാതൃത്വത്തേക്കാൾ പ്രാധാന്യം പുത്രനിലൂടെ ഈശ്വരനെ കാണുന്ന, ഈശ്വരനെ അറിയുകയും ആരാധിക്കുകയും ചെയ്യുന്ന സങ്കല്പത്തിന് കൈവരുന്നത് ഇങ്ങനെയാണ്. എല്ലാ കവിതകളിലും മകൾ/ പുത്രി എന്നതിനേക്കാൾ പ്രാധാന്യം മകൻ/ പുത്രൻ എന്നതിനാണ്. പുത്രനെ ഈശ്വരനായി ദർശിക്കുന്നതിലൂടെ വിരാട് പുരുഷചൈതന്യത്തെ ആവാഹിക്കുന്ന ബാലാമണിയമ്മ, മാതൃത്വത്തിന്റെ മഹനീയതയല്ല പാടിപുകഴ്ത്തുന്നത്. മറിച്ച്, ഈശ്വര ചൈതന്യത്തെയാണ്. ഈശ്വരൻ എപ്പോഴും പുല്ലിംഗമാണ്. മകനാണ് ഈശ്വരനായി വരുന്നത്. ഈയൊരു കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ബാലാമണി അമ്മയല്ല, അച്ഛനാണ്. സ്ത്രീത്വം, മാതൃത്വം, അമ്മ, മുത്തശ്ശി, കുടുംബിനി, വേലക്കാരി തുടങ്ങിയുള്ള സ്ത്രീ പരിസരങ്ങളെ മാറ്റിനിർത്തി ആ കവിതകളിൽ പുരുഷനുള്ള പ്രാധാന്യം പഠിക്കുമ്പോഴാണ്, അല്ലെങ്കിൽ സ്ത്രീയിൽ മറഞ്ഞിരിക്കുന്ന പുരുഷ വിധേയത്വം ചാഞ്ഞും ചരിഞ്ഞും ചികഞ്ഞും ചിക്കിയും നോക്കുമ്പോഴാണ് ബാലാമണിയമ്മ കവിതകളിലെ ഈ വ്യത്യസ്തമായ കാഴ്ചപ്പാട് വ്യക്തമാകുന്നത്.

## ഭർത്തൃസങ്കല്പം

“പതിർഭാര്യാം സംപ്രവിശ്യ ഗർഭോ ഭൂത്വേന ജായതേ
ജായായാസ്തദ്ധി ജായാത്വം യദസ്യാം ജായതേ പുനഃ”

(മനുസ്മൃതി 9–8. പു. 392)

ഭർത്താവ് രേതോ രൂപേണ ഭാര്യയിൽ പ്രവേശിച്ച് ഗർഭമായി ഭവിച്ച് പുത്ര രൂപേണ ജനിക്കുന്നു. താൻ ഭാര്യയിൽ ഇങ്ങനെ വീണ്ടും ജനിക്കുന്നതിനാലാണ് ഭാര്യയ്ക്ക് ജായയെന്ന് പേരുവന്നത്. 'ആത്മാവൈ പുത്ര നാമാസി' എന്നതും ഭർത്താവാണ് പുത്രനായി ജനിക്കുന്നത് എന്ന് സങ്കൽപിക്കുന്നു. ബാലാമണിയമ്മ പുത്ര സങ്കൽപ്പത്തെ തീവ്ര




മായൊരു ബന്ധനമായി ആവിഷ്ക്കരിക്കുന്നു. പുത്രനെ ദൈവമായി കാണുന്നതുപോലെ തന്നെ ഭർത്താവിനെയും ഈശ്വരതുല്യനായി കാണുന്നു കവി. അമ്പലത്തിലെ ദൈവത്തെ പോയി തൊഴുതുവരുന്നതിനേക്കാളും ഭർത്തൃ പൂജയാണ് പ്രധാനം എന്ന് 'അമ്പലത്തിലേക്ക്' എന്ന കവിതയിൽ പറയുന്നു. ക്ഷേത്രത്തിലേക്ക് പൂവിറുക്കുമ്പോൾ ഭർത്താവ് പറയുന്നു, “നിൻ കവിൾപ്പൂക്കളെ മുകരാൻ തരികെനിക്കെ”ന്ന്. “ദൈവനുള്ളൊന്നിത,...ങ്ങയ്ക്കു നൽകാമോ” എന്ന ഭാര്യയുടെ ചോദ്യം അദ്ദേഹത്തെ ചൊടിപ്പിക്കുന്നു.

“കാഴ്ച നൽകാൻ മടിക്കയോഹന്ത, നി–
ന്നീശ്വരൻ കനിഞ്ഞർഥിയായ് നിൽക്കുമ്പോൾ”

ഇണകളുടെ പരസ്പര സ്നേഹമാണ് ദൈവം എന്ന് പുൽക്കൊടികളും പറഞ്ഞു. പ്രകൃതിയിൽ നിന്നും ഈ സത്യം തിരിച്ചറിഞ്ഞ അമ്മ, നിർമലാനന്ദത്തിന്റെ ഇരിപ്പിടം തന്റെ വീടുതന്നെയെന്ന് തിരിച്ചറിയുന്നു.

“ഭർത്തൃപൂജാ പ്രസക്തമനസ്സെഴു–
മൂത്തമസ്ത്രീജനങ്ങളിണങ്ങി”ക്കഴിയുന്ന

പാതവക്കത്തെ വീടുകൾ ദേവാലയമായി തീർന്നിരിക്കുന്നു. ഭർത്താവിനെ പൂജിക്കുന്നതാണ് ഭാര്യാധർമം എന്ന ഭാരതീയ വിശ്വാസത്തിലേക്കു നയിക്കുന്നതാണീ കവിത. ഭാര്യാഭർത്തൃബന്ധത്തിന്റെ പവിത്രതയും ആവശ്യകതയും അവകാശപ്പെടുന്ന കവിതകളാണ് 'കല്യാണവേദിമേൽ', 'കവനപീഠത്തിൽ' എന്നിവ. ഈശ്വരനെപ്പോലെ അമേയനാണ് ഭർത്താവെന്നും ഈശ്വര സാക്ഷാത്കാരത്തിന് ഭർത്താവിനോടുള്ള ശാശ്വതാരാധന മാത്രമാണ് വേണ്ടതെന്നും 'മംഗല്യരാത്രി' എന്ന കവിതയിലൂടെ വെളിപ്പെടുത്തുന്നു. ജീവാത്മാവും പരമാത്മാവും പോലെയാണ് ഭാര്യാഭർത്തൃബന്ധം. ഭർത്താവിലൂടെ സാക്ഷാൽ ഈശ്വരനെത്തന്നെയാണ് കവി കാണുന്നതെന്ന് 'പ്രേമോപഹാരം' തെളിവാണ്. പവിത്രമായ ഒരാരാധനയാണിത്. പ്രിയതമയുടെ സ്നേഹത്തിനു മുന്നിൽ തോറ്റുനിൽക്കുന്ന ഒരാദർശധീരനെയാണ് 'പദശൃംഖല”യിൽ കാണുന്നത്. ചെയ്തുതീർക്കുവാൻ ഓരോരോ കടമകൾ കിടക്കുമ്പോൾ അവളുടെ സ്നേഹമാകുന്ന മണിത്തുടലിൽ കുരുങ്ങിക്കിടക്കുവാൻ ആയാൾക്കു കഴിയുന്നില്ല. എങ്കിലും അയാളെ നിയന്ത്രിക്കുന്നത് അവളുടെ ചുവടുവീർപ്പൊന്ന് മാത്രമാണ്. രണ്ടുവശത്തേക്കും പിടിച്ചുവലിക്കപ്പെടുന്ന അയാളുടെ മനസ്സിൽ കൂടുതൽ പ്രാധാന്യം പ്രിയതമയ്ക്കുതന്നെയാണ്. പുരുഷനെ എങ്ങനെ കാണുന്നു എന്നതുപോലെ പുരുഷൻ സ്ത്രീയെ എങ്ങനെ കാണുന്നു എന്നും പറയുകയാണിവിടെ. പുരുഷന് എപ്പോഴും സമൂഹവുമായിട്ടുൾച്ചേർന്ന് പല പ്രവർത്തനങ്ങളും അനിവാര്യമാണ്. വിപ്ലവങ്ങളിലും പങ്കുകൊള്ളേണ്ടിവരും.

“'പ്രശസ്തമെന്റെ വാക് പടുത്വം ലോക
തിൽ
പ്പരിസ്ഫുരിപ്പിച്ചു സ്വധർമബോധത്തെ
പരിഷ്കൃതാശയ പരമ്പരയാൽ ഞാൻ
പ്രതിധ്വനിപ്പിച്ചു സഭാങ്കണങ്ങളെ
ബലവദ്വാഗ്വാദ ബഹളം കൊണ്ടു ഞാൻ
തലകുനിപ്പിച്ചു വിമതരെ-യെന്നാൽ
മിഴിനീരിൽത്തവ മുഴുകുമ്പോൾത്തേജ–
സ്സൊഴിഞ്ഞെൻ വാക്കുകൾ പൊലിഞ്ഞു
പോകുന്നു”

എന്നയാൾ പറയുമ്പോൾ പരസ്പരബന്ധിതമായ സ്ത്രീ പുരുഷ ദർശനത്തെയാണ് അവതരിപ്പിക്കുന്നത്. ഇങ്ങനെ സ്ത്രീയുടെ അർധഭാഗത്തെ ഉദാത്തമായൊരു സങ്കൽപ്പമായിട്ടാണ് ബാലാമണിയമ്മ തന്റെ കവിതകളിൽ കൊണ്ടുവന്നിരിക്കുന്നത്.

## പുരാണപുരുഷന്മാർ

ബാലാമണിയമ്മയുടെ പുരാണ കഥാഖ്യാന കവിതകളിൽ മിക്കതും പുരുഷകേന്ദ്രിതമാണ്. കവിതയുടെ പേരുകൾപോലും പുരുഷന്റേതാണ് എന്നത് വളരെ ശ്രദ്ധേയമായൊരു സംഗതിയാണ്. മഹാബലി, ച്യവനൻ, യയാതി, വസുമാൻ, പ്രതർദനൻ, ശിബി, അഷ്ടകൻ, ധന്വന്തരി, മഹാവീരൻ, വാല്മീകി, മനുവിന്റെ കഥ, വിശ്വാമിത്രൻ, വിഭീഷണൻ എന്നീ പേരുകളിലുള്ള കവിതകൾ ഉദാഹരണം. പുരാണ കഥാപുരുഷന്മാരെ തിരഞ്ഞെടുത്തിരിക്കുന്നതിൽ തന്നെ കവിയുടെ ദർശനത്തിന്റെയും പുരാണങ്ങളിലുള്ള പാണ്ഡിത്യത്തിന്റെയും ശക്തി തെളിഞ്ഞുകാണാം. പൗരുഷത്തിന്റെയും ആത്മത്യാഗത്തിന്റെയും ദാനശീലത്തിന്റെയും മകുടോദാഹരണങ്ങളാണ് ഈ പുരുഷന്മാർ എന്നതും ശ്രദ്ധേയമാണ്.

ഇപ്രകാരം തന്റെ കവിതകളിൽ പുരുഷസങ്കല്പത്തിന്റേതായ മുദ്രകൾ പതിച്ചുവെച്ച കവിയായിരുന്നു ബാലാമണിയമ്മ. പുത്രനായും ഭർത്താവായും ഗുരുവായും ഈശ്വരനായും പുരുഷന്റെ വിവിധ ഘട്ടങ്ങൾ കവിതയിലൂടെ വെളിപ്പെടുത്തുകയായിരുന്നു അവർ. ■

# സ്വാതന്ത്ര്യദിനത്തിലൂടെ ഒരു യാത്ര


**തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് എൽ.പി.എസ്സിലെ നാലാം ക്ലാസ് വിദ്യാർഥിനിയായ ഇഷാനി കെ.എസ്. സ്വാതന്ത്ര്യദിനത്തിന്റെ ത്യാഗോജ്ജ്വലമായ പ്രസക്തി ഓർമിപ്പിക്കുന്നു**



**2014** ഓഗസ്റ്റ് 15 ന് നാം സ്വാതന്ത്ര്യത്തിന്റെ 68 ാം വാർഷികം ആഘോഷിച്ചു. ഇന്ത്യ അടക്കിഭരിച്ച വെള്ളക്കാരിൽ നിന്നും സ്വാതന്ത്ര്യം നേടിയതിന്റെ വേദനയും കഷ്ടപ്പാടും നിറഞ്ഞ ചരിത്രം നമ്മൾ വീണ്ടും ഓർക്കുന്നു. നൂറുകണക്കിന് നാട്ടുരാജ്യങ്ങൾ ചേർന്ന ഒരു വലിയ രാജ്യമായിരുന്നു ഇന്ത്യ ആദ്യം. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലെത്തി സത്യഗ്രഹം, ഉപവാസം തുടങ്ങിയ സമരായുധങ്ങളുമായി ബ്രിട്ടീഷുകാരോട് പോരാടി ഇന്ത്യയെ സ്വതന്ത്രമാക്കി.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കാൻ ഗാന്ധിജിയുടെ അഹിംസാമാർഗത്തിലൂടെയുള്ള സമരം മാത്രം പോരായെന്നു കരുതിയിരുന്ന ചില ദേശാഭിമാനികൾ നമുക്കുണ്ടായിരുന്നു. സുഭാഷ് ചന്ദ്രബോസ്, ഭഗത്സിങ്, ചന്ദ്രശേഖർ ആസാദ് തുടങ്ങിയവരാണ് അവരിൽ ചിലർ. അക്രമികളായ ബ്രിട്ടീഷുകാരോട് ആയുധമെടുത്തുതന്നെ പോരാടണം എന്നായിരുന്നു അവരുടെ അഭിപ്രായം. ഇന്ത്യയുടെ മോചനത്തിനായി സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമി സ്ഥാപിച്ചു. സമാധാനത്തിന്റെ വഴിയാണ് ഗാന്ധിജി സ്വാതന്ത്ര്യസമരത്തിന് തിരഞ്ഞെടുത്തത്. നൂറുകണക്കിന് മനുഷ്യരുടെ രാജ്യസ്നേഹമാണ് ബ്രിട്ടീഷുകാരുടെ അടിച്ചമർത്തപ്പെട്ട ഭരണത്തിൽനിന്നും ഇന്ത്യയെ സ്വതന്ത്രമാക്കാൻ സഹായിച്ചത്.

സ്വതന്ത്ര ഇന്ത്യയിൽ ഒരുപാട് വൈവിധ്യങ്ങളിൽ ജീവിക്കുന്ന നമ്മൾ ഇന്ത്യക്കാരെ ഒന്നിപ്പിച്ചു നിർത്തുന്ന പല വികാരങ്ങളുണ്ട്. നമ്മുടെ മാതൃ





രാജ്യം, ദേശീയപതാക, ദേശീയഗാനം തുടങ്ങി പലതും... 1947 ൽ ത്രിവർണപതാക ഇന്ത്യയുടെ ദേശീയപതാകയായി അംഗീകരിച്ചു. ഇതിലെ കുങ്കുമനിറം സമരത്തിനായി പോരാടിയവരുടെ ത്യാഗത്തെയും ധീരതയെയും സൂചിപ്പിക്കുന്നു. പച്ച നമ്മുടെ മാതൃരാജ്യത്തിന്റെ മണ്ണിനെയും സസ്യജാലങ്ങളെയും സൂചിപ്പിക്കുന്നു. ഇതിന്റെ നടുവിലെ അശോകചക്രം, സ്വതന്ത്ര ഇന്ത്യയിലെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്രുവിന്റെ നിർദേശപ്രകാരമാണ് സ്ഥാപിച്ചത്.

എല്ലാ ജാതിമതങ്ങളിൽ ഉള്ളവരും സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോഴും ഇന്ന് ജാതിമത ചിന്തകൾ ഇന്ത്യയുടെ പല ഭാഗത്തും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.

ഓഗസ്റ്റ് 15 എന്ന പുണ്യദിനത്തിൽ നമ്മുടെ രക്തസാക്ഷികൾ നമുക്കു പകർന്നുനൽകിയ സ്വാതന്ത്ര്യത്തിന്റെ വില നാം മനസ്സിലാക്കണം. ജാതിമത ചിന്തകൾക്കതീതമായി എല്ലാവരെയും സ്നേഹിക്കണം. ഓഗസ്റ്റ് 15 ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും രാജ്യത്തെ അഭിസംബോധന ചെയ്യുന്നു. അന്ന് ദേശീയപതാക ഉയർത്തിയും ദേശീയഗാനമാലപിച്ചും മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യം നാം ഇന്ത്യയിൽ ആഘോഷിക്കുന്നു. ഈയൊരു നിമിഷത്തിൽ സ്വാതന്ത്ര്യസമരത്തിൽ പോരാടിയവർ ഉണ്ടായിരുന്നെങ്കിലെന്നു ഞാൻ ആശിച്ചുപോകുന്നു. ■



കല

■ അഭയൻ വർഗീസ്

# കലയുടെ ഇതരലോകപൗരത്വം



വൽസൻ കൂർമ കൊല്ലേരിയുടെ ഇൻസ്റ്റലേഷൻ

**നൂതന കലാസൃഷ്ടികളും ബൗദ്ധികാശയങ്ങളുമായി കലാരംഗത്ത് പുതിയ തരംഗങ്ങൾ സൃഷ്ടിച്ച കൊച്ചിൻ ബിനാലെയുടെ രണ്ടാം പതിപ്പ് 2014 ഡിസംബർ 14 മുതൽ മാർച്ച് 29 വരെ അരങ്ങേറുന്നു.**

'കൊച്ചി-മുസിരിസ് ബിനാലെ' അരങ്ങേറുന്നതിന് കൊച്ചിയേക്കാൾ മികച്ചൊരു ഇടം ലഭിക്കാനില്ല എന്ന് പറയുന്നത് അനുചിതമാകില്ല. ബിനാലെയുടെ ആശയവും അഭിലാഷവും കൊച്ചിയുടെ കലാവിനിമയ വിശ്വാസം, അടിസ്ഥാന സൗകര്യങ്ങൾ എന്നീ ഗുണങ്ങൾക്കും ഇടയിൽ ഒരു ആത്മബന്ധമുണ്ട്.

പണ്ടും, ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള വ്യത്യസ്ത സമൂഹങ്ങളുടെ കേന്ദ്രമായിരുന്നു കൊച്ചി, ഇപ്പോഴും അങ്ങനെ തുടരുന്നു. പുരാതന മുസിരിസ് തുറമുഖ പട്ടണത്തിന്റെ തുടർച്ചയാണ് കൊച്ചിയുടെ ഈ ലോകപൗരത്വസ്വഭാവമെന്ന് (കോസ്മോപോളിറ്റനിസം) കരുതപ്പെടുന്നു. മുസിരിസ് തുറമുഖ പട്ടണമാകട്ടെ ഇന്ന് മണ്ണിലും ഐതിഹ്യങ്ങളിലും പുതഞ്ഞുകിടക്കുന്നു, അങ്ങനെ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. ബിനാലെയുടെ തുടർച്ച ആവാഹിക്കാൻ ശ്രമിക്കുന്നത് ഈ ഇതര ലോകപൗരത്വത്തിന്റെ ശക്തിയെയാണ്.

ഇടത്തിനും ഇവന്റിനും ഇടയിലുള്ള ഈ സാരവത്തായ ബന്ധം, ആദ്യ കൊച്ചി-മുസിരിസ് ബിനാലെയിൽ അവതരിപ്പിക്കപ്പെട്ട സ്ഥല കേന്ദ്രീകൃത കലാസൃഷ്ടികൾ സംശയലേശമന്യേ തെളിയിച്ചിരുന്നു. മുസിരിസ് എന്ന് അനുമാനിക്കപ്പെടുന്ന, പട്ടണം പ്രദേശത്തുനിന്ന് ഉൽഖനനം ചെയ്തെടുത്ത കളിമൺ പാത്രങ്ങളുടെ കഷണങ്ങൾ ഉപയോഗിച്ചാണ് കലാകാരനായ വിവാൻ സുന്ദരം തന്റെ 'ബ്ലാക്ക് ഗോൾഡ്' എന്ന ഇൻസ്റ്റലേഷൻ ഒരുക്കിയത്. പോർച്ചുഗീസ് കലാകാരനായ റിഗോ23 ആകട്ടെ, കൽവത്തി പണ്ടകശാലയിലെ തന്റെ ഇൻസ്റ്റലേഷനിലൂടെ പ്രതിഫലിപ്പിക്കാൻ ശ്രമിച്ചത് കൊച്ചിയുടെ പോർച്ചുഗീസ് ചരിത്രമായിരുന്നു.

കാബൂളിൽ ജനിക്കുകയും ബ്രിട്ടീഷുകാരുടെ കസ്റ്റഡിയിൽ വച്ച് കൊച്ചിയിൽ മരിക്കുകയും ചെയ്ത ഒരാളുടെ ഭൗതികാവശിഷ്ടങ്ങൾ ഉൽഖനനം ചെയ്യുന്ന ഒരു സാങ്കൽപ്പിക സ്ഥലമായിരുന്നു അമാനുള്ള മൊജാദീദി സൃഷ്ടിച്ചത്. കെട്ടുപിണഞ്ഞുകിടക്കുന്ന നമ്മുടെ വ്യക്തിത്വങ്ങളെ കുഴിച്ചെടുക്കുന്ന പ്രക്രിയയാണ് അമാനുള്ള മൊജാദീദി ഇതിലൂടെ അവതരിപ്പിച്ചത്. ഷീലാ ഗൗഡയും ക്രിസ്റ്റോഫ് സ്റ്റോഴ്സും ചേർന്ന് ബോട്ടുജെട്ടിയിൽ ചിതറിക്കിടക്കുന്ന അരകല്ലുകൾ ഒരുക്കിക്കൊണ്ടുള്ള ഇൻസ്റ്റലേഷൻ അവതരിപ്പിച്ചു. ഈ അരകല്ലുകളിലരഞ്ഞ സുഗന്ധവ്യഞ്ജനങ്ങളെയും അവ കടൽ കടന്നുപോയ യാത്രയെയും അനുസ്മരിപ്പിക്കുന്ന ഒന്നായിരുന്നു ഇവരുടെ ഇൻസ്റ്റലേഷൻ. പല ദേശങ്ങളിൽ നിന്നായി കൊച്ചിയിലെത്തിയ പല ദേശക്കാരും സ്വന്തം ഭാഷകളുടെ മുദ്രകൾ മലയാള വാക്കുകളിൽ പതിപ്പിച്ചത് എങ്ങനെയെന്നതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള സൗണ്ട് ഇൻസ്റ്റലേഷനാണ് സഞ്ജയൻ ഘോഷ് അവതരിപ്പിച്ചത്. ബിനാലെയിൽ ജോസഫ് സെമ അവതരിപ്പിച്ച ഇൻസ്റ്റലേഷൻ, പടിഞ്ഞാറനേഷ്യൻ സമൂഹങ്ങൾക്ക് ചേരരാജാവ് അനുവദിച്ചുകൊടുത്ത പ്രത്യേകാവകാശങ്ങളെ കുറിച്ചുള്ളതായിരുന്നു. ചെമ്പുകൊണ്ടുള്ള 72 പ്ലേറ്റുകളും 72 ചിത്രങ്ങളും ഉപയോഗിച്ച ഈ ഇൻസ്റ്റലേഷൻ കേരളത്തിനും പടിഞ്ഞാറനേഷ്യയ്ക്കും



സുബോധ് ഗുപ്തയുടെ ഇൻസ്റ്റലേഷൻ

തമ്മിലുണ്ടായിരുന്ന ബന്ധത്തിലേക്കുള്ള ദൃശ്യ ചൂണ്ടുപലകയാണ്.

## എന്താണ് ബിനാലെ?

ആർട്ട് ഗാലറികളും മ്യൂസിയങ്ങളും പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു ഇതരയിടത്തിൽ സൃഷ്ടികൾ അവതരിപ്പിക്കുന്നതിനുള്ള സുവർണാവസരമാണ് കലാകാരന്മാർക്ക് ബിനാലെകൾ നൽകുന്നത്. അഭിപ്രായനിർദേശങ്ങളോടും സമകാലീന കലയുടെ ആവശ്യങ്ങളോടും പെട്ടെന്ന് പ്രതികരിക്കാനുള്ള പ്രാപ്തിയും ആർട്ട് ഗാലറികളോടോ മ്യൂസിയങ്ങളോടോ താരതമ്യപ്പെടുത്തുമ്പോൾ ബിനാലെകൾക്കുള്ള വിപുലതയുമാണ് ബിനാലെകളുടെ താത്കാലികത്വവും പൊതുജന പങ്കാളിത്ത സ്വഭാവവും അർഥമാക്കുന്നത്.

പലപ്പോഴും കലയ്ക്ക് ലഭ്യമാകുന്നത് പരിമിതവും ഊഷരവുമായ ചുറ്റുപാടുകളാണ്, എന്നാൽ ഇത്തരം ചുറ്റുപാടുകളിൽ നിന്ന് വ്യാപ്തിയുള്ളതും സങ്കീർണവുമായ പൊതുയിടങ്ങളിലേക്ക് കടക്കാനൊരു അവസരമാണ് കലയ്ക്ക് ബിനാലെകൾ തുറന്നിടുന്നത്. ബിനാലെകളുടെ ഈ പൊതുജന പങ്കാളിത്ത സ്വഭാവം അർഥമാക്കുന്നത് കലയ്ക്കും സമൂഹത്തിനുമിടയിൽ ഏറ്റവും മികച്ച സമ്പർക്കബിന്ദുവായി ബിനാലെകൾ മാറുന്നുണ്ടെന്നും കലയ്ക്കും പൊതുജനങ്ങൾക്കുമിടയിൽ പരസ്പര സ്വാംശീകരണങ്ങൾ നടക്കുന്നതിനാൽ ഇരുതലങ്ങളിലും സൗന്ദര്യബോധ മാറ്റങ്ങൾ ഉണ്ടാകുന്നുവെന്നുമാണ്.

പുതിയതും വൈവിധ്യമാർന്നതുമായ കലാരൂപങ്ങളുടെ ആവിർഭാവത്തിനുള്ള വിളനിലങ്ങളായി ബിനാലെകൾ മാറുന്നതിനാൽ കലയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കൊപ്പം, സമൂഹവും സംസ്കാരവുമായി ബന്ധപ്പെട്ട വിശാലമായ വിഷയങ്ങളും ചർച്ച ചെയ്യുകയും ചിന്തിക്കുകയും ചെയ്യുന്ന ഇടങ്ങളാണ് ബിനാലെകളെന്നും പറയാം.

## കൊച്ചി-മുസിരിസ് ബിനാലെ 2012

ആദ്യ കൊച്ചി-മുസിരിസ് ബിനാലെ ജനങ്ങൾക്ക് തുറന്നുകൊടുത്തത് ഡിസംബർ 12, 2012-നായിരുന്നു. തുടർച്ചയായ 96 ദിവസം നീണ്ടുനിന്ന പ്രദർശനത്തിന് ശേഷം മാർച്ച് 13, 2013-ന് കൊച്ചി-മുസിരിസ് ബിനാലെക്ക് തിരശ്ശീല വീണു. ആദ്യ എഡിഷന്റെ ക്യൂറേറ്റർമാർ മലയാളി കലാകാരന്മാരായ റിയാസ് കോമുവും ബോസ് കൃഷ്ണമാചാരിയും ആയിരുന്നു. ലോകമെമ്പാടുമുള്ള 23 രാജ്യങ്ങളിൽ നിന്നായി 89 കലാകാരന്മാരാണ് കൊച്ചി-മുസിരിസ് ബിനാലെയിൽ പങ്കെടുത്തത്, ഇതിൽ 44 കലാകാരന്മാർ ഇന്ത്യയിൽ നിന്നുള്ളവരായിരുന്നു. കൊച്ചി നഗരമായിരുന്നു, പ്രത്യേകിച്ചും ചരിത്രപ്രാധാന്യമുള്ള ഫോർട്ട് കൊച്ചി പ്രദേശമായിരുന്നു, കലാസൃഷ്ടികളുടെ പ്രദർശനത്തിന് വേദിയായത്. ബിനാലെ വേദികളിൽ ആസ്പിൻവാൾ ഹൗസ്, ഡേവിഡ് ഹാൾ, പെപ്പർ ഹൗസ്, കൽവത്തി ജെട്ടി, കബ്രാൾ യാർഡ്, ഡച്ച് വെയർഹൗസ്, ജ്യൂ ടൗൺ ഗോഡൗൺ, പരേഡ് ഗ്രൗണ്ട്, ദർബാർ ഹാൾ (എറണാകുളം) തുടങ്ങിയവ ഉൾപ്പെടുന്നു.

ബിനാലെ ആകർഷിച്ചത് നാലുലക്ഷം സന്ദർശകരെയാണ്. ബിനാലെക്ക് വിദ്യാഭ്യാസപരമായ പ്രാധാന്യം ഉള്ളതിനാൽ മുപ്പതിനായിരം സ്കൂൾ വിദ്യാർഥികളും ബിനാലെ ആസ്വദിക്കാൻ എത്തി. കുട്ടികൾക്കായി ഒരുക്കിയ ചിൽഡ്രൻസ് ബിനാലെ കലാക്യാമ്പിൽ പ്രദേശത്തെ 25 സ്കൂളുകളിൽ നിന്നുള്ള 1600ലധികം വിദ്യാർഥികൾ പങ്കെടുത്തു


ഓൺലൈനിലും കൊച്ചി-മുസിരിസ് ബിനാലെ തരംഗം ശക്തമായ സാന്നിധ്യമായിരുന്നു. 'കൊച്ചിമുസിരിസ് ബിനാലെ ഡോട്ട് ഓർഗ്' എന്ന ബിനാലെയുടെ ഔദ്യോഗിക വെബ്സൈറ്റിന്, ബിനാലെ നടക്കുന്ന വേളയിൽ മാത്രം ലഭിച്ചത് 22 ദശലക്ഷം ഹിറ്റുകളാണ്. ഈ കാലയളവിൽ ബിനാലെയുടെ ഫേസ്ബുക്ക് പേജിനാകട്ടെ ഇരുപതിനായിരത്തിലധികം ലൈക്കുകൾ ലഭിച്ചു. ഗൂഗിൾ ആർട്ടിൽ ആർക്കൈവ് ചെയ്യപ്പെട്ട ആദ്യ ബിനാലെയാണ് കൊച്ചി-മുസിരിസ് ബിനാലെ. ബിനാലെ നടക്കുന്ന സമയത്ത്



**സുദർശൻ ഷെട്ടി**

കൊച്ചിയിൽ എത്താൻ കഴിയാതെ പോയവർക്ക് എപ്പോൾ വേണമെങ്കിലും ഗൂഗിൾ ആർട്ട് സന്ദർശിച്ചുകൊണ്ട് ബിനാലെ കാണാനുള്ള സൗകര്യമാണ് ഇതിലൂടെ ഒരുങ്ങിയിരിക്കുന്നത്.

ലഭിച്ച നിരവധി പുരസ്കാരങ്ങൾ കൊച്ചി-മുസിരിസ് ബിനാലെയുടെ വിജയത്തിന് മാറ്റുകൂട്ടിയിട്ടുണ്ട്. ഇന്ത്യൻ സർക്കാർ നൽകുന്ന ദേശീയ ടൂറിസം പുരസ്കാരം കേരളമണ്ണിലേക്ക് കൊണ്ടുവന്നത് കൊച്ചി-മുസിരിസ് ബിനാലെയുടെ നേട്ടങ്ങളിലൊന്നാണ്. 'നീഷെ ടൂറിസം' വിഭാഗത്തിലെ 'മോസ്റ്റ് ഇന്നൊവേറ്റീവ് ആൻഡ് യുണീക്ക് ടൂറിസം പ്രൊജക്ട്' (ഏറ്റവും ഭാവനാസമ്പന്നവും അതുല്യവുമായ ടൂറിസം പദ്ധതി) പുരസ്കാരമാണ് കൊച്ചി-മുസിരിസ് ബിനാലെ വഴി കേരളാ ടൂറിസം വകുപ്പിന് ഫെബ്രുവരി 2014 -ൽ ലഭിച്ചത്.



**റിഗോ**



ഷീല ഗൗഡ

കൊച്ചി-മുസിരിസ് ബിനാലെയെ കുറിച്ച് ഒരു അന്തർദേശീയ 'ഓഡിറ്റിങ് ആൻഡ് അക്കൗണ്ടിങ്' സ്ഥാപനം നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ജൂൺ 2014 ന് കേരളത്തിന്റെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രകാശിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് അനുകൂലവും നീണ്ടുനിൽക്കുന്നതുമായ സ്വാധീനം ചെലുത്താൻ കൊച്ചി-മുസിരിസ് ബിനാലെയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഈ റിപ്പോർട്ട് പറയുന്നു. സംസ്കാരം, ടൂറിസം, ഗതാഗതം എന്നിങ്ങനെ വിവിധ മേഖലകളിൽ ബിനാലെ കൊണ്ട് സംസ്ഥാനത്തിന് നേട്ടമുണ്ടായതായും റിപ്പോർട്ടിലുണ്ട്. ബിനാലെയുടെ സമയത്ത് കൊച്ചിയിലെ വാടക നിരക്ക് (50 ശതമാനത്തിൽ നിന്ന് 65 ശതമാനമായി) കൂടിയതും താത്കാലികവും സ്ഥിരവുമായ തൊഴിലവസരങ്ങൾ വർധിച്ചതും കൊച്ചിയിലെത്തിയ രാജ്യാന്തര ടൂറിസ്റ്റുകളുടെയും (എട്ടു ശതമാനം) ഇന്ത്യൻ ടൂറിസ്റ്റുകളുടെയും (52 ശതമാനം) എണ്ണം കൂടിയതും മാധ്യമ വരുമാനം (90 കോടി രൂപയോളം) വർധിച്ചതും റിപ്പോർട്ട് അക്കമിട്ട് നിരത്തുന്ന ഉദാഹരണങ്ങളിൽ പെടുന്നു.

ബിനാലെ പോലുള്ള പരിപാടികളുടെ സാന്നിധ്യവും സ്വാധീനവും എത്രയെന്ന് ആർക്കും നിർണയിക്കാൻ കഴിയില്ലെന്ന കാര്യം തീർച്ചയാണ്. കേരളത്തിന്റെ ആധുനികസ്വഭാവത്തെ ലോകമെമ്പാടുമുള്ള രാജ്യങ്ങൾ, പ്രത്യേകിച്ചും ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ, പ്രകീർത്തിച്ചിട്ടുണ്ട്, ഇപ്പോഴിതാ കലാസ്വാദനത്തിന്റെയും ഇടപെടലിന്റെയും കാര്യത്തിലും കേരളാ മോഡൽ ചർച്ചാ വിഷയമാവുകയാണ്. കൊച്ചി-മുസിരിസ് ബിനാലെയുടെ തുടർച്ചയിലുള്ള പ്രദേശത്തെ ആളുകളുടെ താത്പര്യവും ബിനാലെയുടെ സ്ഥാനസ്വഭാവവും സ്വയം ആവിഷ്കാരത്തിന്റെ പുതിയ മോഡലാണ് മുന്നോട്ട് വയ്ക്കുന്നതെന്ന് ലണ്ടനിലെ ടെയ്റ്റ് മോഡേണിന്റെ ഡയറക്ടറായ ക്രിസ് ഡേർക്കൺ നിരീക്ഷിച്ചിട്ടുണ്ട്.

ലോകമെമ്പാടും നിന്നുള്ള നൂതനവും വ്യത്യസ്തവുമായ കലാ സമ്പ്രദായങ്ങളും കാഴ്ചപ്പാടുകളും സമ്മേളിച്ച വേദിയായ കൊച്ചി-മുസിരിസ് ബിനാലെ ഒരുക്കിയത് കലയും സംസ്കാരവുമായി ബന്ധപ്പെട്ട കലാ സാംസ്കാരിക പ്രയോഗങ്ങളെ കുറിച്ച് ചിന്തിക്കാനും ചർച്ച ചെയ്യാനുമുള്ള അവസരമാണ്. കലയുടെ സ്വഭാവത്തെയും സാധ്യതകളെയും കുറിച്ച്, സംഭാഷണങ്ങളിലൂടെയും സിംപോസിയങ്ങളിലൂടെയും, ഔദ്യോഗികമായും അനൗദ്യോഗികമായും, സംവദിക്കുന്നതിനുള്ള ഒരിടമാണ് കൊച്ചി-മുസിരിസ് ബിനാലെ 2012 ഒരുക്കിയത്. കൊച്ചി നഗരത്തിലെ പൊതുവിടങ്ങളും പൈതൃക സ്ഥാനങ്ങളും സജീവമാകുന്നതിനും ബിനാലെ സാക്ഷ്യം വഹിച്ചു. ബിനാലെയുടെ ഭാഗമായി ദർബാൾ ഹാൾ പുനരുദ്ധരിക്കപ്പെട്ടു, അതിപ്പോൾ കലയ്ക്കുള്ള ലോകോത്തര പ്രദർശന സ്ഥാനമാണ്. ഫോർട്ട് കൊച്ചിയിലെയും മട്ടാഞ്ചേരിയിലെയും വ്യത്യസ്ത പൈതൃക കെട്ടിടങ്ങൾ ബിനാലെക്ക് ആതിഥേയത്വം വഹിച്ചു, പ്രദേശത്തെ വാസ്തുവിദ്യാപരമായ സാധ്യതകളെ കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾക്കും ചർച്ചകൾക്കും ബിനാലെ പ്രചോദനമേകി.

## കൊച്ചി-മുസിരിസ് ബിനാലെ 2014

കഴിഞ്ഞ ബിനാലെയുടെ തുടർച്ചയായ കൊച്ചി-മുസിരിസ് ബിനാലെ 2014, കൊച്ചിയിലേക്ക് പുതിയ കലാസൃഷ്ടികളും നൂതനാശയങ്ങളും കൊണ്ടുവരാൻ ഒരുങ്ങിക്കഴിഞ്ഞു. കണ്ടുപിടുത്തങ്ങളുടെ യൂറോപ്യൻ യുഗം എന്ന് വിശേഷിപ്പിക്കപ്പെടുന്ന കാലഘട്ടത്തെയാണ് ഇന്ത്യയിലേക്ക് കടൽ മാർഗം ഒരു വഴി കണ്ടെത്താനുള്ള, കൊളമ്പസിന്റെ പരാജയപ്പെട്ടതും വാസ്കോഡ ഗാമയുടെ വിജയം കൈവരിച്ചതുമായ, ഉദ്യമം പ്രതീകവൽക്കരിക്കുന്നത്. ഈ കാലഘട്ടം വരുത്തിയ പരിവർത്തനങ്ങളാണ് കൊച്ചി-മുസിരിസ് ബിനാലെ 2014-ന്റെ ആശയം. ചരിത്രത്തിലെ ഈ സുപ്രധാന മുഹൂർത്തം പല തരത്തിലും ഇന്നും നമ്മുടെ സമൂഹത്തിൽ മാറ്റൊലി കൊള്ളുന്നുണ്ട്, ഇതുമായി ബന്ധപ്പെട്ട കല, ചിന്ത, സൗന്ദര്യ-ബൗദ്ധിക മേഖലകളിലൂടെയുള്ള പര്യവേക്ഷണമായിരിക്കും കൊച്ചി-മുസിരിസ് ബിനാലെ 2014. ഇത്തവണത്തെ ബിനാലെയുടെ ക്യൂറേറ്റർ, മുംബൈ അടിസ്ഥാനമായി പ്രവർത്തിക്കുന്ന കലാകാരനായ ജിതേഷ് കല്ലാട്ടാണ്.

ഇന്ത്യയിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമുള്ള 80-90 കലാകാരന്മാരെ രണ്ടാം കൊച്ചി-മുസിരിസ് ബിനാലെ അവതരിപ്പിക്കും. ഡിസംബർ 12, 2014 മുതൽ മാർച്ച് 29, 2015 വരെയുള്ള 108 ദിവസമാണ് കൊച്ചി നഗരത്തിൽ ബിനാലെ അരങ്ങേറുക.

ബിനാലെക്കൊപ്പം അരങ്ങേറുന്ന 'സ്റ്റുഡന്റ്സ് ബിനാലെ'യിൽ, ഇന്ത്യയിലെ ആർട്ട് സ്കൂളുകളിൽ നിന്നുള്ള തിരഞ്ഞെടുത്ത വിദ്യാർഥികളുടെ സൃഷ്ടികൾ അവതരിപ്പിക്കപ്പെടും. ഇന്ത്യയിലെ വ്യത്യസ്ത കലാശൈലികളെയും വിവിധ തരം കലാസൃഷ്ടികളെയും കലാപ്രകാശനങ്ങളെയും കുറിച്ചും കലാ വിദ്യാഭ്യാസം ഇന്ത്യയിലെ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചുമുള്ള ഒരു സർവേയും ഈയവസരത്തിൽ സംഘടിപ്പിക്കും. ചിൽഡ്രൻസ് ബിനാലെയിലൂടെ സ്കൂൾ കുട്ടികൾക്ക് കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും സമകാലിക കലാ ആശയങ്ങളും സമ്പ്രദായങ്ങളും അടുത്തറിയുന്നതിനും ഉള്ള അവസരവും ലഭിക്കും. ■



തല്ലൂർ

## ജനപ്രിയ ദൃശ്യചരിത്രങ്ങൾ

# ശശികുമാർ

(1927 ഒക്ടോബർ14 – 2014 ജൂലൈ 17)



നിരവധി താരനക്ഷത്രങ്ങൾ പിറക്കുകയും പൊടുന്നനെ പൊലിയുകയും ചെയ്ത മലയാള സിനിമയുടെ മദിരാശിക്കാലത്തിലെ മൂടിചൂടാമന്നനായിരുന്നു ശശികുമാർ. കഥ, തിരക്കഥ, സംവിധാനം ശശികുമാർ എന്ന് തിരശ്ശീലയിൽ തെളിയുമ്പോൾ പടം സൂപ്പർഹിറ്റെന്നു കാണികളും തന്റെ പൈസ തിരിച്ചുകിട്ടിയെന്നു സിനിമക്കായി പണം മുടക്കിയ നിർമാതാവും ഉറപ്പാക്കിയിരുന്ന കാലത്തിനാണ് മലയാള സിനിമയിൽ ശശികുമാർ ആദ്യക്ളാപ്പടിച്ചത്. 1965–ൽ തൊമ്മന്റെ മക്കൾ എന്ന ശശികുമാറിന്റെ സിനിമ നേടിയ വൻ സാമ്പത്തികവിജയം മലയാളത്തിലെ വാണിജ്യസിനിമയുടെ ചരിത്രത്തിൽ പുതിയൊരു അധ്യായം തുറക്കുകയായിരുന്നു. 1961–ലെ ഒരാൾ കൂടെ കള്ളനായി മുതൽ 1984–ലെ ഡോളർ വരെ 141 സിനിമകൾ സംവിധാനം ചെയ്ത ശശികുമാറിന് ആ പടങ്ങളിൽ സിംഹഭാഗവും അതിഗംഭീര ബോക്സ് ഓഫീസ് വിജയങ്ങളാക്കാനും സാധിച്ചു. വെളുത്ത കത്രീന,ലൗ ഇൻ കേരള, റെസ്ററ് ഹൗസ്. ലങ്കാദഹനം, പത്താമുദയം, പഞ്ചവടി, ചട്ടമ്പികല്യാണി, ഇത്തിക്കരപക്കി, ആട്ടക്കലാശം തുടങ്ങിയവ അവയിൽ ചിലതുമാത്രം. മമ്മൂട്ടിയും മോഹൻലാലും വരെയുള്ളവർ അദ്ദേഹത്തിന്റെ സിനിമകളിൽ അഭിനയിച്ചിട്ടുണ്ടെങ്കിലും പ്രേംനസീറായിരുന്നു അദ്ദേഹത്തിന് ഇണങ്ങിയ നായകൻ. എൺപത്തിനാല് സിനിമകളിൽ പ്രേംനസീറിനെ നായകനാക്കിയും അദ്ദേഹം ചരിത്രം സൃഷ്ടിച്ചു. 1927 –ൽ ആലപ്പുഴയിലെ പൂന്തോപ്പിൽ ജനിച്ച വർക്കി ജോണാണ് ശശികുമാർ എന്ന പേര് സ്വീകരിച്ച് ജനപ്രിയ സിനിമയിൽ പുതിയ സമവാക്യങ്ങൾ സൃഷ്ടിച്ചത്. സിനിമയിലെ സമഗ്ര സംഭാവനയ്ക്കുള്ള ജെ.സി ഡാനിയൽ പുരസ്കാരം നൽകി 2012–ൽ സംസ്ഥാന സർക്കാർ അദ്ദേഹത്തിനെ ആദരിച്ചിരുന്നു. ശശികുമാറിന്റെ കാലത്തിൽനിന്നും മലയാള സിനിമ സാങ്കേതികമായും പ്രമേയപരമായും ഏറെ ദൂരങ്ങൾ താണ്ടിയിരിക്കുന്നു. എങ്കിലും ജനപ്രിയ സിനിമയെ വ്യാവസായികമായി കരുത്തുറ്റതാക്കുന്നതിൽ ശശികുമാർ രചിച്ച പങ്ക് അടയാളപ്പെടുത്താതെ പോകാനാവില്ല.

## സൗമ്യം ദീപ്തം

# തുമ്പമൺ തോമസ്

(1945 ജൂലൈ 19 – 2014 ജൂലൈ 17)



ക്ഷോഭം നിറഞ്ഞ വെളിപാടുകളോ രൂക്ഷമായ നിലപാടുകളോ ഇല്ലാത്ത, പരന്ന വായനയിലും മനനത്തിലുംനിന്ന് ഊറിക്കൂടുന്ന സൗമ്യദീപ്ത വിമർശനത്തിന്റെ വഴിയായിരുന്നു എന്നും തുമ്പമൺ തോമസിന്റേത്. ആധുനിക നിരൂപണത്തിന്റെ താപനില ഏറിയ കാലത്തും തനതായ ഉൾക്കാഴ്ചകളിലൂന്നി സഞ്ചരിക്കലായിരുന്നു അദ്ദേഹത്തിനു പഥ്യം. വിമർശന രചനകളിൽ ഭൂരിഭാഗവും മലയാള നോവലിനെക്കുറിച്ചായിരുന്നു. മലയാള നോവലിന്റെ ചരിത്രപരിണാമവഴികളിലൂടെയുള്ള ആഴമേറിയ അന്വേഷണങ്ങളായിരുന്നു മലയാളനോവലിന്റെ വേരുകൾ എന്ന തോമസിന്റെ പുസ്തകം. തകഴിയുടെ ഇതിഹാസാഖ്യായിക കയർ ആദ്യമായി പ്രസിദ്ധീകരിച്ചതും തോമസാണ്. തകഴിയുടെ കൃതികളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ ശ്രദ്ധേയയങ്ങളാണ്. മലയാളനോവൽ ഒരു പുന:പരിശോധന, കുട്ടനാടിന്റെ ഇതിഹാസകാരൻ, പാപവിചാരം സി.ജെയുടെ നാടകങ്ങളിൽ തുടങ്ങിയവയാണ് മറ്റു പ്രധാനകൃതികൾ. തിരുവല്ല മാർത്തോമ കോളേജിൽ അധ്യാപകനായിരുന്ന അദ്ദേഹം വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ ഭരണസമിതി അധ്യക്ഷനും അംഗവുമായി പ്രവർത്തിച്ചിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ മുൻ ഡയറക്ടറായിരുന്നു. സംഗീതനാടക അക്കാദമി പുരസ്കാരം ഉൾപ്പെടെയുള്ള ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

ജാലകം

അരവിന്ദ്

# ഡിജിറ്റൽ തലച്ചോറുകൾ



മനുഷ്യ മസ്തിഷ്കം കൃത്രിമമായി പുനഃസൃഷ്ടിക്കാൻ കഴിയുമോ? മനുഷ്യൻ ചിന്തിക്കുന്നതുപോലെ, ഭാവനയിൽ കാണുന്നതുപോലെ കംപ്യൂട്ടറുകൾ ചിന്തിച്ച് പ്രവർത്തിക്കുന്ന കാലം ഇനി വിദൂരമല്ല. ആ ലക്ഷ്യം വെച്ച് സ്വിറ്റ്സർലന്റിലെ ജനീവയിൽ പത്തു വർഷം നീളുന്ന ഒരു ശാസ്ത്ര ഗവേഷണ പദ്ധതി തുടങ്ങിയിട്ട് അധികം നാളുകളായിട്ടില്ല. കഷ്ടിച്ച് ഒരു വർഷം. യൂറോപ്യൻ യൂണിയൻ പണം മുടക്കുന്ന ഹ്യൂമൻ ബ്രയിൻ പ്രൊജക്ടാണ് അത്. മനുഷ്യ മസ്തിഷ്കം കൃത്രിമമായി വികസിപ്പിച്ചെടുക്കുകയാണ് ലക്ഷ്യം. യൂറോപ്പിലെയും 25 രാജ്യങ്ങളിലെയും 135 ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ ഈ ഗവേഷണ പദ്ധതിയുമായി സഹകരിക്കുന്നു. തലച്ചോറിന് സമാനമായി അതിവേഗതയിലുള്ള, സങ്കീർണമായ കംപ്യൂട്ടിങ് സംവിധാനം വികസിപ്പിക്കാനുള്ള ഈ ഗവേഷണം വഴി പ്രതിവർഷം പതിനായിരക്കണക്കിന് ന്യൂറോ സയൻസ് പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കപ്പെടുമെന്നാണ് കരുതുന്നത്.

മസ്തിഷ്കപഠനം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കാനും ഇതുവഴി കഴിയും. ഇതുവരെ നമ്മുടെ തലച്ചോറിനെക്കുറിച്ച് അറിയാവുന്നതെല്ലാം ശേഖരിക്കും. സൂക്ഷ്മതലത്തിൽ മസ്തിഷ്കത്തെ അറിയാനാണ് ശ്രമം. സ്വഭാവം, ചിന്ത എന്നിവയ്ക്കു പിന്നിലെ രഹസ്യങ്ങളറിയാൻ കഴിയും. മസ്തിഷ്ക ചികിത്സയ്ക്ക് അത് ഗുണകരമാവുകയും ചെയ്യും. ന്യൂറോളജി തകരാറുകൾക്കുള്ള കാരണങ്ങൾ അറിയാം. അതുവഴി ചികിത്സയും നടത്താം. അത്യന്തം സങ്കീർണമായ ബ്രയിൻ കംപ്യൂട്ടിങ് പുതിയ സാങ്കേതിക വിദ്യകൾക്ക് പ്രോത്സാഹനമാകും- എച്ച്.ബി.പി.യുടെ പ്രൊജക്ട് ഡയറക്ടറായ പ്രൊഫ. ഹെൻട്രി മാർക്കറം വിശദീകരിക്കുന്നു. ന്യൂറോ ഇൻഫോർമാറ്റിക്സ്, ബ്രയിൻ സൈമൾട്ടേഷൻ, ഹൈപ്പർ ഫോമൻസ് കംപ്യൂട്ടിങ്, മെഡിക്കൽ ഇൻഫൊർമാറ്റിക്സ്, ന്യൂറോ മോർഫിക് കംപ്യൂട്ടിങ്, ന്യൂറോ റോബോട്ടിക്സ് എന്നീ മേഖലകളിൽ വിവരസാങ്കേതികവിദ്യ പ്ലാറ്റ്ഫോമുകൾ ഒരുക്കാൻ ഇതുവഴി കഴിയും.

പതിനായിരംകോടി ന്യൂറോണുകളും കോശങ്ങളുമുള്ള, കഷ്ടിച്ച് ഒന്നര കിലോ ഭാരം വരുന്ന തലച്ചോറിൽ നടക്കുന്ന നൂറു ട്രില്യണിലധികം വരുന്ന ബന്ധങ്ങൾ വിലയിരുത്തുകയും പഠിക്കുകയും ചെയ്യുന്നത് സങ്കീർണമായ പ്രക്രിയതന്നെയാണ്. അതിലും പ്രയാസമാണ് അത്തരമൊരു കംപ്യൂട്ടർ സംവിധാനം ഉണ്ടാക്കുകയെന്നത്. തീരെ ചെറിയ കുഞ്ഞുങ്ങൾക്കുപോലും അവരുടെ അമ്മമാരെ തിരിച്ചറിയാനാകും. പക്ഷെ ഒരു കംപ്യൂട്ടർ പ്രോഗ്രാമിന് കൂടിപ്പോയാൽ മനുഷ്യനെ മാത്രമെ തിരിച്ചറിയാൻ സാധിക്കൂ. ഒരു പ്രത്യേക വ്യക്തിയെ തിരിച്ചറിയുന്നത് കംപ്യൂട്ടറുകൾക്ക് ഇന്നും പ്രയാസം തന്നെയാണ്. ന്യൂറോ മോർഫിക് കംപ്യൂട്ടർ വികസിപ്പിച്ചുകഴിഞ്ഞാൽ ഇത് ഒഴിവാക്കാം. തീരുമാനമെടുക്കാനുള്ള കഴിവ്, വലിയ വിവരശേഖരത്തിനുള്ള കഴിവ്, അനുകരണം, അവബോധം തുടങ്ങി മനുഷ്യമസ്തിഷ്കത്തിന് സാധിക്കുന്നതെന്തും ഈ പുതിയ സാങ്കേതികവിദ്യയ്ക്ക് കഴിയുമെന്നാണ് ഗവേഷകരുടെ വാദം.

എന്നാൽ പദ്ധതി തുടങ്ങി ഒരു വർഷം പിന്നിടുമ്പോഴേക്കും പ്രബന്ധങ്ങൾക്കുപകരം വിവാദവാർത്തകളാണ് വന്നുതുടങ്ങിയത്. പദ്ധതിക്കുവേണ്ടിവരുന്ന ഭീമൻ ചെലവ് തന്നെയാണ് ആദ്യം പ്രശ്നം സൃഷ്ടിച്ചത്. ന്യൂറോ സയൻസ് ഗവേഷണങ്ങൾക്ക് ചെലവഴിക്കേണ്ട തുക ഇതിനുവേണ്ടി ബലികഴിക്കുന്നുവെന്ന ആരോപണമുയർന്നു. ഒരു ദശാബ്ദത്തിനിടയിൽ സങ്കീർണമായ മനുഷ്യമസ്തിഷ്കത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുമെന്നത് വിഡ്ഢിത്തം മാത്രമെന്നുപറയുന്നു ചില ശാസ്ത്രജ്ഞർ. സങ്കുചിതമായ സമീപനം സ്വീകരിക്കുന്ന ഗവേഷണം പരാജയത്തിലേക്കാണ് നയിക്കപ്പെടുന്നതെന്നും അറുന്നൂറിലധികം ഗവേഷകർ കുറ്റപ്പെടുത്തുന്നു. ഗവേഷകരുടെ ആശങ്കകൾ പ്രോജക്ട്

# മലയാളിയുടെ പാൽപ്രിയം



ഒരു മാസം മലയാളി എത്ര ലിറ്റർ പാൽ കുടിക്കും? 68 ാമത് നാഷണൽ സാമ്പിൾ സർവെ (2011-12) പ്രകാരം മൂന്നു മുതൽ ആറു ലിറ്റർ വരെയാണ് മലയാളി കുടുംബങ്ങളിലെ ശരാശരി പാൽ ഉപഭോഗം. എന്നും പാലൊഴിച്ച് കുറഞ്ഞത് രണ്ടു നേരമെങ്കിലും ചായകുടിക്കുന്ന മലയാളിയുടെ ഒരുമാസത്തെ ശരാശരി ഉപയോഗം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ഇന്ത്യയിൽ ഏറ്റവുമധികം പാലിന്റെയും പാലുത്പന്നങ്ങളുടെയും ഉപഭോഗം കൂടുതലുള്ള സംസ്ഥാനം ഹരിയാനയാണ്. നാഷണൽ സാമ്പിൾ സർവെ പ്രകാരം ഹരിയാനയിലെ കുടുംബങ്ങൾ ഒരു മാസം ശരാശരി 14.7 ലിറ്റർ പാൽ കുടിക്കുന്നു. ദേശീയ ശരാശരി 5.4 ലിറ്റർ മാത്രമെന്നോർക്കണം. പഞ്ചാബിലെ ആളോഹരി ഉപഭോഗം 12 ലിറ്ററാണ്. ഇവയ്ക്കുപുറമെ ജമ്മു കശ്മീർ, ഹിമാചൽപ്രദേശ്, രാജസ്ഥാൻ എന്നിവയാണ് പാലുപഭോഗം കൂടുതലുള്ള സംസ്ഥാനങ്ങൾ. എട്ടു വർഷത്തിനുള്ളിൽ പാൽ ഉത്പാദനത്തിൽ ഇന്ത്യ യൂറോപ്യൻ യൂണിയനെ മറികടക്കുമെന്നാണ് അന്താരാഷ്ട്ര ഭക്ഷ്യസംഘടനയുടെ വിലയിരുത്തൽ. ഭക്ഷ്യരീതിയും വാങ്ങാനുള്ള സാമ്പത്തികശേഷിയും ഈ ഉപഭോഗക്കണക്കിൽ പ്രകടമാകുന്നുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് പാലിനോട് താത്പര്യമേയില്ല. മണിപ്പൂരിലും നാഗാലാന്റിലും ഗ്രാമങ്ങളിൽപ്പോലും ശരാശരി ഉപഭോഗം ഒരു ലിറ്ററിൽ താഴെയാണ്. ഒരു മാസം ഗ്രാമങ്ങളിൽ താമസിക്കുന്ന ഇന്ത്യൻ കുടുംബം പാലിനായി ചെലവാക്കുന്നത് 115 രൂപയാണ്. നഗരങ്ങളിൽ 184 രൂപയും.

ലീഡർ പരിഹരിക്കണമെന്ന് പറഞ്ഞത് എഡിൻബർഗ് സർവകലാശാലയിലെ മുതിർന്ന ന്യൂറോ ശാസ്ത്രജ്ഞനായ റിച്ചാർഡ് മോറിസ്സാണ്. അറുന്നൂറ് ഗവേഷകരാണ് തുറന്ന സമീപനം വേണമെന്നാവശ്യപ്പെട്ട് കത്തെഴുതിയത്.

എന്നാൽ ഇത്തരമൊരു നീക്കം ആസൂത്രിതമാണെന്ന നിലപാടാണ് ഹെൻട്രി മാർക്കറത്തിനുള്ളത്. പോർച്ചുഗലിലെ ഛമ്പൽമോട് ന്യൂറോസയൻസ് പ്രോഗ്രാമിന്റെ ഡയറക്ടറായ സാച്ചറി മെയ്നിനാണ് ഇതിന്റെ പിന്നിലെന്നാണ് അദ്ദേഹം കുറ്റപ്പെടുത്തുന്നത്. ഏതായാലും ഗവേഷകരുടെ ആശങ്കകളോട് യൂറോപ്യൻ യൂണിയൻ പ്രതികരിച്ചു. വിമർശനങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് പ്രതികരിച്ച യൂറോപ്യൻ യൂണിയൻ ഫലത്തിൽ ഗവേഷണത്തെ പിന്തുണയ്ക്കുകയാണ് ചെയ്തത്. 2015 ജനുവരിയിൽ നടക്കുന്ന വാർഷികവിലയിരുത്തൽ യോഗത്തിൽ ഈ പദ്ധതിയുടെ ഭാവി അറിയാം. കല്പിതഭാവന കൊണ്ട് സങ്കല്പലോകം മെനയുന്ന മനുഷ്യന് ഈ ഗവേഷണഫലങ്ങൾ നൽകുക ഒരു തിരിച്ചറിവിന്റെ ഓർമപ്പെടുത്തലാകും. അവൻ അവനേക്കാൾ വളർന്നു തുടങ്ങിയെന്ന പഴയ തിരിച്ചറിവ്!


# ഗോഡ്സ് ഓൺ കൺട്രി

കേരള എന്ന് ഗൂഗിളിലെ സർച്ച് ബോക്സിൽ ടൈപ്പ് ചെയ്തു നോക്കൂ. ഓട്ടോ കംപ്ലീറ്റ് വെർഷനിൽ അതായത് ഗൂഗിൾ നിർദേശിക്കുന്ന തൊട്ടടുത്ത വാക്ക് ഗോഡ്സ് ഓൺ കൺട്രി എന്നാണ്. വെബ്ബിൽ തിരയുന്നവർക്ക് കൂടുതൽ താത്പര്യം എങ്ങനെ കേരളം ദൈവത്തിന്റെ സ്വന്തം നാടായി എന്നറിയാനാണത്രെ. എന്നാൽ മറ്റു സംസ്ഥാനങ്ങളുടെ സ്ഥിതി അതല്ല. എന്തുകൊണ്ട് വിഭജിക്കപ്പെട്ടുവെന്നതാണ് ആന്ധ്രാപ്രദേശ് എന്നു ടൈപ്പ് ചെയ്താൽ ഗൂഗിൾ ആദ്യം നിർദേശിക്കുക. വികസന സംസ്ഥാനമെന്നു പേരുകേട്ട ഗുജറാത്ത് ടൈപ്പു ചെയ്താൽ എന്തുകൊണ്ട് വരണ്ട സംസ്ഥാനമായി എന്നാണ് ആദ്യം ഗൂഗിൾ നിർദേശിക്കുക. തമിഴ്നാട് എന്ന് ടൈപ്പ് ചെയ്താൽ ആദ്യം വരുന്നത് ഹിന്ദിക്കെതിരെ എന്തുകൊണ്ട് എന്നാണ്. നാഗാലാന്റ് ടൈപ്പ് ചെയ്താൽ ഗൂഗിൾ നിർദേശിക്കുക എന്തുകൊണ്ട് സംസ്ഥാനമല്ല എന്നതാണ്.

# ആരോഗ്യത്തോടെ ഉറങ്ങാൻ

ബോധത്തിന്റെ പിടിവിട്ട് ഉറക്കത്തിന്റെ അഗാധതകളിലേക്ക് നിങ്ങൾ വീഴുന്നതെങ്ങനെ? ഉറക്കത്തിന്റെ അളവുകോലാണ് ബ്രിട്ടണിലെ ഇരുപത്തി രണ്ടുകാരനായ ജയിംസ് പ്രൗഡിന്റെ കണ്ടുപിടുത്തം. കിടപ്പറ വീക്ഷിക്കുന്ന മോണിട്ടറും തലയണയിലെ ക്ലിപ്പും ഒരു മൊബൈൽ ഫോൺ ആപ്ലിക്കേഷനുമാണ് സ്ലീപ്പിങ് കിറ്റ്. തലേന്നത്തെ ഉറക്കം എത്രമാത്രം പൂർണമാണെന്ന് ഇതുവഴി നമുക്കറിയാം. കൂടാതെ ഉറക്കത്തിന്റെ സമയം കണക്കുകൂട്ടി ഉണർത്താനും ഈ ഉപകരണത്തിനു കഴിയും. അതായത് എപ്പോൾ, എങ്ങനെ, എത്രവരെ എന്ന ചോദ്യങ്ങൾക്ക് ഈ ഉപകരണം ഉത്തരം നൽകും. പൊതുജനങ്ങളിൽ നിന്നു പണം പിരിച്ച് ഈ ആപ്ലിക്കേഷൻ നവംബറിൽ വിപണിയിലിറക്കാനാണ് ലക്ഷ്യം. 129 ഡോളറാണ് വില. സ്ലീപ്പ് സൈക്കിൾ, സ്ലീപ്പ് ബോട്ട്, സ്ലീപ്പ് മാസ്റ്റർ തുടങ്ങിയ ആപ്ലിക്കേഷനുകൾ നിലവിൽ ഐഫോണിലും വിൻഡോസ്, ആൻഡ്രോയിഡ് ഫോണുകളിലും ഉപയോഗിക്കുന്നുണ്ട്.





# അർഹരായവർക്ക് സിവിൽ സർവീസ് പരീക്ഷയ്ക്ക് സൗജന്യപഠന സൗകര്യമൊരുക്കും: മുഖ്യമന്ത്രി



സിവിൽ സർവീസ് അക്കാദമിയുടെ ചെങ്ങന്നൂർ കേന്ദ്രത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിക്കുന്നു

സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയ്ക്ക് തയാറെടുക്കുന്നവരിൽ അർഹരായവർക്ക് സൗജന്യ പഠനസൗകര്യമൊരുക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ചെങ്ങന്നൂരിൽ ആരംഭിക്കുന്ന കേരള സിവിൽ സർവീസ് അക്കാദമി കേന്ദ്രത്തിന്റെ കെട്ടിട ശിലാസ്ഥാപനവും എം.എൽ.എ. മെരിറ്റ് അവാർഡ് വിതരണവും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അർഹരായ 20 പേർക്കാണ് കേരള സിവിൽ സർവീസ് അക്കാദമി കേന്ദ്രങ്ങളിൽ പഠനാവസരമൊരുക്കുക. സിവിൽ സർവീസ് പ്രിലിമിനറി വിജയിച്ചു കഴിഞ്ഞാൽ പഠനച്ചെലവ് സർക്കാർ വഹിക്കും. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ഇത്തവണ 86 പേർക്ക് വിമാനടിക്കറ്റ് സൗജന്യമായി നൽകി. ഇതിൽ 48 പേർ വിജയിച്ചാണ് തിരിച്ചെത്തിയത്. 2005ൽ അക്കാദമിയിലെ ഫീസ് 30,000 രൂപയായിരുന്നു. ഇന്നും അതേ ഫീസ് നൽകിയാൽ മതി.വിദ്യാർഥികളുടെ കഴിവ് പ്രയോജനപ്പെടുത്താനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കണം. അതിന് അക്കാദമി അതീവശ്രദ്ധപുലർത്തുന്നു-മുഖ്യമന്ത്രി പറഞ്ഞു.

അക്കാദമിയിൽ നിന്ന് 2005 ൽ ഏഴു പേർ വിജയിച്ചെങ്കിൽ ഇന്നത് 48 ആയി ഉയർന്നെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ് പറഞ്ഞു.

ഡോ. ഡി. ബാബുപോൾ മുഖ്യപ്രഭാഷണം നടത്തി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. സി.സി.ഇ.കെ. ഡയറക്ടർ കെ.പി. നൗഫൽ റിപ്പോർട്ട് അവതരിപ്പിച്ചു. പി.സി. വിഷ്ണുനാഥ് എം.എൽ.എ., ജില്ലാ കളക്ടർ എൻ. പത്മകുമാർ, നഗരസഭാധ്യക്ഷ വൽസമ്മ എബ്രഹാം, നഗരസഭാംഗം മോളിസ് തോമസ്, ജില്ലാ പൊലീസ് മേധാവി കെ.കെ. ബാലചന്ദ്രൻ, ആർക്കിടെക്റ്റ് ജി. ശങ്കർ, ഡോ. പി.എ. സാജുദീൻ, എസ്. സുധീഷ്കുമാർ, സി. മോഹനൻ, വി.എസ്. സുധി, പി.എം. രാജീവ് തുടങ്ങിയവർ പങ്കെടുത്തു.

**എ. അരുൺ കുമാർ**
*അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ*

# ന്യൂനപക്ഷവിഭാഗത്തിലെ വിധവകൾക്ക് ഭവനനിർമാണത്തിന് ധനസഹായം നൽകി

ന്യൂനപക്ഷ വിഭാഗത്തിലെ സാധുക്കളായ വിധവകൾക്ക് ഭവനനിർമാണത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഇടുക്കി ജില്ലയിൽ തിരഞ്ഞെടുത്തവർക്കുള്ള തുക വിതരണം ചെയ്തു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പത്തു പേരെയും രണ്ടാംഘട്ടത്തിൽ നാൽപതു പേരെയുമാണ് ജില്ലയിൽ തിരഞ്ഞെടുത്തിരിക്കുന്നത്. രണ്ടു ലക്ഷം രൂപയാണ് ധനസഹായം.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ധനസഹായവിതരണം ജില്ലാ കളക്ടർ അജിത് പാട്ടീൽ നിർവഹിച്ചു. ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ എന്നിവരിൽ നിശ്ചിത മാനദണ്ഡങ്ങളുടെ പരിധിയിൽ വരുന്നവർക്കാണ് ധനസഹായം.

ധനസഹായ വിതരണച്ചടങ്ങിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വി.ആർ. മോഹനൻപിള്ള അധ്യക്ഷത വഹിച്ചു. ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. പി. നസീർ, തൊടുപുഴ കോച്ചിംഗ് സെന്റർ പ്രിൻസിപ്പൽ ഫിൻസർ.കെ. മുഹമ്മദ്, ഹുസൂർ ശിരസ്തദാർ ശ്രീദേവി, ജൂനിയർ സൂപ്രണ്ട് ബീന.പി.ആനന്ദ്, ആഷീല മോൾ തോമസ്, എന്നിവർ പ്രസംഗിച്ചു. ന്യൂനപക്ഷ പ്രമോട്ടർമാരായി ജില്ലയിൽ സേവനമനുഷ്ഠിക്കുന്നവരെ ചടങ്ങിൽ ആദരിച്ചു.

**നിജാസ് ജ്യുവൽ**
*അസി. ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി.*

# ചിരിവരയുടെ കുലപതിക്ക് ജന്മനാട്ടിൽ സ്മാരകം

ചിരിവരയുടെ കുലപതിയായ കാർട്ടൂണിസ്റ്റ് ശങ്കറിന്റെ പേരിലുള്ള ഇന്ത്യയിലെ ആദ്യത്തെ കാർട്ടൂൺ മ്യൂസിയം കായംകുളം കൃഷ്ണപുരത്ത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നാടിനു സമർപ്പിച്ചു. കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം അദ്ദേഹത്തിന്റെ ജന്മനാട്ടിൽ തുടങ്ങാനായത് അഭിമാനകരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സാംസ്കാരിക പ്രവർത്തകരുടെ തീർഥാടകകേന്ദ്രമെന്ന നിലയിലേക്ക് മ്യൂസിയത്തെ വളർത്താൻ സർക്കാർ എല്ലാ സഹായവും നൽകുമെന്ന് അധ്യക്ഷനായിരുന്ന വഹിച്ച സാംസ്കാരിക-ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.

ആർട്ട് ഗാലറിയുടെ ഉദ്ഘാടനം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. കാർട്ടൂൺ മ്യൂസിയം നാടിന് അഭിമാനമാണെന്ന് അദ്ദേഹം പറഞ്ഞു. കാർട്ടൂണിസ്റ്റ് ശങ്കറിന്റെ മക്കളായ യമുന ശങ്കർ, ശാന്താ ശങ്കർ എന്നിവർ ചേർന്ന് കാർട്ടൂണുകളും മറ്റും സാംസ്കാരിക വകുപ്പിനു കൈമാറി.



കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു

സി.കെ. സദാശിവൻ എം.എൽ.എ., കേരള ലളിതകലാ അക്കാദമി ചെയർമാൻ കെ.എ. ഫ്രാൻസിസ്, ജില്ലാ കളക്ടർ എൻ. പത്മകുമാർ, മുൻ എം.പി. സി.എസ്. സുജാത, കായംകുളം നഗരസഭാധ്യക്ഷ സൈറ നുജുമുദ്ദീൻ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബബിത ജയൻ, കാർട്ടൂണിസ്റ്റ് യേശുദാസൻ, നഗരസഭാ വൈസ് ചെയർമാൻ പി.കെ. കൊച്ചുകുഞ്ഞ്, നഗരസഭാംഗം സെലീന, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എൻ. രവി, അഡ്വ. സി.ആർ. ജയപ്രകാശ് എന്നിവർ പങ്കെടുത്തു.

# സേവനാവകാശം സെമിനാർ

സേവനാവകാശ നിയമം സംബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സെമിനാർ സംഘടിപ്പിച്ചു. കളക്ടർ അജിത് പാട്ടീൽ സെമിനാർ ഉദ്ഘാടനം ചെയ്തു. അഡ്വ. അനിൽ ഐക്കര വിഷയം അവതരിപ്പിച്ചു. ജില്ലാ പ്ലാനിങ് ഓഫീസർ കെ.ജി. ശങ്കരനാരായണൻ അധ്യക്ഷത വഹിച്ചു. സേവനാവകാശ നിയമം സംബന്ധിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ ജില്ലാതല വിതരണം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വി.ആർ. മോഹനൻപിള്ളയ്ക്ക് നൽകി ജില്ലാ കളക്ടർ നിർവഹിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. സുരേഷ്കുമാർ, അസി. ഇൻഫർമേഷൻ ഓഫീസർ നിജാസ് ജ്യുവൽ എന്നിവർ പ്രസംഗിച്ചു.



തിരുവനന്തപുരം എൻജിനീയറിങ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ രാഷ്ട്രപതി പ്രണബ് മുഖർജി ഉദ്ഘാടനം ചെയ്യുന്നു

■ സയൻസൺ പുന്നശ്ശേരി



# ചീനവലകൾ

# കേരളത്തിന്റെ സാംസ്കാരിക ചിഹ്നം

കൈനനയാതെ മീൻ പിടിക്കൽ അസാധ്യമാണെന്ന പഴമൊഴി പോലും അപ്രസക്തമാക്കുന്ന സാങ്കേതിക തികവോടെയാണ് ചീനവലയുടെ പ്രവർത്തനം. തെങ്ങോലകൾക്കിടയിലൂടെ അകലെ നിന്നുപോലും കാണുന്ന ചീനവലകൾ കേരളത്തിന്റെ സവിശേഷമുദ്രകുടിയാണ്. കിലോമീറ്ററുകൾ അകലെയുള്ള ചൈനയിലെ മത്സ്യബന്ധനരീതി കേരളത്തിൽ സ്ഥാപിതമായതും, ഇന്നും വലിയ കേടുപാടുകളോ മാറ്റംവരുത്തലുകളോ ഇല്ലാതെ തുടർന്ന് പോരുന്നതും അതിശയകരമാണ്.

മനുഷ്യന്റെ അടങ്ങാത്ത അന്വേഷണത്തിന്റെ സാക്ഷ്യപത്രമാണ് ചീനവലകൾ. പരോബോള (കുമ്പിൾ) ആകൃതിയിലാണ് ചീനവല കെട്ടുന്നത്. തേക്കിന്റെ കഴയിൽ മുളയും ചെറിയ തടിക്കഷ്ണങ്ങളും കയറും ഉപയോഗിച്ചാണ് വല നിവർത്തി ഘടിപ്പിക്കുന്നത്. വിവിധ വലിപ്പത്തിലുള്ള വലകൾ കേരളത്തിലെ തെക്കൻ കായൽ തീരങ്ങളിൽ കണ്ടുവരുന്നുണ്ട്.

ചീനവല കേരളത്തിലെത്തിയത് ചൈനക്കാരിലൂടെയാണ് എന്ന അഭിപ്രായത്തിന് മറുവാദവുമുണ്ട്. ഈ മീൻപിടുത്ത യന്ത്രം മാക്കോമയിൽ നിന്ന് പോർച്ചുഗീസ് കുടിയേറ്റക്കാരാണ് കേരളത്തിലെത്തിച്ചെതെന്ന് പ്രമുഖ മത്സ്യശാസ്ത്രജ്ഞനായ ഹോർണൽ 1938 ൽ എഴുതിയുട്ടുണ്ട്. ബ്രാന്റ് എന്ന ശാസ്ത്രജ്ഞനും ഇതേ നിലപാടിനാണ് പ്രമുഖ്യം നൽകുന്നത്. എന്നാൽ മുൻ സംസ്ഥാന ഫിഷറീസ് ഡയറക്ടറായിരുന്ന ദേവിദാസമേനോൻ വ്യത്യസ്തമായ നിലപാടാണ് മുന്നോട്ട് വെക്കുന്നത്. പോർച്ചുഗീസ് ആധിപത്യം ശക്തമായിരുന്ന വടക്കേ മലബാറിലോ, മംഗലാപുരത്തോ, ഗോവയിലോ ഒന്നും തന്നെ ഇത്തരം വലകൾ പ്രവർത്തിക്കുന്നില്ല എന്ന കാര്യം മുൻനിർത്തിയാണ്, പോർച്ചുഗീസുകാർക്ക് ചൈന വലകളുമായി ബന്ധമില്ലെന്ന് ദേവദാസ മേനോൻ സ്ഥാപിക്കുന്നത്.

കൊല്ലം മുതൽ അഴീക്കോട് വരെയുള്ള കായൽ തീരങ്ങളിലാണ് പ്രധാനമായും ചീനവലകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. എന്നുമുതലാണ് കേരളത്തിൽ ചീനവലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം ആരംഭിച്ചത് എന്നത് സംബന്ധിച്ച് കൃത്യമായ രേഖ ലഭ്യമല്ല. ബൽജിയത്തിലും ജർമനിയിലും ചീനവലയ്ക്ക് സമാനമായ കുറ്റിവല, ഊണിവല എന്നിവ പ്രവർത്തിപ്പിച്ച് മത്സ്യബന്ധനം നടത്തുന്നുണ്ട്.

നിരവധികയറുകളുടെ സഹായത്താൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന രീതിയായതിനാൽ ചീനവലയെ കമ്പവല എന്ന് പ്രദേശികമായി വിളിക്കപ്പെടുന്നുണ്ട്. കാന്റിലിവറിന്റെയും ബാലൻസിന് വേണ്ടി വടങ്ങളിൽ കെട്ടിയ കല്ലുകളുടെയും വലിക്കാൻ ഉപയോഗിക്കുന്ന നിരവധി കയറുകളുടെയും ഏകോപനമായ പ്രവർത്തനമാണ് ചീനവലയുടെ പ്രവർത്തനം സുഖകരമാക്കുന്നത്. പരിചയ സമ്പന്നരായ തൊഴിലാളികളുടെ താള നിബിഡമായയ പ്രയത്നം ഒന്നിക്കുമ്പോഴാണ് ചീനവല മാസ്മരിക വിദ്യയെന്ന പോലെ കാണികളിൽ ഹരം പകരുന്നത്.

പെരിയാർ അറബിക്കടലിൽ ചേരുന്ന കൊച്ചി, മുനമ്പം അഴിമുഖങ്ങളുടെ തീരത്താണ് ചീനവലകൾ നിരനിരയായി കാണപ്പെടുന്നത്. വേലിയേറ്റ, വേലിയിറക്ക സമയങ്ങളെ ബന്ധപ്പെടുത്തിയാണ് ചീനവല പ്രവർത്തിപ്പിക്കുന്നത്. രാത്രിയിൽ ചെമ്മീനും പകൽ കണമ്പ ഇനത്തിൽപെട്ട മത്സ്യങ്ങളും നാരൻ, ചൂടൻ, എന്നീ ചെമ്മീൻ വിഭാഗങ്ങളുമാണ് ചീനവലയിൽ പെടുന്നവയിലധികവും. കണവവരെ ഇത്തരം വലകളിൽ അകപ്പെടുന്ന അവസ്ഥ യുണ്ടാവാറുണ്ട്. നവംബർ–ഫെബ്രുവരി മാസങ്ങളിലാണ് ചെമ്മീൻ ചീനവലകളിൽ അകപ്പെടുന്നത്. പഴകാത്തതും പരിക്കേൽക്കാത്തതുമായ മീനുകൾ കൂട്ടത്തോടെയെത്തി വാങ്ങുന്നതിനാൽ ചീനവലയിൽനിന്ന് ലഭിക്കുന്ന മീനുകളുടെ വിപണനം എളുപ്പമാകുന്നു. കായൽ നികത്തിയുള്ള വികസന പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി നിരവധി ചീനവലകൾ പിഴുതുമാറ്റേണ്ടിവന്നു. തേക്കിൻ കഴകൾക്കുള്ള ക്ഷാമവും ചീനവലകളെ പ്രതിസന്ധിയിലാക്കുന്നുണ്ട്. ■




## ഹീമോഫീലിയ ധനസഹായ പദ്ധതി-മാർഗനിർദേശങ്ങൾ

കേരള സാമൂഹ്യനീതി വകുപ്പിനുവേണ്ടി സാമൂഹികസുരക്ഷ മിഷൻ നടപ്പാക്കുന്ന ഹീമോഫീലിയ ധനസഹായ പദ്ധതിയുടെ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. രോഗബാധിതർക്ക് 2014-15 സാമ്പത്തിക വർഷം മുതൽ പ്രതിമാസം 1000 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിന് 01-03-2014ന് ഉത്തരവായിരുന്നു. ആനുകൂല്യം നൽകുന്നതിന് എ.പി.എൽ/ബിപിഎൽ വ്യത്യാസമില്ല. സർക്കാരിന്റെ ക്ഷേമപെൻഷനുകളോ മറ്റു ധനസഹായങ്ങളോ ലഭിക്കുന്നവർക്കും ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ഹീമോഫീലിയയോ അനുബന്ധ രോഗങ്ങളോ ബാധിച്ചയാളാണെന്ന് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മെഡിസിൻ/പീഡിയാട്രിക്സ്/ഹെമറ്റോളജി വിഭാഗം ഡോക്ടർ സാക്ഷ്യപ്പെടുത്തണം. വകുപ്പ് തലവനോ/സ്ഥാപന സൂപ്രണ്ടോ മെഡിക്കൽ സർട്ടിഫിക്കറ്റിൽ മേലൊപ്പ് നൽകണം.

ഉത്തരവ്: സ.ഉ (എം.എസ്) നം.58/2014/സാനീവ
തീയതി:04/07/2014

## പെൻഷൻ വർധിപ്പിച്ചു

കാൻസർ, കുഷ്ഠം, ക്ഷയരോഗികൾക്കുള്ള പെൻഷൻ പ്രതിമാസം 1000 രൂപയായി വർധിപ്പിച്ചു. 2014-15ലെ ബജറ്റ് പ്രഖ്യാപന പ്രകാരമാണിത്.

ഉത്തരവ്: സ.ഉ (സാധാ) നം.2352/2014/ആകുവ.
തീയതി:10/07/2014

## കാൻസർ പെൻഷൻ ചട്ടം ഭേദഗതി ചെയ്തു


കാൻസർ രോഗികൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച 09-11-1976ലെ ഉത്തരവിലെ ചട്ടത്തിന് ഭേദഗതി.



ഭർത്താവ്/ഭാര്യ/അച്ഛൻ/അമ്മ/മകൻ എന്നീ ബന്ധുക്കൾ ഉള്ള കാൻസർ രോഗികൾക്ക് പെൻഷൻ നൽകാൻ കഴിയുന്നതല്ല എന്ന വ്യവസ്ഥ (ചട്ടം 3, ഉപചട്ടം3) കാൻസർ രോഗികളായ എല്ലാവർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാൻസർ പെൻഷൻ നൽകുന്നതാണ് എന്ന് ഭേദഗതി ചെയ്തു.

ഉത്തരവ്: സ.ഉ (കൈ) നം.192/2014/ആകുവ.
തീയതി:25/06/2014

## ദേശീയ ഗെയിംസ്: പാരിതോഷികം പ്രഖ്യാപിച്ചു




കേരളം ആതിഥേയത്വം വഹിക്കുന്ന ദേശീയ ഗെയിംസിൽ സംസ്ഥാനത്തെ കായികതാരങ്ങൾക്ക് അവർ നേടുന്ന മെഡലുകൾക്ക് പ്രോത്സാഹനമായി പാരിതോഷികം പ്രഖ്യാപിച്ചു. സ്വർണമെഡൽ നേടുന്നവർക്ക് അഞ്ചുലക്ഷം രൂപയാണ് പാരിതോഷികം. വെള്ളി, വെങ്കല മെഡലുകൾ നേടുന്നവർക്ക് യഥാക്രമം മൂന്ന്, രണ്ട് ലക്ഷം രൂപ നൽകും.

ഉത്തരവ്: സ.ഉ (കൈ) നം. 22/2014/കാ.യു.വ
തീയതി: 30/06/2014

## പാലക്കാട് മെഡിക്കൽ കോളേജ്-സീറ്റ് സംവരണം

പട്ടികജാതി വികസനവകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള പാലക്കാട് മെഡിക്കൽ കോളേജിലെ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റഗ്രേറ്റഡ് മെഡിക്കൽ സയൻസ്, പാലക്കാട്) വിദ്യാർഥി പ്രവേശനത്തിനുള്ള സീറ്റ് സംവരണം സംബന്ധിച്ച് ഉത്തരവായി. 2014-15ൽ 100 വിദ്യാർഥികൾക്ക് പ്രവേശനം നൽകി ഒന്നാം വർഷ എം.ബി.ബി.എസ് കോഴ്സ് തുടങ്ങുന്നതിനാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം നൽകിയിരിക്കുന്നത്. ഇതനുസരിച്ച് 70 ശതമാനം സീറ്റ് പട്ടികജാതി വിദ്യാർഥികൾക്കും രണ്ട് ശതമാനം സീറ്റ് പട്ടികവർഗ വിദ്യാർഥികൾക്കായും നീക്കിവെച്ചിരിക്കുന്നു. ബാക്കിയുള്ള 28 സീറ്റുകളിൽ എസ്.ഇ.ബി.സി സംവരണത്തിന് എട്ടു സീറ്റും പൊതുമെറിറ്റിൽ 20 സീറ്റും ഉൾപ്പെടുത്തിയിരിക്കുന്നു.

ഉത്തരവ്: സ.ഉ (കൈ) നം.45/2014/പജപവവിവ.
തീയതി:19/07/2014


■ എം. ശ്രീനാഥൻ

പദപാഠം
വാക്കിന്റെ
കേൾക്കാക്കഥകളിലേക്കൊരു
സഞ്ചാരം

# അങ്ങാടിയിൽ തോറ്റതിന്



ഭാഷയുടെ വികാസപരിണാമത്തിൽ പ്രകടമാകുന്ന ഒട്ടേറെ സംഗതികളുണ്ട്. അവയിലൊന്ന് പദങ്ങളുടെ അവസ്ഥാന്തരമാണ്. കാലക്രമേണ പദങ്ങൾക്ക് രൂപത്തിലും ഭാവത്തിലും മാറ്റം വരാറുണ്ട്. ഒപ്പം, അവയുടെ പ്രയോഗത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലും പ്രധാനമാണ്. സജീവമായ പ്രയോഗ സന്ദർഭമുണ്ടായിരുന്ന ഒരു പദത്തിന് പ്രയോഗപരിസരം ക്രമേണ ശുഷ്കമാവുകയും അത് മൃതാവസ്ഥ പ്രാപിക്കുന്നതും സ്വാഭാവികമാണ്. പരമ്പരാഗത പ്രയോഗസന്ദർഭങ്ങൾ കുറഞ്ഞാലും അതിജീവിക്കുന്ന വാക്കുകളുമുണ്ട്. പുതിയ പ്രയോഗ സന്ദർഭത്തിൽ കടന്നുകൊണ്ടോ മറ്റേതെങ്കിലും സാഹചര്യത്തിൽ സംരക്ഷിക്കപ്പെടുന്നതുകൊണ്ടോ അതിജീവനം സാധ്യമാകുന്നു. സുഷുപ്തിയടയാതെ കാലസാക്ഷിയായി അതിജീവനം ചെയ്യുന്ന ഒരു പദത്തെ ഈ മാസത്തിലെ പദപാഠത്തിലൂടെ പരിചയപ്പെടാം. പ്രയോഗസന്ദർഭങ്ങളുടെ വരൾച്ച അനുഭവിക്കുന്നുണ്ടെങ്കിലും പൂർണമായി മൃതിത്തൂലികയിൽപ്പെടാതെ അതിജീവനം നടത്തുന്ന ഒരു പദമാണ് 'അങ്ങാടി'. അങ്ങാടിയെക്കുറിച്ചുള്ള അന്വേഷണം അതിന്റെ സാംസ്കാരികത തുറന്നിടുന്നു.





‘അങ്കാടി’ എന്ന പഴന്തമിഴ് (പൂർവ തമിഴ് മലയാള ഭാഷ) വാക്കിന്റെ പിൽക്കാല മലയാള രൂപമാണ് അങ്ങാടി. മലയാള ഭാഷാരൂപീകരണ വുമായി ബന്ധപ്പെട്ട് എ.ആർ. രാജരാജവർമ്മ അവതരിപ്പിച്ച ആറു നയങ്ങളിൽ ഒന്നായ അനുനാസികാതിപ്രസരം വഴി പഴന്തമിഴ് ‘ങ്ക’ മലയാളത്തിൽ ‘ങ്ങ’യായി പരിണമിച്ചുവെന്നതിന്റെ ഫലമാണ് അങ്ങാടി. വരിവരിയായുള്ള കച്ചവടസ്ഥാനം, കടകളുടെ തെരുവ്, കട ഇത്യാദി അർഥങ്ങളാണ് അങ്ങാടിക്ക് പൊതുവിലുള്ളത്. ‘ഉണക്ക മരുന്ന്’ എന്ന സവിശേഷമായൊരർഥവും ഇതിനുള്ളതായി കാണാം.

അങ്ങാടിക്ക് മലയാളഭാഷാപരിണാമത്തിൽ ഉള്ളപോലെ കേരള സമൂഹരൂപീകരണത്തിലും പ്രാധാന്യമുണ്ട്. കേരളത്തിന്റെ സാംസ്കാരിക ഭൂപടത്തിൽ ‘അങ്ങാടി’ പിന്നിട്ട കേരളചരിത്രത്തെ അടയാളപ്പെടുത്തുന്നു. മലഞ്ചരക്കുകൾ ശേഖരിച്ച് വിദേശവാണിജ്യം നടത്തിവന്ന തുറമുഖസംസ്കൃതി കേരളത്തിന്റെ വാണിജ്യപൈതൃകമാണ് തുടർന്നത്. കരകേന്ദ്രിതമായി കടത്തെരുവുകൾ രൂപംകൊണ്ടതോടുകൂടി അങ്ങാടി സംസ്കൃതിക്ക് കേരളത്തിൽ തുടക്കമായി. കേരളത്തിന്റെ അങ്ങാടി സംസ്കൃതിയെ അങ്ങാടിയുമായി ബന്ധപ്പെട്ട് പ്രചാരം നേടിയ പദങ്ങളുടെ പരിശോധനയിലൂടെ വ്യക്തമാക്കാനാണിവിടെ ശ്രമിക്കുന്നത്.

സംസ്കൃതത്തിലെ കക്ഷാപടം എന്ന വാക്കിന്റെ തദ്ഭവരൂപമാണ് കച്ചവടം. കച്ചയുടെയും മറ്റും വ്യാപാരം. സാമാനങ്ങളുടെ ക്രയവിക്രയം, ഗോത്രസമൂഹ്യതയിൽ നിന്നുള്ള സാധനങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന പുതിയ സാമൂഹ്യ സാഹചര്യത്തിലേക്കുള്ള സമൂഹത്തിന്റെ മാറ്റം പുതിയ സാംസ്കാരികതയ്ക്ക് അടിത്തറയായി. അങ്ങാടിയിലിരുന്ന് കച്ചവടം നടത്തുന്നവനാണ് അങ്ങാടിക്കാരൻ, അങ്ങാടിയൻ, അങ്ങാടിയാൻ. സാമാനങ്ങൾ വിലയ്ക്കു കൊടുക്കുന്നവനും വിലയ്ക്കുകൊടുക്കാനുള്ള സാമാനമായ അങ്ങാടിച്ചരക്കും, കച്ചവടപ്പുരകളായ അങ്ങാടിപ്പീടികയും ഒക്കെ ചേർന്നതാണ് അങ്ങാടിത്തെരുവുകൾ. അങ്ങാടിയിലെ ചരക്കിന് വിൽപനമൂല്യമുണ്ട്. കേരളത്തിന്റെ സാംസ്കാരികതയെ നിർണയിച്ചതിൽ അങ്ങാടിക്ക് ഏറെ പ്രാധാന്യമുണ്ട്. സാധനങ്ങളുടെ ക്രയവിക്രയാടിസ്ഥാനത്തിലുള്ള സമൂഹ്യക്രമത്തിൽ കച്ചവടക്കാരെന്ന പുതിയൊരുവിഭാഗം രൂപംകൊണ്ടു.


അങ്ങാടിയിലെ കടയുടെ കരം, അങ്ങാടിക്കൂലിയായി, അങ്ങാടി ഭോഗമായി. അങ്ങാടി സാധനങ്ങളുടെ വിലനിരക്ക് നിശ്ചയിക്കുന്ന സ്ഥാപനമായി. നിരക്കുവില, അങ്ങാടിവില ഇത്യാദി ഉൾക്കൊള്ളുന്ന അങ്ങാടിനിലവാരം പരക്കെ അംഗീകരിക്കപ്പെട്ടു. സാമാനം വാങ്ങാൻ പരിചയമില്ലാത്തതുകൊണ്ട്, ന്യായവില അറിയാത്തതുവഴി വന്നുചേരുന്ന നഷ്ടമാണ് അങ്ങാടിത്തൊലി. അങ്ങാടിയിൽപറ്റുന്ന ഈ പരാജയത്തെ അങ്ങാടിത്തോലീയം എന്നു പറയുന്നു. ലാഭനഷ്ടങ്ങളുടെ സംസ്കാരം രൂപംകൊണ്ടുവെന്നു മാത്രമല്ല, അങ്ങാടിക്കായുള്ള പെരുമാറ്റം അറിയണമെന്നും വന്നു.

അങ്ങാടികൾ പൊതുജീവിതത്തിൽ സ്ഥാനം ഉറപ്പിച്ചതോടെ, ചിലർ തെരുവുകളിൽ അലഞ്ഞുതിരിയുന്ന അങ്ങാടി നമ്പൂതിരിയായി. അങ്ങാടികൾ തോറും തെരുവുനീളെ അലഞ്ഞുതിരിയുന്ന ബാലന്മാർ അങ്ങാടിപ്പിള്ളേരായെന്നു മാത്രമല്ല അങ്ങാടി പിള്ളേരും നാട്ടുപിള്ളേരും ഒപ്പമോ എന്ന പ്രയോഗം രണ്ടുതരം ബാലന്മാരെ സമൂഹത്തിൽ അടയാളപ്പെടുത്തുന്നു. അങ്ങാടിപ്പെണ്ണ് വേശ്യയാണ്. സ്ത്രീകൾ മറ്റൊരു രീതിയിൽ അങ്ങാടിയുടെ ഭാഗമായിരുന്നില്ല. അങ്ങാടിക്കാരി എന്ന പ്രയോഗം ഇല്ലായിരുന്നു. അങ്ങാടിക്കാരനുണ്ടായിരുന്നു താനും.

അങ്ങാടി വന്നതോടെ, അങ്ങാടിവർത്തമാനം സാധാരണയായി. ജനങ്ങൾ ഒത്തുചേരുന്ന പൊതുസ്ഥലത്തെ വർത്തമാനം, പൊതുമണ്ഡലത്തെ അടയാളപ്പെടുത്തുന്നു. ജനശ്രുതി, അങ്ങാടിവാർത്ത, വെറും കേൾവി എന്നിങ്ങനെ വ്യത്യസ്ത രീതിയിൽ ഈ പൊതുമണ്ഡലവ്യവഹാരത്തെ പറയാറുണ്ട്. അങ്ങാടിപ്പാട്ട് നാട്ടുവർത്തമാനമാണ്. സ്വകാര്യമല്ലാത്ത പരസ്യമാണത്.

അങ്ങാടിയിൽ അക്കാലത്ത് വിറ്റിരുന്ന സാധനങ്ങളിൽ പ്രധാനമായി ഭാഷ അവശേഷിപ്പിക്കുന്നത് അങ്ങാടിമരുന്ന് എന്ന വാക്കാണ്. കടകളിൽ കൊണ്ടുവന്നുവെച്ച് വിൽക്കുന്ന ഔഷധി, ഉണക്കമരുന്ന് എന്നിവയെയാണ് അങ്ങാടിമരുന്നെന്നറിയുന്നത്. അങ്ങാടികളിലെ വിപണനം നടത്തിയിരുന്ന വകയിൽ ഇതിനുള്ള പ്രാധാന്യമായിരിക്കാം അങ്ങാടിക്ക് ഉണക്കമരുന്ന് എന്ന സവിശേഷാർഥം നല്കിയത്. അങ്ങാടി മരുന്നുകൾ ഇട്ടുവെക്കാൻ ചെറുകള്ളികളുള്ള അങ്ങാടിപ്പെട്ടികളുണ്ടായിരുന്നു. വല്ലവരും ചെയ്ത കുറ്റത്തിന് സ്വന്തം ആൾക്കാരോട് പരിഭവിക്കുന്നതിനെ ‘അങ്ങാടിയിൽ തോറ്റതിന് അമ്മയോട്’ എന്നാണ് പറയുക.

ഗുജറാത്തിയിലെ ‘കമ്പുകള’മാണ് ഇവിടത്തെ കമ്പോളം. അങ്ങാടി പ്രയോഗം ക്രമേണ കുറയുകയും കമ്പോളം കൂടുതൽ സാർവത്രികമാവുകയും ചെയ്തിട്ടുണ്ട്. പിൽക്കാലത്ത് മാർക്കറ്റ്, മാൾ, ബസാർ, ഷോപ്പ് എന്നിങ്ങനെ പലപദങ്ങളും പ്രസിദ്ധമായിട്ടുണ്ട്. അങ്ങാടിയുടെ പ്രചാരം പഴയതുപോലെ ഇല്ലെങ്കിലും സ്ഥലനാമങ്ങളിൽ അങ്ങാടി സജീവസാന്നിധ്യം നിലനിർത്തുന്നുണ്ട്. പഴയങ്ങാടി, നടുവിലങ്ങാടി, പുതിയങ്ങാടി എന്നിങ്ങനെ ഒട്ടേറെയുണ്ട്. അങ്ങാടിയുടെ കഥ ഒരു വാക്കിന്റെ അതിജീവനത്തെ സാക്ഷ്യപ്പെടുത്തുന്നു. ■



■ ഹരിദാസൻ



ഭരണഭാഷ

# മാതൃഭാഷ
## മറ്റേതൊരു ഭാഷയുംപോലെയല്ല

ശബ്ദശാസ്ത്രപരമായും അർഥശാസ്ത്രപരമായും വ്യാകരണപരമായും സാഹിത്യശാസ്ത്രപരമായും മലയാളത്തിൽ ഗ്രന്ഥങ്ങളുണ്ട്. എന്നാൽ മാതൃഭാഷയും സമൂഹവുമായുള്ള ബന്ധത്തെ വെളിപ്പെടുത്തുന്ന, നാടും നാടിന്റെ ഭാഷയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ പ്രകാശിപ്പിക്കുന്ന കൃതികൾ മലയാളത്തിൽ തുലോം വിരളമാണ്. മാതൃഭാഷയും ജനതയുമായുള്ള സാമൂഹികശാസ്ത്രപരമായ ബന്ധം നമുക്കിപ്പോഴും ദഹിക്കാൻ പ്രയാസമായ പരികല്പനയാണ്. ഏതു ഭാഷയായാലെന്താ ആശയവിനിമയം നടന്നാൽ പോരേ എന്നമട്ടാണ് നാം തുടർന്നുവരുന്നത്. നാടും ജനതയും ഭാഷയുമായുള്ള ഇഴയടുപ്പത്തിന്റെ പ്രത്യയശാസ്ത്രപരമായ ധാരണകൾ നൽകുന്ന ഉത്തമഗ്രന്ഥമാണ് പി. പവിത്രന്റെ 'മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം'. ഈ വഴിക്കുള്ള മലയാളത്തിലെ ആദ്യ ഗ്രന്ഥം മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച കെ. സേതുരാമൻ ഐ.പി.എസ്സിന്റെ 'മലയാളത്തിന്റെ ഭാവി' എന്ന ഗ്രന്ഥമാണ്.

മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം, മാതൃഭാഷയുടെ ദേശീയ-അന്തർദേശീയ മാനങ്ങൾ, ഭരണഘടനയും തത്വചിന്തയും അനുബന്ധം എന്നിങ്ങനെ ഏഴു ഭാഗങ്ങളായി തിരിച്ചിട്ടുള്ള 'മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം' എന്ന ഗ്രന്ഥം ഈ വിഷയത്തിൽ സമഗ്രമായ അറിവുകൾ പങ്കുവെക്കുന്നുണ്ട്. മാതൃ-ഭാഷയെന്നത് മലയാളത്തിൽ ഒരു ജ്ഞാനശാഖയായി മാറുന്നത് നാം ഈ കൃതിയിലൂടെ അറിയുന്നു. മലയാളി അവഗണിച്ചിട്ടിരുന്ന ചേറ്റിൽപ്പുതഞ്ഞ മാണിക്യത്തെ തുടച്ചുമിനുക്കി നമുക്ക് കാഴ്ചവെക്കുകയാണ് പി. പവിത്രൻ.

ആദ്യഭാഗത്തിലെ ആദ്യലേഖനം 'ഭാഷാനവോത്ഥാനം, ജനാധിപത്യം' - ഭാഷ വെറും ഉപകരണമല്ല എന്ന ആധുനിക സങ്കല്പത്തെ മുന്നോട്ടുവെക്കുന്നു. ലോകനവോത്ഥാനത്തിന്റെ ആദ്യനായകൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന ദാന്തെയെ മുൻനിർത്തി, മാതൃഭാഷ-ജനിതക സങ്കല്പമല്ല അത് സമൂഹികസങ്കൽപമാണ് എന്ന ശാസ്ത്രീയ സമീപനം പവിത്രൻ മുന്നോട്ടുവെക്കുമ്പോൾ അത് മലയാളിക്ക് പുതിയ വായനാനുഭവമായിത്തീരുന്നു. തുടർന്ന് അദ്ദേഹം ഇങ്ങനെ നിലപാട് വ്യക്തമാക്കുന്നു: 'ഭാഷ ബോധപൂർവമായ പ്രക്രിയ മാത്രമാണ് എന്നു ധരിക്കുന്നവരാണ് അന്യഭാഷയും മാതൃഭാഷയും തമ്മിൽ ഭേദമില്ല എന്നു വിചാരിക്കുന്നത്. ഭാഷ ജന്മസിദ്ധമാണെന്നും ജനിതകമാണെന്നും ധരിക്കുന്നതിന്റെ മറുവശമാണ് അത് ബോധപൂർവം മാത്രമാണെന്ന ധാരണയും." അതുകൊണ്ടുതന്നെ മാതൃഭാഷ സൗന്ദര്യാത്മകവും വൈകാരികവുമാണ്. മാതൃഭാഷാപരമായ വിദ്യാഭ്യാസം വൈകാരിക വിദ്യാഭ്യാസവുമാണ്.

### സാമൂഹിക നീതിക്ക് മാതൃഭാഷ

'ഭാഷാ ചരിത്രത്തിൽ പുതിയ അധ്യായം' എന്ന ലേഖനം ഭാഷയ്ക്കായി ഇറങ്ങിയ ഉത്തരവുകളെയും അതിനിടയാക്കിയ സ്മരണകളെയും പരാമർശിക്കുന്നതുകൂടാതെ മാതൃഭാഷയും അന്യഭാഷകളും തമ്മിലുള്ള വ്യത്യാസവും ചർച്ചചെയ്യുന്നു. പ്രൊഫഷണൽ കോഴ്സുകളിൽ ഉൾപ്പെടെ മാതൃഭാഷാപഠനത്തിന്റെ യുക്തിയും പ്രാധാന്യവും വ്യക്തമാക്കുന്നു. സാങ്കേതിക മികവിനൊപ്പം സാമൂഹികനീതിയുടെ നനവുപരക്കാൻ മാതൃഭാഷ അത്യന്താപേഷിതമാണ്. 19 ാം നൂറ്റാണ്ടിൽ മുസ്ലീം സമുദായത്തിൽ നിന്ന് കേരളത്തിൽ മുഴങ്ങിയ മക്തി തങ്ങളുടെ ശബ്ദം മലയാളത്തിനുവേണ്ടിയുള്ള ആദ്യകാല പോരാളിയുടെ ശബ്ദമായിരുന്നു. ദാന്തെയും ലൂഥറും മുതൽ ലോകനവോത്ഥാനത്തിന്റെയും മതനവീകരണത്തിന്റെയും ഭാഗമായി ഉന്നയിച്ച കാര്യങ്ങൾ തന്നെയാണ് കേരളീയ പരിസരത്ത് മക്തി തങ്ങൾ മുന്നോട്ടുവെച്ചത്. 'മാതൃഭാഷ മാത്രമല്ല, മലയാളിയെ ഇസ്ലാമാക്കുന്ന ഗുരുഭാഷയുമായ മലയാളം പഠിക്കായ്കയാൽ വേദാഭ്യാസം ദോഷപ്പെടുന്നു. ഈമാൻ നഷ്ടപ്പെടുന്നു' എന്ന് അർഥശങ്കയ്ക്കിടയില്ലാതെ വ്യക്തമാക്കിയ പണ്ഡിത ശ്രേഷ്ഠനാണ് മക്തി തങ്ങൾ. ദൈവരാജ്യത്തു പ്രവേശിക്കാൻ സ്വന്തം മാതൃഭാഷയിലൂടെതന്നെ മതപഠനം നടത്തണം എന്നദ്ദേഹം ആത്മാർഥമായി വിശ്വസിച്ചു.

ഭാഷാമരണം അപനിർമിക്കപ്പെടുമ്പോൾ, ഭാഷയും മൂന്നാംലോകവും ബെൻ യഹൂദയും ഹീബ്രുവിന്റെ ആധുനികീകരണവും ഫെബ്രുവരി 21 ലോകമാതൃഭാഷാദിനം എന്നിങ്ങനെ പ്രൗഢമായ നാലുലേഖനങ്ങളാണ് രണ്ടാം ഭാഗത്തിൽ. 1972 മുതൽ 2000 വരെ അലാസ്കാ നാട്ടുഭാഷാകേന്ദ്രത്തിന്റെ ഡയറക്ടറായി പ്രവർത്തിച്ച മൈക്കേൽ ക്രൗസ് ആണ് ഭാഷാസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ആഗോളമായി അവബോധമുണ്ടാക്കാൻ വലിയ ശ്രമങ്ങൾ നടത്തിയത്. 1919 ൽ അദ്ദേഹം ഭാഷകൾ നേരിടുന്ന ഭീഷണിയെക്കുറിച്ച് അമേരിക്കൻ ലിംഗ്വിസ്റ്റിക് സൊസൈറ്റിയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഇതിന്റെ ഫലമായി 1992 ൽ ക്യൂബെക്കിൽ നടന്ന അന്താരാഷ്ട്ര ഭാഷാശാസ്ത്ര കോൺഗ്രസ് യുനെസ്കോയോട് ഭാഷാമരണങ്ങളെ ചെറുക്കാൻ നടപടിയെടുക്കണമെന്ന് അഭ്യർഥിച്ചു. ഏതെങ്കിലും ഒരു ഭാഷയുടെ തിരോധാനം പോലും മനുഷ്യവംശത്തിന് ഒരിക്കലും തിരിച്ചുപിടിക്കാനാവാത്ത വലിയ നഷ്ടങ്ങളാണ് ഉണ്ടാക്കുന്നത്. കാരണം ഓരോ ജനതയുടെയും നാടിന്റെയും നൂറ്റാണ്ടുകളായുള്ള സഞ്ചിതമായ അറിവിന്റെയും സംസ്കാരത്തിന്റെയും ശേഖരമാണ് ഓരോ ഭാഷയും.

ഇങ്ങനെ 1990 കളോടെ 'ഭാഷാമരണം' എന്ന സങ്കല്പം ആഗോളതലത്തിൽ വമ്പിച്ച ശ്രദ്ധപിടിച്ചുപറ്റി. 1993 ൽ യുനെസ്കോയുടെ ജനറൽ അസംബ്ലി അപകടത്തിലായ ഭാഷകൾക്കുവേണ്ടിയുള്ള ഒരു പദ്ധതി മുന്നോട്ടുവെച്ചു. 1995 ൽ ടോക്കിയോ സർവകലാശാലയിൽ അപകടത്തിലായ ഭാഷകൾക്കുവേണ്ടി ഒരു പഠനകേന്ദ്രം തുറന്നു. 'ഭാഷയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭാഷാശാസ്ത്രപരമായ പരിചയം മാത്രം മതിയാവുകയില്ല. ഭാഷാസംരക്ഷണപ്രവർത്തനം ശരിയായി നടക്കണമെങ്കിൽ ഭാഷാശാസ്ത്രജ്ഞൻ രാഷ്ട്രീയവും സാമൂഹികവുമായ ശേഷി ആർജിക്കണം.' ഡോണഗാർഡ്ത്തിന്റെ ഈ അഭിപ്രായം ഭാഷാസംരക്ഷണം ഒരു രാഷ്ട്രീയ പ്രവർത്തനമായി മാറണമെന്ന് ചൂണ്ടിക്കാട്ടുന്നു. രാഷ്ട്രത്തെ നയിക്കാൻ രാഷ്ട്രീയത്തിനും രാഷ്ട്രീയക്കാർക്കും കഴിയണമെങ്കിൽ അവർ രാഷ്ട്രത്തിന്റെ ഭാഷയെയും സംരക്ഷിക്കണം എന്നു ചുരുക്കം. ഭാഷയില്ലെങ്കിൽ രാഷ്ട്രം തന്നെ ഇല്ലല്ലോ.

ആൽബർട്ട് എച്ച്.വൈ. പെൻ ഭാഷാപരമായ മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള തത്വചിന്ത (The philosophy of language rights)

എന്ന പ്രബന്ധത്തിൽ ഭാഷ മരിക്കുകയല്ല ഭാഷയെ കൊല്ലുകയാണ് എന്നു ചൂണ്ടിക്കാട്ടുന്നു. ടോവ് സ്കട്നാബ്-കാംഗാസ് എന്ന ഭാഷാപ്രവർത്തക ഭാഷാപരമായ വംശഹത്യ എന്നാണ് വിശേഷിപ്പിക്കുന്നത്. വംശീയവിവേചനം, ലൈംഗികവിവേചനം, വർഗവിവേചനം എന്നിവപോലെ തന്നെയാണ് ഭാഷാവിവേചനവും (Linguicism) എന്നവർ പറയുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ മലയാളം പറഞ്ഞാൽ തല മൊട്ടയടിക്കുന്നത് ഭാഷാവിവേചനമാണ്. ഇത്തരം പ്രവർത്തനങ്ങളുടെ അത്യന്തികഫലം ഭാഷാവധമാണ്. ഇതൊരു മനുഷ്യാവകാശപ്രശ്നമായി എടുക്കാൻ നാം ഇനിയും അമാന്തിച്ചുകൂട.

## മൂന്നാം ലോക സാഹചര്യം

"സ്കൂൾ പരിസരത്ത് എവിടെയെങ്കിലും വെച്ച് ഗികുയു ഭാഷയിൽ സംസാരിച്ചു എന്ന കുറ്റത്തിന് പിടിക്കപ്പെടുന്നത് ഏറ്റവും തരംതാണ ലജ്ജാവഹമായ അനുഭവങ്ങളിലൊന്നായി മാറി. കുട്ടികൾക്ക് ശാരീരിക പീഡ നൽകിയിരുന്നു. നഗ്നമായ ചന്തിയിൽ ചൂരൽവടി മൂന്നു മുതൽ അഞ്ചുവരെ ശക്തിയോടെ പതിക്കും. അല്ലെങ്കിൽ ഞാൻ വിഡ്ഢിയെന്നോ കഴുതയെന്നോ എഴുതിയ ഒരു പരന്നകല്ല് കഴുത്തിൽ കെട്ടിത്തൂക്കി നടത്തിക്കും.." (ഗൂഗിവാതിഓംഗോ, മനസ്സിന്റെ അപകോളനീകരണം). കെനിയൻ എഴുത്തുകാരനായ എൻഗൂഗിയുടെ ഈ നിരീക്ഷണം ഏതെല്ലാം സമൂഹങ്ങൾക്ക് ബാധകമാണ്. പവിത്രൻ വ്യക്തമാക്കുന്നതിങ്ങനെയാണ്, യൂറോപ്പിൽ തദ്ദേശീയരായ ഒരു വിദ്യാർഥിക്കും ഈ അവസ്ഥ അനുഭവിക്കേണ്ടിവരില്ല. മാതൃഭാഷ പ്രയോഗിക്കുന്നത് കുറ്റകരമായിത്തീരുന്ന ഈ സാഹചര്യത്തെ നമുക്ക് മൂന്നാംലോക സാഹചര്യമെന്നുവിളിക്കാം. തുടർന്ന് ഗ്രന്ഥകർത്താവ് ഇങ്ങനെ നിരീക്ഷിക്കുന്നു: "ഏറ്റവും അടിസ്ഥാനപരമായ പരിഗണന അർഹിക്കുന്നതാണ് ഭാഷയുമായി ബന്ധപ്പെട്ട ഈ പ്രശ്നം. എന്നിട്ടും ഇതിനെക്കുറിച്ച് നമ്മുടെ ഭാഷാപഠനത്തിലോ സംസ്കാരപഠനത്തിലോ യാതൊരു പരാമർശവുമില്ല. ഭാഷകൾ തമ്മിലുള്ള അധികാരബന്ധത്തെ അവർ ഗൗനിക്കാതിരുന്നതിനുകാരണം യൂറോപ്യൻ ഭാഷാസമൂഹങ്ങൾക്കകത്ത് അത് അനുഭവപ്പെടാത്തതാണ്. ഓക്സ്ഫോഡിലോ കേംബ്രിഡ്ജിലോ ഉള്ള ഭാഷാപഠനത്തിലെ പാഠ്യപദ്ധതിയിൽ ഇതുകടുന്നുവരാത്തതാണ് നമ്മളും ഈ വിഷയം ഗൗരവത്തിലെടുക്കാതിരിക്കാൻ കാരണം". എത്ര തെളിമയാർന്ന സത്യദർശനം.

'ബെൻ യഹൂദയും ഹീബ്രുവിന്റെ ആധുനികീകരണവും' എന്ന ലേഖനം ആവേശകരമാണ്. മൃതാവസ്ഥയിൽ നിന്നും കരകയറി ജീവൽഭാഷയായിത്തീർന്ന ഒരേയൊരു ഭാഷയേ ലോകത്തുള്ളൂ അത് ഹീബ്രുവാണ്. ഹീബ്രുവിന്റെ തിരിച്ചുവരവിനുകാരണക്കാരൻ എലിസർബെൻ യഹൂദ (1858 –1922) എന്ന സ്കൂൾ അധ്യാപകനാണ്. ചരിത്രപരമായ കാരണങ്ങളാൽ സ്വന്തം മണ്ണ് നഷ്ടപ്പെട്ട് ലോകമാകെ ചിതറിയ യഹൂദജനതയെ ഒരുമിപ്പിക്കാനും 1948 ൽ ഇസ്രയേൽ എന്ന രാഷ്ട്രം സ്ഥാപിതമാകാനും ഇടയായത് 1924 ൽ സ്ഥാപിതമായ ഹീബ്രു സർവകലാശാലയാണ് എന്നു പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് ഒരു സർവകലാശാലയുടെ ശക്തിയെയാണ്. ഒരു ഭാഷയുടെ ശക്തിയെയാണ്. ഒരു ജനതയെ ആകമാനം ഐക്യപ്പെടുത്താനും ശക്തമായ ഒരു രാഷ്ട്രം പടുത്തുയർത്താനും ആ ഭാഷയ്ക്കും സർവകലാശാലയ്ക്കും കഴിഞ്ഞു. ഇതിൽപ്പരം എന്ത് തെളിവാണ് ഭാഷയ്ക്കും സർവകലാശാലയ്ക്കും വേണ്ടത്. അതും മൃതാവസ്ഥയിൽ നിന്ന് കരകയറിവന്ന ഭാഷയെ ശരിയായ ആസൂത്രണത്തിലൂടെ ഭാഷയെ സംരക്ഷിക്കാനും അൽഭുതങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്ന് ഹീബ്രുവും ഹീബ്രു സർവകലാശാലയും നമുക്ക് കാട്ടിത്തരുന്നു.

ഫെബ്രുവരി 21 ലോക ഭാഷാദിനം, മലയാളത്തിനുവേണ്ടതു ലോകഭാഷാപദവി, മാതൃഭാഷയിലൂന്നി കേരളത്തിന്റെ വികസനം, ചങ്ങമ്പുഴപുറത്ത് പൗരധർമം അകത്ത്, ഡോക്ടർമാരുടെ രോഗം, ഭാഷയും തത്വചിന്തയും, ഭാഷയോടുള്ള സമീപനങ്ങൾ, മാതൃഭാഷാസംഘടനകൾ, ഒന്നാം ഭാഷ-കമ്മിറ്റികൾ, റിപ്പോർട്ടുകൾ, ഉത്തരവുകൾ, പദകോശം തുടങ്ങി ഭാഷാസംബന്ധമായ വൈവിധ്യമാർന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഈ കൃതി ഓരോ ഭാഷാസ്നേഹിയും സ്വന്തമാക്കി, വായിച്ചു പഠിക്കേണ്ടതാണെന്നതിൽ സംശയമില്ല. മലയാളിയുടെ ഭാഷാസംരക്ഷണപ്രവർത്തനങ്ങൾക്ക് ഈ ഗ്രന്ഥം പ്രത്യയശാസ്ത്രപരമായ കരുത്തുനൽകുന്നു.


ഒരുകാര്യം സൂചിപ്പിക്കാതെ വയ്യ, ഈ കൃതിയിൽ ഉപയോഗിച്ചിരിക്കുന്നത് 1969 ന് മുമ്പ് അച്ചടിയിലുണ്ടായിരുന്ന ലിപിയാണ്. ഏതൊരു ഭാഷയും സങ്കീർണതയിൽനിന്ന് ലാളിത്യത്തിലേക്ക് ലിപിപരമായും വ്യാകരണപരമായും വളരുക സ്വാഭാവികമാണ്.

> നാം ഇന്നത്തെയും നാളത്തെയും തലമുറകൾക്കുവേണ്ടിയാണ് ഭാഷാപരിഷ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ദീർഘവും ഇകാരചിഹ്നവും എകാരചിഹ്നവും ഒകാരചിഹ്നവും ഐകാരചിഹ്നവും ഔകാരചിഹ്നവും പഴയലിപിവ്യവസ്ഥയിൽ വേറിട്ടാണ് നിൽക്കുന്നത്. അതുപോലെ ഉ, ഊ കാരചിഹ്നങ്ങളും ഋകാരചിഹ്നവും വേറിട്ടുനിൽക്കുന്നതുകൊണ്ട് ഭാഷയ്ക്കും ദോഷമല്ല ഗുണമാണുണ്ടാകുന്നത്.

ലോകത്തൊരു ഭാഷയും പിറന്നപടി നിലനിൽക്കുകയല്ല ചെയ്യുന്നത്. ഷേക്സ്പിയർ കാലത്തുനിന്ന് ഇംഗ്ലീഷ് ഭാഷ വർണപരമായും പദപരമായും വാക്യപരമായും എത്രയോ വളർന്നാണ് ഇന്നത്തെ ലോകബന്ധഭാഷയായിത്തീർന്നത്. ഒരു തിരിച്ചുപോക്ക് ഇനി അതിനുണ്ടാവുകയില്ല. തിരിച്ചുപോക്ക് ഒന്നിന്റെയും വളർച്ചയെ കാണിക്കുന്നുമില്ല. 40 വയസ്സിനു താഴെയുള്ള മലയാളിക്ക് പരിചയം ഇപ്പോൾ നിലവിലുള്ള അച്ചടിലിപിയാണ്. നാം ഇന്നത്തെയും നാളത്തെയും തലമുറകൾക്കുവേണ്ടിയാണ് ഭാഷാപരിഷ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ദീർഘവും ഇകാരചിഹ്നവും എകാരചിഹ്നവും ഒകാരചിഹ്നവും ഐകാരചിഹ്നവും ഔകാരചിഹ്നവും പഴയലിപിവ്യവസ്ഥയിൽ വേറിട്ടാണ് നിൽക്കുന്നത്. അതുപോലെ ഉ, ഊ കാരചിഹ്നങ്ങളും ഋകാരചിഹ്നവും വേറിട്ടുനിൽക്കുന്നതുകൊണ്ട് ഭാഷയ്ക്കും ദോഷമല്ല ഗുണമാണുണ്ടാകുന്നത്. ഓരോ അക്ഷരത്തോടും ഓരോതരത്തിൽ ഉകാരചിഹ്നം ചേർത്തു പല ലിപികൾ ഉണ്ടാക്കി വീണ്ടും സങ്കീർണമാക്കുന്നത് പുതിയതലമുറയെ ആശയക്കുഴപ്പത്തിലാക്കുകയേ ഉള്ളു. പുതിയ ലിപിവ്യവസ്ഥയ്ക്കനുസരിച്ച് പുതിയ വ്യാകരണവ്യവസ്ഥകളും (സന്ധികാര്യങ്ങളിലും മറ്റും) ആവിഷ്കരിച്ചാൽ മലയാളത്തിന്റെ ചൈതന്യം വർധിക്കും.

സംസ്കൃതത്തിൽ ചില്ലക്ഷരങ്ങളില്ല. മലയാളത്തിൽ ൽ, ർ, ൺ, ർ, ൻ എന്നിങ്ങനെ ചില്ലുകളുണ്ട്. സംസ്കൃതത്തിന്റെ പരിമിതിയാണ് ൽ എന്നു കാട്ടാൻ ലയുടെ പകുതി ഉപയോഗിക്കുന്നത്. ഇതുപോലെ എല്ലാ ചില്ലക്ഷരശബ്ദവും അവർ സമാനമായ വ്യഞ്ജനാക്ഷരത്തെ മുറിച്ച് എഴുതിക്കാട്ടുന്നു. ഈ പരിമിതി മലയാളം പിന്തുടരേണ്ടതില്ല. നമുക്ക് ചില്ലക്ഷരങ്ങൾ ഉണ്ടല്ലോ. അതുകൊണ്ടുതന്നെ പഴയപോലെ 'തല്ക്കാലം', 'നിലനില്ക്കുക' എന്നെഴുതാതെ നമ്മുടെതായ രീതിയിൽ 'തൽക്കാലം' എന്നും 'നിലനിൽക്കുക' എന്നും പ്രയോഗിക്കുന്നതിൽ അഭിമാനിക്കുകയാണ് വേണ്ടത്. മാത്രമല്ല, പഴയതിലേക്കു പോകുമ്പോൾ പൂർണമായും പഴയത് വീണ്ടെടുക്കാൻ നമുക്ക് കഴിയാതെവരുന്നു. പഴയ ലിപിവ്യവസ്ഥയിൽ 'നിർമിക്കപ്പെടുമ്പോൾ എന്നല്ല 'നിർമ്മി'ക്കപ്പെടുമ്പോൾ എന്നാണ് വരേണ്ടത്. കൃതിയുടെ എൺപത്തിരണ്ടാം പേജിൽ 'ഭാഷാമരണം അപനിർമിക്കപ്പെടുമ്പോൾ' എന്നാണ് ചേർത്തിട്ടുള്ളത്. അതുപോലെ പലയിടത്തും 'സർവകലാശാല' എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. അത് പുതിയലിപി പ്രകാരമുള്ളതാണ്. പഴയരീതിയിൽ 'സർവ്വകലാശാല' എന്ന് 'വ' ഇരട്ടിക്കേണ്ടതാണ്. അതായത് ഇനിയും നാം പഴയതിലേക്കു പോയാൽ അത് പൂർണമാകില്ല. പഴയതും പുതിയതും ചേർന്ന രണ്ടുംകെട്ട അവസ്ഥ ഭാഷയ്ക്ക് ഉണ്ടാകാതിരിക്കുന്നതാണ് നല്ലത്. 'പിന്തിരിഞ്ഞുനടന്നീടാൻ ആകാതുള്ളൊരു യാത്രയാണ്' ഭാഷയ്ക്കുള്ളത് എന്നു ചിരുക്കം. ■

■ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)



# സ്വയം സാക്ഷ്യപ്പെടുത്തലിലെ ജനപക്ഷ മാതൃക

സർക്കാർ ഓഫീസുകളിലെ ചുവപ്പുനാടയെ പറ്റിയുള്ള പരാതി സ്ഥിരമായി കേൾക്കുന്നതാണ്. സാധാരണ ജനതയുടെ ജീവിതത്തെ മാറ്റിമറിക്കുന്ന തീരുമാനങ്ങൾ എടുക്കേണ്ട ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസമാണ് ഏറെയും വിമർശനങ്ങൾ ഏറ്റുവാങ്ങുന്നത്. അവരുടെ പൊള്ളുന്ന ജീവിതപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഫയലുകൾക്കുമേൽ സർക്കാർ ഉദ്യോഗസ്ഥർ അടയിരിക്കുകയാണ് എന്ന ആവലാതികൾക്ക് ഒരുപരിധിവരെ പരിഹാരം കാണാൻ കൂടിയായിരുന്നു എന്റെ രണ്ടു ജനസമ്പർക്ക പരിപാടികളും. അവ വലിയൊരളവോളം വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു എന്നാണ് എല്ലാ ജില്ലകളിലെയും പങ്കാളിത്തത്തിലെ അഭൂതപൂർവമായ ജനസാന്നിധ്യവും മാധ്യമങ്ങളുടെ റിപ്പോർട്ടുകളും തെളിയിച്ചത്. രാവേറെച്ചെല്ലുവോളം നീണ്ട പരിപാടികളിലൂടെ പരാതിക്കാർക്ക് ആശ്വാസമേകുന്ന ഒട്ടനവധി നടപടികൾ ചുവപ്പുനാടയുടെ കെട്ടഴിച്ചുകൊണ്ട് ലഭ്യമാക്കാൻ അന്ന് കഴിഞ്ഞു.

എന്നാൽ കാലതാമസം മാത്രമല്ല നടപടിക്രമങ്ങളുടെ സങ്കീർണതകളും പലപ്പോഴും ജനങ്ങൾക്ക് ആയാസമുണ്ടാക്കുന്നു. പലപല ഓഫീസുകളിൽനിന്നായി പലതരം സാക്ഷ്യപത്രങ്ങൾക്കും രേഖകൾക്കുമായി കയറിയിറങ്ങേണ്ടി വരുന്നത് പൗരരെ, പ്രത്യേകിച്ചും സാധാരണക്കാരെ, വലയ്ക്കുന്നുണ്ടെന്ന യാഥാർഥ്യം അംഗീകരിച്ചേ മതിയാവൂ. പലപ്പോഴും അധികാര ദുർവിനിയോഗത്തിനും അഴിമതിക്കും ഈ സങ്കീർണതകൾ കാരണമാവുന്നു. രണ്ടാം ഭരണപരിഷ്കാര കമ്മിഷന്റെ 12-ാം പഠനറിപ്പോർട്ട് നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് ആവശ്യപ്പെട്ടതും ഇവിടെ ശ്രദ്ധേയമാണ്.

ഏതൊരു സർക്കാറിനും നിയമങ്ങൾ പാലിക്കുകയും അപേക്ഷകളുടെ ആധികാരികതയും കൃത്യതയും ഉറപ്പു വരുത്തുകയും ചെയ്യേണ്ടതുള്ളതിനാൽ അവയെയെല്ലാം ഒഴിവാക്കാനാവില്ല. എന്നാൽ സാധ്യമായിടത്തോളം ലഘൂകരണങ്ങൾ വരുത്തിക്കൊണ്ട് നടപടിക്രമങ്ങൾ ജനസൗഹൃദമാക്കാം. അതിന്റെ ഭാഗമായാണ് ഇതുവരെ നിശ്ചിത ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടിയിരുന്ന സത്യവാങ്മൂലവും രേഖകളും ഇനിമുതൽ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയെന്ന പുതിയ ഉത്തരവിറക്കിയത്. പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ മാത്രം ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ നൽകിയാൽ മതിയാകും. അന്തിമഘട്ടത്തിൽ അസ്സൽ രേഖകൾ പരിശോധിക്കുന്നതിനാൽ ആധികാരികത ഉറപ്പ് വരുത്താൻ അതുമതിയാവും. ലക്ഷക്കണക്കിന് വിദ്യാർഥികൾ ഉൾപ്പെടെയുള്ളവർക്ക് സാക്ഷ്യപ്പെടുത്തലിനായി സർക്കാർ ഓഫീസുകളിൽ കാത്തുനിൽക്കേണ്ട അവസ്ഥ ഇതോടെ ഒഴിവാകുകയാണ്. വിധവ പെൻഷൻ ലഭിക്കുന്നതിന് പുനർവിവാഹം നടന്നിട്ടില്ലെന്ന സർട്ടിഫിക്കറ്റ് നിർബന്ധമില്ലെന്നും പകരം അപേക്ഷക സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്നുമുള്ള 2012-ലെ ഉത്തരവും ഇതിന്റെ മുന്നോടിയായിരുന്നു. ഈ തീരുമാനങ്ങൾ നടപടിക്രമങ്ങൾ കഴിയുന്നിടത്തോളം ജനസൗഹൃദപരമാവണമെന്ന സർക്കാറിന്റെ അഭിലാഷത്തിന്റെ ഉത്തമസാക്ഷ്യങ്ങളാണ്. ■